
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഒക്ടോബർ 2002




## WE WANT PEACE WITH JUSTICE - HIS HOLINESS

## അഭയനികേതൻ - കാരുണ്യത്തിന്റെ ജീവാമൃതം

## കത്തുകൾ

### തിരുവിതാംകോട്:

ആദിമ ക്രൈസ്തവ സങ്കേതങ്ങളിൽ ഒന്നായ തിരുവിതാംകോടു പള്ളിയെക്കുറിച്ചുള്ള എഡിറ്റോറിയലും കൂട്ടുങ്കൽ ഗീവർഗീസു റമ്പാനെക്കുറിച്ചുള്ള ലേഖനവും അഭിനന്ദനമർഹിക്കുന്നു. തിരുവിതാംകോടു പള്ളിയെ സംബന്ധിച്ച് ഭാരതീയ ക്രൈസ്തവർക്കെല്ലാം താത്പര്യമുണ്ടായിരിക്കേണ്ടതാണ്. മുഗൾ ദുർഭരണകാലത്തെ ആക്രമണങ്ങളുടെയും നിർബന്ധിതമതപരിവർത്തനത്തിന്റെയും ഫലമായി എത്രയോ ഭാരതീയ ക്രൈസ്തവകേന്ദ്രങ്ങൾ തകർന്നുപോയി. ആ കൊടുംകാറ്റിൽ നിന്നു രക്ഷപെട്ട ഒരു ദീപനാളമാണ് തിരുവിതാംകോടു പള്ളി. പാലയൂര്, കൊടുങ്ങല്ലൂര്, പറവൂര്, കോതമംഗലം, നിരണം, കൊല്ലം, ചായൽ എന്നിവിടങ്ങളിലെ പള്ളികൾപോലെ അത്യധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് തിരുവിതാംകോടും.

പ്രാധാന്യം കുറഞ്ഞത് അഥവാ ചെറുത് എന്നർത്ഥത്തിലാണോ അതിനെ അരപ്പള്ളിയെന്നുവിളിക്കുന്നത്? തീർച്ചയില്ല. ആദിമനൂറ്റാണ്ടുകളിൽ അരപ്പള്ളി എന്നതിനു ശ്രേഷ്ഠതയുള്ള പള്ളി എന്നായിരുന്നു അർത്ഥം. ഏഴരപ്പള്ളികൾ എന്നു പറയുമ്പോൾ ഏഴു ദിവ്യസമൂഹങ്ങൾ എന്നായിരുന്നു അർത്ഥം.

ഏഴാം നൂറ്റാണ്ടുമുതൽ പൗരസ്ത്യദേശങ്ങളിൽ അനേകം ക്രൈസ്തവ സമൂഹങ്ങൾ നശിപ്പിക്കപ്പെട്ടു. അന്നു തകരാതിരുന്ന സമൂഹങ്ങൾ ദീർഘകാലത്തേക്കു വൈദികരും മെത്രാന്മാരുമില്ലാതെ കഴിയേണ്ടിവന്നു. എ.ഡി. 1599-ൽ ഉദയംപേരൂർ സുന്നഹദോസു നടക്കുമ്പോൾ തിരുവിതാംകോട്ടും തോടമലയിലും അജപാലകരില്ലായിരുന്നുവെന്നു ആ സുന്നഹദോസിന്റെ കാനോനാകളിൽ പറയുന്നു. അന്നേക്ക് 40 വർഷം മുമ്പ് തിരുവിതാംകോടു ക്രിസ്ത്യാനികളിൽ കുറേപ്പേർ ഹിന്ദുക്കളായെന്നും പറയുന്നു. അങ്ങോട്ടു മിഷണറിമാരെ അന്ന് അയയ്ക്കുകയുണ്ടായി. അവർ എത്രനാൾ അവിടെ പിടിച്ചുനിന്നുവെന്നറിവില്ല. 1511-ൽ ബർബോസ എഴുതിയത്, അവിടെ മുഹമ്മദീയരും ഹിന്ദുക്കളും താമസിക്കുന്നുവെന്നാണ്. 1618-ൽ ഒരു പോർത്തുഗീസു മിഷണറി ആ തരിസാ പള്ളിയിൽ ജോലി ചെയ്തു. അവിടത്തെ സമൂഹത്തെപ്പറ്റിയും 60 വയസ്സുള്ളവനും പള്ളിയുടെ സർവകാര്യങ്ങളും നോക്കുന്നവനുമായ ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയെപ്പറ്റിയും അദ്ദേഹം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഒരു കാലത്ത് അർമേനിയൻ ക്രിസ്ത്യാനികളുടെ ഒരു സുപ്രധാന കേന്ദ്രമായിരുന്നു അത്. അവിടെ നിന്ന് അർമേനിയൻ ക്രിസ്ത്യാനികൾ കേരളത്തിന്റെ നാനാ ഭാഗങ്ങളിലേക്കും പലായനം ചെയ്തിട്ടുമുണ്ട്. മൈലാപ്പൂരും ഒരുകാലത്ത് അർമ്മേനിയൻ ക്രിസ്ത്യാനികളുടെ കേന്ദ്രമായിരുന്നു. ഇങ്ങനെ അത്യധികം ചരിത്രപ്രാധാന്യമുള്ള ഒരു കേന്ദ്രമാണത്. ഭാരതീയ ക്രൈസ്തവരുടെ ഏറ്റവും പഴക്കമുള്ള സ്മാരകമാണ് 4-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ആ ദേവാലയം. അത് ഇനി നശിക്കാൻ ഇടവരരുത്. വേണ്ടി വന്നാൽ അതിനടുത്ത് വലിയൊരു പ്രാർത്ഥനാലയം പണിയണം. സഭാഭേദമോ കക്ഷിഭേദമോ പരിഗണിക്കാതെ സകല ക്രിസ്ത്യാനികളും അതിൽ സഹകരിക്കുകയും വേണം. മാർതോമ്മാ ശ്ലീഹായുടെ ഭാരതീയ പ്രേഷിതത്വത്തിന്റെ അനശ്വര സ്മാരകമായി അതു നിലനില്ക്കട്ടെ. രണ്ടായിരം വർഷത്തെ ഓർമ്മകളുണർത്തുന്ന പുളകോദ്ഗമകാരിയായ ഒരു സ്മാരകമാണത്.

ആ ദേവാലയത്തിൽ 1942 മുതൽ ദീർഘകാലം സേവനമനുഷ്ഠിച്ച കൂട്ടുങ്കൽ ഗീവറുഗീസ് റമ്പാച്ചന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നത് ഉപകാരപ്രദമാണ്. അദ്ദേഹം 1950-ൽ എഴുതി പ്രസിദ്ധീകരിച്ച "തിരുവിതാംകോട് പള്ളി ചരിത്രവും തരിസായ്കളുടെ ഐതിഹ്യവും" എന്ന ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കപ്പെടണം. തരിസാകൾ എന്നത് ത്രീസാ എന്ന സുറിയാനി വാക്കിൽ നിന്നുണ്ടായ പേരാണ്. സത്യവിശ്വാസികൾ എന്നാണർത്ഥം. സത്യവിശ്വാസികളുടെ ആ മഹോന്നത കേന്ദ്രത്തെക്കുറിച്ച് ഒരു ഗവേഷണ പ്രബന്ധം തയ്യാറാക്കണം.

ഫാ. ഡോ. ജോർജ്ജ് കുരുക്കൂർ,
ചീഫ് എഡിറ്റർ, താലന്തു മാസിക.

### തിരുവിതാംകോട് പള്ളി പകുതിപ്പള്ളിയോ?

മലങ്കര സഭാ മാസികയിൽ പത്രാധിപരുടെ പേജിൽ തിരുവിതാംകോട് പള്ളിയെപ്പറ്റി പരാമർശിച്ചതു കണ്ടു. വിശുദ്ധ തോമ്മാശ്ലീഹായ്ക്കു നിത്യസ്മാരകമായി നില്ക്കുന്ന പ്രസ്തുത ദൈവാലയം "അരപ്പള്ളി" ആയിപ്പോയതിൽ പത്രാധിപരുടെ വിലാപം വാക്കുകളിൽ നിഴലിട്ടു നില്ക്കുന്നതും കണ്ടു.

"അര" എന്ന പദത്തിന് പകുതിയെന്ന് ഒരർത്ഥമേയുള്ളുവെങ്കിൽ ഈ വിശേഷണം ആരെയും വിഷാദിപ്പിക്കാവുന്നതുമാണ്. വിവിധ ആശയങ്ങൾ പേറി നില്ക്കുന്ന "അര" ശബ്ദത്തിൽ നിന്ന് രാജാവിന്റെ, രാജയോഗ്യം, രാജതുല്യം എന്നിങ്ങനെ അർത്ഥം ലഭ്യമാണ്. അരയന്നം, അരയാൽ, അരമന എന്നിവ ശ്രദ്ധിക്കുക. രാജാവിന്റെ മനയാണ് അരമന. ആൽവൃക്ഷവും അന്നപ്പക്ഷിയും രാജകീയ വസ്തുക്കൾ തന്നെ. അതുകൊണ്ടവ അരയാലും അരയന്നവുമായി.

സി.എം. ജോറി, കോതപ്പള്ളി

### "അര"പ്പള്ളി വ്യാഖ്യാനം "ഏഴര"യ്ക്കും തിരുവിതാംകോടിനും എത്രകണ്ടു യോജിക്കുന്നുവെന്നു സംശയം

ഏഴ്, അരപ്പള്ളികൾ അഥവാ ശ്രേഷ്ഠപള്ളികൾ എന്നും, രാജകീയ പള്ളികൾ, എന്നും വ്യാഖ്യാനങ്ങൾ നൽകിയാലും, ഏഴരപ്പള്ളികളിലൊന്നായി തിരുവിതാംകോടിനെ കാണുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്. ഒന്നുകിൽ ഏഴുപള്ളികളിൽ ഒന്നാണ് അതെന്നു പറഞ്ഞ്, ഇപ്പോൾ ലിസ്റ്റിൽ ഉള്ള ഒന്നിനെ ഒഴിവാക്കണം അല്ലെങ്കിൽ ഒരു അരപ്പള്ളി എന്നു പറഞ്ഞതും അതു തിരുവിതാംകോട് എന്ന് ധരിച്ചതും മാറ്റിപ്പറയണം. ഇനിയും തിരുവിതാംകോട് മാത്രം ശ്രേഷ്ഠപള്ളി എന്നു പറയാൻ തുനിഞ്ഞാൽ ബാക്കി പള്ളികൾക്ക് എന്തുകൊണ്ട് ആ സ്ഥാനം ഇല്ലാതെപോയിയെന്നു പറയണം (മറ്റുപള്ളികളുടെ ഐതിഹ്യങ്ങളിലും രാജാക്കന്മാരുടെ ആനുകൂല്യങ്ങൾ പരാമർശിക്കുന്നുണ്ടല്ലോ). ഏതായാലും, പുതിയ വ്യാഖ്യാനം കൂടുതൽ ചിന്താക്കുഴപ്പം ഉണ്ടാക്കുകയേയുള്ളൂ എന്നു പറയേണ്ടിയിരിക്കുന്നു.

ഫാ. ഡോ. ജേക്കബ് കുര്യൻ
(ചീഫ് എഡിറ്റർ)


# മലങ്കരസഭ

ലക്കം 10, പുസ്തകം 58
ഒക്ടോബർ 2002





### പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0473 - 312398
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 -224255



### വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 6.50 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


## ഉൾത്തുടിപ്പുകൾ

CONTENTS


**എഡിറ്റോറിയൽ**

4 നീതിബോധമുള്ള മധ്യസ്ഥത സ്വാഗതാർഹം
- ഫാ. ഡോ. ജേക്കബ് കുര്യൻ

**ലേഖനങ്ങൾ**

6 കാതോലിക്കാ സിംഹാസനം: ചില ചിന്തകൾ
- ഡോ. സിബി തരകൻ

9 മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ സഭയെക്കുറിച്ചുള്ള സ്വപ്നങ്ങൾ
- സി.സി. ചെറിയാൻ

15 ഐക്യദീപത്തിലെ അബദ്ധ പ്രസ്താവനകൾ
- ഫാ. ഡോ. എം. ജോൺ പണിക്കർ

17 കോളനിവൽക്കരണം സഭാ തലത്തിൽ
- ഫാ. വർഗീസ് ജോഷ്വ

18 മലങ്കര മല്പാൻ
- എം. കുര്യൻ തോമസ്

24 മക്കോഡിയാ മിഷൻ വളർച്ചയുടെ പാതയിൽ
- ഫാ. ഷാജി മുകടിയിൽ

**അനുസ്മരണം**

13 പ്രൊഫ. സി.ജെ. മണ്ണുമ്മൂട്........
- ജേക്കബ് കൊച്ചേരി

**കവിത**

14 സേവനത്തിനുള്ള സ്ഥാനമാനങ്ങൾ
- ഫാ. പി.പി. ഗീവർഗീസ്, പാമ്പാടി

29 രക്ഷക സന്നിധിയിൽ
- രാജു പാമ്പാടി

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, ബൈബിൾ പഠനം, ബാലസഭ, വിശ്വാസപാഠം, പ്രതിമാസചിന്തകൾ, വാർത്തകൾ



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# നീതിബോധമുള്ള മധ്യസ്ഥത സ്വാഗതാർഹം

ഫാ. ഡോ. ജേക്കബ് കുര്യൻ

സഭാപ്രശ്നം ക്രമസമാധാനപ്രശ്നമായിപ്പോയത് നിർഭാഗ്യകരമാണ്.

മതവും, സഭയും യഥാർത്ഥത്തിൽ എന്താണെന്ന് അല്പമെങ്കിലും ഉൾക്കാഴ്ചയുള്ളവർക്ക് ഇത് ഹൃദയഭേദകമാണ്. ഇത്തരുണത്തിൽ, സർക്കാരും, ഇതര സഭാ സാമൂഹ്യനേതാക്കളും, മധ്യസ്ഥതാ ദൗത്യം വാഗ്ദാനം ചെയ്യുന്നതിനോട് ക്രിയാത്മകവും, ആത്മാർത്ഥവുമായ സഹകരണം നൽകുവാൻ എല്ലാവരും സന്മനസുകാട്ടിയാൽ ഇനിയെങ്കിലും നമുക്കു പ്രതീക്ഷയ്ക്കു വകയുണ്ട്. മധ്യസ്ഥത ഏറ്റെടുക്കുന്നവർ നീതിബോധത്തോടെ അതു നിർവ്വഹിക്കുമെങ്കിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അവരോടു സഹകരിക്കുവാൻ കഴിയും. മധ്യസ്ഥർ എന്നു പറഞ്ഞാൽ, വീതം വയ്ക്കുന്നവർ എന്നോ ശരിയ്ക്കും തെറ്റിനുമിടയിൽ സമദൂരം പാലിക്കുന്നവരെന്നോ, ആരും ധരിക്കുമെന്നു തോന്നുന്നില്ല. നീതി ബോധമുള്ള മധ്യസ്ഥതയെന്നാൽ, പ്രശ്നം ശരിയായി പഠിച്ച്, ശരിയും തെറ്റും വിലയിരുത്തി, ശരിയേതാണെന്ന് നിർണ്ണയിച്ച് ശരിയുടെ മാർഗ്ഗത്തിലേക്ക് എല്ലാവരെയും മുഖം നോക്കാതെ നയിക്കുകയെന്നാണ്. അങ്ങനെ ചെയ്യുമ്പോൾ, ചിലത് കൂടുതൽ ശരിയും ചിലതു കൂടുതൽ തെറ്റുമെന്നു ബോധ്യപ്പെട്ടേക്കാം. അത് വ്യക്തമാക്കാനും, ശരിയേതോ അതിന്റെ കൂടെ നിലനിൽക്കാനും നീതിബോധമുള്ള മധ്യസ്ഥനുകഴിയും, കഴിയണം.

മലങ്കരസഭാ പ്രശ്നത്തിൽ, നിയമത്തിന്റെയും നീതിയുടെയും നിലപാട് ഏതാണെന്നു മനസിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അധികം ബുദ്ധിമുട്ടേണ്ടിവരികയില്ല; 1995-ലെ സുപ്രീംകോടതി വിധി വായിച്ചാൽ മതിയാകും. പ്രസ്തുത വിധി സംശയലേശമെന്യേ പ്രഖ്യാപിച്ചു, 1934-ലെ ഭരണഘടനയനുസരിച്ച് മലങ്കരസഭ ഭരിക്കപ്പെടണം എന്ന്. അങ്ങനെ ഭരിക്കപ്പെടുവാൻ സന്നദ്ധമാകണമെന്ന് ഏകസഭയായി എല്ലാവരും രേഖാമൂലം സമ്മതിച്ചതനുസരിച്ച്, മലങ്കര അസോസ്യേഷൻ കൂടി മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. നിയമാനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട കാതോലിക്കാ പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായും കൂടിയാണോ എന്ന വിഷയത്തിൽ തീരുമാനമുണ്ടാകണം എന്ന് ആക്ഷേപമുന്നയിച്ചവർക്കായി, അതുംകൂടെ അസോസ്യേഷൻ തീരുമാനിക്കാൻ ധാരണയുണ്ടായി. അസോസ്യേഷൻ നടത്തിപ്പിന് നിരീക്ഷകൻ വേണമെന്ന് ആവശ്യപ്പെട്ടവർക്കായി അതും ആകാമെന്നു സമ്മതിച്ചു. അസോസ്യേഷൻ നടന്നു. നടപടികൾ കുറ്റമറ്റതായിരുന്നുവെന്ന് നിരീക്ഷകൻ സാക്ഷിച്ചു. അസോസ്യേഷൻ ബഹുഭൂരിപക്ഷത്തോടെ പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ തന്നെയെന്ന് തീരുമാനിച്ചു. പുതിയ മാനേജിംഗ് കമ്മറ്റിയും നിലവിൽ വന്നു. ഇതൊക്കെയും സുപ്രീംകോടതി അന്തിമവിധിയിൽ അംഗീകരിച്ചു. പുതിയ മാനേജിംഗ് കമ്മറ്റിയാണ് ഓരോ മെത്രാനും ഏതേതു ഭദ്രാസനത്തിന്റെ ഭരണം നിർവ്വഹിക്കേണ്ടത് എന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നതിനാൽ തദനുസൃതമായ നടപടികൾ നടക്കുമെന്ന് ഉറപ്പായപ്പോൾ ഒരു വിമത വിഭാഗം സ്വന്തമായി പുതിയൊരു ഭരണഘടനയുണ്ടാക്കിയെന്നും, തങ്ങൾ വേറൊരു സഭയാണെന്നും, തങ്ങൾക്കു വേറൊരു കാതോലിക്കാ ആകാമെന്നും പറയുകയും ചിലതൊക്കെ പ്രവർത്തിക്കുകയും ചെയ്തു. ഇങ്ങനെ ചെയ്തവർക്കും, 1934-ലെ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണം എന്ന് താല്പര്യപ്പെട്ട് സുപ്രീംകോടതി വിധിയെ അനുസരിക്കുന്നവർക്കും ഇടയിൽ മധ്യസ്ഥത വഹിക്കുമ്പോൾ, നീതിബോധമുള്ള മധ്യസ്ഥന് പറയേണ്ടിവരുന്നത് എന്താണെന്ന് വ്യക്തം. അതേറ്റെടുക്കുവാൻ എല്ലാമധ്യസ്ഥരെയും സാദരം ക്ഷണിക്കുന്നു.

മധ്യസ്ഥതാ ദൗത്യം ഏറ്റെടുക്കുന്നവർ അറിഞ്ഞിരിക്കാൻ ഏതാനും കാര്യങ്ങൾ കൂടി:

(1) മലങ്കരസഭയിൽ എന്നും പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്, വിദേശസഭാ മേലധ്യക്ഷന്മാരുടെ ഇടപെടൽ നിമിത്തമാണ്. ഭരണഘടനാനുസൃതമായും, വ്യവസ്ഥാപിതമായും സഭ പ്രവർത്തിക്കുമ്പോൾ വിമതരെ പ്രോത്സാഹിപ്പിക്കുവാനും, സമാധാനം കെടുത്തി മുതലെടുക്കുവാനും ശ്രമിക്കുന്ന വിദേശ സഭാദ്ധ്യക്ഷന്മാരോട് മധ്യസ്ഥന്മാർക്ക് പറയുവാൻ വല്ലതുമുണ്ടാകണം.

(2) മലങ്കരയിലെ വിമതവിഭാഗം, തങ്ങൾ സമാധാനം കാംക്ഷിക്കുന്നവരും, കേസു കൊടുക്കാത്തവരും, ക്രൈസ്തവസാക്ഷ്യത്തിന് പ്രാധാന്യം കല്പിക്കുന്നവരും, പണം കേസിനായി ചെലവിടാൻ ആഗ്രഹിക്കാത്തവരും, ധ്യാനത്തിലും ഉപവാസത്തിലും കൂടി പ്രശ്നപരിഹാരത്തിനു ശ്രമിക്കുന്നവരും, വിട്ടുവീഴ്ചയ്ക്കു സന്നദ്ധതയുള്ളവരും ആണെന്നും പ്രചരിപ്പിക്കുന്നതിന്റെ പിന്നിൽ ഭയങ്കര കാപഠ്യം ഉണ്ട്. സമാധാനം കാംക്ഷിക്കുന്നവരായിരുന്നുവെങ്കിൽ സമാധാനാലോചനകളിലും സുപ്രീംകോടതി നിയോഗിച്ച നിരീക്ഷകൻ നടത്തിയ ചർച്ചയിലും സഹകരിക്കാതിരുന്നതെന്ത്? കേസുകൊടുക്കാത്തവരെന്നു പറയുന്നതിന്റെ തമാശ തന്നെയാണ്, പിടിച്ചുപറിക്കേസിൽ പ്രതിക്കെതിരെ പ്രോസിക്യൂഷൻ കേസു ചാർജുചെയ്യുമ്പോൾ പ്രതി, താനല്ല ഈ കേസു കൊടുത്തത് എന്നു പറയുന്ന തമാശയും. വ്യവസ്ഥാപിതമായ സംവിധാനങ്ങൾ തകിടം മറിക്കുന്നവർക്കെതിരെ



# നീതിയോടു കൂടിയ സമാധാനം ആവശ്യം - പ. കാതോലിക്കാ ബാവാ



പത്തനംതിട്ട - സെപ്തംബർ 15:- "സമാധാന ശ്രമങ്ങൾക്കായി മദ്ധ്യസ്ഥന്മാർ രംഗപ്രവേശനം ചെയ്യുകയും വേർ പിരിയലിനായി ഒരു വിഭാഗം ശ്രമിക്കുകയും ചെയ്യുന്ന ഈ സമയത്ത് ഒന്നേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. സമാധാനം സ്വാഗതം ചെയ്യുന്നു. പക്ഷേ നീതിയോടു കൂടിയ സമാധാനമാണ് ഞങ്ങൾക്ക് ആവശ്യം. ഈ ഗവൺമെന്റ് സഭയ്ക്ക് ഒരു ഔദാര്യവും ചെയ്യേണ്ട. നിയമവും നീതിയും വിട്ട് ഒന്നും ചെയ്യണ്ട, നീതി നടത്തിത്തന്നാൽ മാത്രം മതി." തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട മാക്കാംകുന്ന് കത്തീഡ്രൽ മൈതാനത്ത് കൂടിയ പ്രതിക്ഷേധ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ. മൂന്നു മണിക്ക് ആരംഭിച്ച നഗരം ചുറ്റിയുള്ള ഘോഷയാത്രയിൽ ഒരു ലക്ഷത്തോളം ജനങ്ങൾ സംബന്ധിച്ചു. പത്തനംതിട്ട കണ്ടിട്ടുള്ളതിൽ

ശേഷം 29-ാം പേജിൽ

ഒന്നുകിൽ കയ്യാങ്കളി; അല്ലെങ്കിൽ നീതിന്യായ മാർഗ്ഗങ്ങൾ. ഇതിൽ ആദ്യത്തേതിനു പകരം രണ്ടാമത്തേത് സ്വീകരിച്ചത് തെറ്റായിപ്പോയെന്ന് ആർക്കു പറയാൻ കഴിയും? ക്രൈസ്തവ സാക്ഷ്യം എന്നു നൂറുവട്ടം പറഞ്ഞിട്ട്, ഗുണ്ടാകളെക്കൊണ്ട് കാര്യങ്ങൾ നടത്തിക്കുന്ന മാർഗ്ഗം ആരുടേതാണെന്ന് കൂടുതൽ വിശദീകരിക്കേണ്ട കാര്യമില്ല. പണം കേസിനായി ചെലവിടാൻ ആഗ്രഹിക്കാത്തവരായിരുന്നെങ്കിൽ, കേസുകൾ നീട്ടിക്കൊണ്ടു പോകാൻ ഒന്നിനു പുറകെ മറ്റൊന്നായി ഉടക്കുകൾ കൊണ്ടു വരുകയില്ലായിരുന്നു. 1995ലെങ്കിലും തീരുമായിരുന്ന വ്യവഹാരം, 2002 വരെ ദീർഘിപ്പിച്ചതിന്റെയും, അതിന്റെ പിന്നിലെ ഭീമമായ ചെലവുകളുടെയും പ്രധാന ഉത്തരവാദിത്തം ആർക്കാണെന്ന് നീതിബോധമുള്ള മധ്യസ്ഥർ കണ്ടെത്തുകതന്നെ ചെയ്യും. ധ്യാനവും ഉപവാസവും ദൈവത്തിങ്കലേക്ക് തിരിയുവാനും മനുഷ്യസ്നേഹത്തിൽ നിറയുവാനും ആണെന്നു മനസിലാക്കുന്നവർക്ക്, ധ്യാനത്തിന്റെയും ഉപവാസത്തിന്റെയും മറവിൽ നടക്കുന്ന ഭീകരവാദ പ്രചരണം കണ്ട് സ്തബ്ധരാകുവാനേ സാധിക്കൂ. വിട്ടുവീഴ്ചയെന്നു പറഞ്ഞാൽ, അനീതിയായി കൈയടക്കിവച്ചതിൽ കുറെ ഒഴിഞ്ഞുകൊടുക്കുകയാണെന്ന് ചിലർ ധരിച്ചുവച്ചതായി തോന്നുന്നു. അങ്ങനെയുള്ള വിട്ടുവീഴ്ച ചെയ്യുന്നവർക്ക് അത് എന്നും ലാഭം തന്നെയാണ് എന്ന് വിശദീകരിക്കേണ്ടയാവശ്യമില്ലല്ലോ. മലങ്കര ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നത് വിലപേശലോ, കച്ചവടക്കണ്ണോടെയുള്ള വിട്ടുവീഴ്ചയോ അല്ല; ഒരു കുടുംബത്തിലെ അംഗങ്ങൾ അനുരഞ്ജനത്തിലേക്ക് വരുന്നതിലെ വിട്ടുവീഴ്ചയാണ്. അപ്രകാരമുള്ള വിട്ടുവീഴ്ചകളുടെ ചരിത്രം തന്നെയാണ് ഈ സഭയുടെ ചരിത്രവും അതിനിയും തുടരുവാൻ തന്നെയാണ് സഭ ആഗ്രഹിക്കുന്നത്. വൈകാരികമായി അകന്നുപോയവരും, തെറ്റിധരിക്കപ്പെട്ട് കഴിയുന്നവരും ഒരു കുടുംബത്തെപ്പോലെ അനുരഞ്ജനത്തിലേക്ക് തിരിച്ചുവരാൻ മലങ്കര ഓർത്തഡോക്സ്സഭ എല്ലാ അർത്ഥത്തിലും ഇനിയും വിട്ടുവീഴ്ചയ്ക്കു സന്നദ്ധമായിരിക്കണം എന്നാണ് ഞങ്ങളുടെ അഭിപ്രായം.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

പരുമലപെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭയുടെ ഓഫീസ് നവംബർ 1,2,3, തീയതികളിൽ പരുമലയിൽ പ്രവർത്തിക്കുന്നതാണ്.

♦ വരിസംഖ്യ പുതുക്കുവാൻ വരുന്നവർ ദയവായി രജിസ്റ്റർ നമ്പർ കൂടി കൊണ്ടുവരണം റാപ്പറിൽ നിങ്ങളുടെ അഡ്രസ്സിനു മുകളിലായി രജിസ്റ്റർ നമ്പർ കൊടുത്തിട്ടുണ്ട്.

♦ ഈ മാസത്തെ മാസികയിൽ നിങ്ങളുടെ വരിസംഖ്യ കാലാവധി രജിസ്റ്റർ നമ്പരിനോടു ചേർന്നു റാപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദയവായി റാപ്പറും ഒപ്പം കരുതുക.

## പരുമല സ്മൃതി

### പരുമല തിരുമേനി ദേഹവിയോഗ ശതാബ്ദി ഗ്രന്ഥം

**നവംബർ 2-ന് പരുമലയിൽ പ്രകാശനം ചെയ്യുന്നു.**

*അറിയിപ്പ്:-* പ്രീ പബ്ലിക്കേഷനിൽ പരുമല സ്മൃതി ബുക്ക് ചെയ്തവർ ദയവായി ഒറിജിനൽ രസീതു സഹിതം പരുമലയിൽ നവംബർ 1,2,3, തീയതികളിൽ പ്രവർത്തിക്കുന്ന മലങ്കര സഭയുടെ ഓഫീസിൽ ബന്ധപ്പെടുക. രസീതില്ലാതെ ഒരു കാരണവശാലും പരുമല സ്മൃതി നൽകുന്നതല്ല.

ലേഖനം

# കാതോലിക്കാ സിംഹാസനം : ചില ചിന്തകൾ



ഡോ. സിബി തരകൻ

കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിനു ശേഷം സഭയിലെ വിഘടിത വിഭാഗം അതിനെതിരേ ഉന്നയിച്ചുപോന്ന ആരോപണങ്ങളെ ഫലപ്രദമായി നേരിടുന്നതിന് സഭയിലെ അത്മായ നേതാക്കന്മാർക്ക് കഴിഞ്ഞിരുന്നു. ഇ.ജെ. ജോൺ വക്കീൽ, കെ.സി. മാമ്മൻ മാപ്പിള, എം.എ. ചാക്കോ, റാവു സാഹിബ്, ഒ.എം. ചെറിയാൻ എന്നിവരുടെ ഈ രംഗത്തെ സേവനങ്ങൾ പ്രാതഃസ്മരണീയമാണ്. ജോൺ വക്കീൽ തിരുവിതാംകൂർ ഗവർമെന്റിൽ തനിക്കുണ്ടായിരുന്ന സ്വാധീനവും നിയമ പാണ്ഡിത്യവും സഭയുടെ കെട്ടുറപ്പിനുവേണ്ടി വിനിയോഗിച്ചു. കെ.സി. മാമ്മൻ മാപ്പിള തന്റെ വിപുലമായ രാഷ്ട്രീയ സാമുദായിക സമ്പർക്കവും മലയാള മനോരമ പത്രാധിപർ എന്ന നിലയിലുള്ള ജനസ്വാധീനവും സഭയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തി. എം. എ. ചാക്കോ കൊച്ചി രാജ്യത്തെ സമുന്നതനായ പോലീസ് അധികാരി എന്ന നിലയിൽ നിയമാനുസൃതമായിത്തന്നെ സ്ഥാനം സഭയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തി. റാവു സാഹിബ് ഒ.എം. ചെറിയാൻ ഇവരിൽ നിന്നു വ്യത്യസ്തനായി തന്റെ പാണ്ഡിത്യവും ധിഷണാശേഷിയും വാഗ്മിത്വവും കൊണ്ട് സഭാംഗങ്ങളുടെ ആത്മവീര്യത്തെ ഉണർത്തുകയും അവരെ വിശ്വാസ സ്ഥിരതയിൽ നിർത്തുകയും ചെയ്തു. മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ സഭയിലെ ഒരു വിഭാഗം കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ ആ ഒഴുക്കിന് തടയിടുവാൻ ഒ.എം. ചെറിയാൻ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിൽ ഉടനീളം നടത്തിയ റീത്തുഖണ്ഡന പ്രസംഗങ്ങൾക്കു കഴിഞ്ഞു.

ഒ.എം. ചെറിയാൻ 1935-ൽ എഴുതിയ കാതോലിക്കാ സിംഹാസനം എന്ന പുസ്തകം മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രപരമായ നിലനില്പിനെയും ആത്മീയാധികാരത്തെയും വെളിപ്പെടുത്തുന്ന മികച്ച പഠനമാണ്.

1912 സെപ്റ്റംബർ 15-നു നടന്ന കാതോലിക്കേറ്റ് പുനഃസ്ഥാപനത്തെ ഇന്ത്യയുടെ പരമോന്നത നീതിപീഠം ആവർത്തിച്ച് ശരിവച്ചെങ്കിലും വിഘടിത വിഭാഗം അതിനെതിരേ പ്രചാരണ കോലാഹലങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിലേക്ക് ഒന്ന് കണ്ണോടിക്കുന്നതും നല്ലതാണെന്നു തോന്നുന്നു.

1935-മെയ് 6-ന് ആണ് ഒ.എം. ചെറിയാന്റെ നേതൃത്വത്തിൽ പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി സഭാംഗങ്ങൾ സമാഹരിച്ചത്. നിധി സംഭരണത്തിന്റെ വിശദമായ റിപ്പോർട്ട് കാതോലിക്കേറ്റ് നിധി എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. അതിന് ആമുഖമായി അദ്ദേഹം "മലങ്കരസഭ" എന്ന പേരിൽ എഴുതിയ ദീർഘമായ ഉപന്യാസമാണ് പിന്നീട് കാതോലിക്കാ സിംഹാസനം എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകൃതമായതും മലങ്കര ഓർത്തഡോക്സ് സഭ വി. തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻകീഴിൽ വർത്തിക്കുന്നു എന്നും അതിന് സ്വയം ഭരണാവകാശവും സ്വയം ഭരണാധികാരവും ഉണ്ടെന്നും ഈ ഉപന്യാസത്തിൽ അദ്ദേഹം സമർത്ഥിക്കുന്നു. കാതോലിക്കേറ്റ് പുനഃസ്ഥാപനം അകാനോനികമാണെന്നും ശൂന്യതയിൽ നിന്നുള്ള സൃഷ്ടിയാണെന്നും മലങ്കര സഭയ്ക്ക് സ്വതന്ത്രമായി നിലനില്പില്ലെന്നും അതിന്റെ അസ്തിത്വം പാത്രിയർക്കേറ്റിനെ ആസ്പദിച്ചാണെന്നുമൊക്കെ ഉണ്ടായ വാദകോലാഹലങ്ങൾക്കുള്ള വ്യക്തമായ മറുപടിയായിരുന്നു ഈ ഗ്രന്ഥം. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യം ഒന്നാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടു വരെ എത്തുന്ന ചരിത്രത്തിന്റെ വിശദാംശങ്ങൾ അദ്ദേഹം നമുക്ക് കാണിച്ചു തരുന്നു.

'ഇൻഡ്യയിൽ അനേകം നൂറ്റാണ്ടുകളായി വിസ്മയാവഹമായി നിലനിന്നു പോരുന്ന ക്രൈസ്തവ സഭ പല പേരുകളിൽ അറിയപ്പെടുന്നുണ്ട്. അതിന് മലങ്കര സഭ എന്നുള്ള നാമം ഗൗരവാവഹമായ അർത്ഥത്തെ സൂചിപ്പിക്കുന്ന ഒന്നല്ല. ആ പദംകൊണ്ട് അർത്ഥജ്ഞന്മാർ ഗ്രഹിക്കുന്നത് ആർതോദുക്സോ, കാതോലിക്കേറ്റ് എന്നു രണ്ടു പദങ്ങളാൽ വ്യാഖ്യാനിക്കപ്പെടേണ്ടതായി മലങ്കരയിലുള്ള സിറിയൻ ക്രൈസ്തവ സമുദായത്തെ ആകുന്നു' എന്ന പ്രസ്താവത്തോടെയാണ് ഈ ഗ്രന്ഥം ആരംഭിക്കുന്നത്. ഓർത്തഡോക്സ് എന്ന വിശേഷണം മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഒരു ഇറക്കുമതിച്ചരക്കല്ലെന്നും അതിപുരാതനകാലം മുതൽതന്നെ കേരളത്തിലെ ക്രൈസ്തവസഭ ആർത്തോ ദുക്സോ എന്ന വിശേഷപദത്തെ അർത്ഥത്തിലും സാരാംശത്തിലും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

ഏകം, വിശുദ്ധം,- കാതോലികം, അപ്പോസ്തോലികം എന്നീ നാലു വിശേഷണങ്ങൾ, ഓരോ ക്രൈസ്തവ വിഭാഗങ്ങളും എപ്രകാരം സ്വീകരിക്കുന്നു എന്നും മലങ്കര ഓർത്തഡോക്സ് സഭ എന്തുകൊണ്ടാണ് "വിശുദ്ധം" ആയിരിക്കുന്നതെന്നും ഈ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു. "പാശ്ചാത്യവും പൗരസ്ത്യവും ആയ രണ്ടു ശാഖകളിൽപ്പെടുന്ന പല സഭകളിൽ ഓരോന്നും, ഞങ്ങൾ മാത്രമാണ്- ഏകം, വിശുദ്ധം, അപ്പോസ്തോലികം, കാതോലികം എന്നും-മുറുകെ പിടിച്ചു പറയുന്നു. ഈ നാലു വിശേഷണങ്ങളെയും സന്ദർഭം ആവശ്യപ്പെടുമ്പോൾ ഓരോ സഭയും സ്വന്തമെന്നു പ്രകടനം ചെയ്യും. എങ്കിലും സാധാരണ സന്ദർഭങ്ങളിൽ ഇവയിൽ ഒന്നിനെയോ ചിലതിനേയോ മാത്രമാണ് സഭകൾ മുറുകെപ്പിടിക്കാറുള്ളത്.... ക്രൈസ്തവ സഭയുടെ നാലു ലക്ഷണങ്ങളും-തങ്ങൾക്ക് ഉണ്ട് എന്ന്-പൗരസ്ത്യം, പാശ്ചാത്യം, എന്നു രണ്ടു വലിയ വിഭാഗങ്ങളിൽപ്പെടുന്ന ഓരോ ഉപസഭയും വാദിക്കുന്നുണ്ട്. എന്നാൽ പാശ്ചാത്യ സഭ ആധാരമായും നിർബന്ധമായും കാംക്ഷിക്കുന്നതും പ്രകടനം ചെയ്യുന്നതും-കാതോലികം എന്ന വിശേഷണത്തെയാണ്. ഇതുപോലെ പൗരസ്ത്യ സഭ മുൻപറഞ്ഞ നാലു വിശേഷണങ്ങളും തങ്ങൾക്കു മാത്രം യോജിക്കുന്നത് എന്നു കരുതുകയും - എന്നാൽ വിശുദ്ധം എന്ന വിശേഷണത്തെ വീറോടെ വരിക്കുകയും, എതിരുകളെ എതിർത്തുകൊണ്ട് ഏറ്റുകൊള്ളുകയും ചെയ്യുന്നു. അങ്ങനെ പാശ്ചാത്യ ക്രൈസ്തവ ശാഖകളിൽപ്പെട്ട സഭകൾക്കു കാതോലിക സഭ എന്നും പൗരസ്ത്യ ക്രൈസ്തവ ശാഖകളിൽപ്പെട്ട സഭകൾക്ക് ഓർത്തോദുക്സോ -അതായതു വിശുദ്ധ സഭ-എന്നും നാമങ്ങൾ പ്രസിദ്ധങ്ങളായി.

ഓർത്തഡോക്സ് സഭയുടെ പ്രഥമ ഗണനീയത്വത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു. "പാശ്ചാത്യ പൗരസ്ത്യ സഭാവിഭാഗങ്ങൾ കാതോലികം, വിശുദ്ധം എന്ന വിശേഷണങ്ങളെ പ്രത്യേകം പ്രത്യേകം മുറുകെപ്പിടിക്കുവാൻ ഇടയായതിന്-കാണപ്പെടാവുന്ന കാര്യവുമുണ്ട്. ക്രൈസ്തവ സഭകൾ പൗരസ്ത്യം പാശ്ചാത്യം എന്ന വലിയ രണ്ടു വിഭാഗങ്ങളിൽപ്പെടുന്നു എന്നതു വാസ്തവം തന്നെ. എന്നാൽ ആരംഭത്തിൽ-യേശുവിന്റെ കാലത്തിലും അതിനുശേഷം ഏതാനും ശതവർഷങ്ങളിലും-അറിയപ്പെട്ടിരുന്ന സകല ഭൂമിയിലും ഏകമായ റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും രാജ്യവിഭാഗങ്ങൾ ഇല്ലായിരുന്നു. ക്രിസ്താബ്ദം 250 മുതൽ സാമ്രാജ്യം ചിലപ്പോൾ രണ്ടായും ചിലപ്പോൾ ഒന്നായും ഭരിക്കപ്പെടുകയും ക്രിസ്താബ്ദം 364 ജനുവരി 17 ജോബിയൻ ചക്രവർത്തി നിര്യാതനായ സന്ദർഭം മുതൽ സാമ്രാജ്യം സ്ഥിരമായ രണ്ടു വിഭാഗങ്ങളാകുകയും ചെയ്തു. പലപ്പോഴും തമ്മിൽ പിണങ്ങിയും പോരു ചെയ്തും ദീർഘകാലം വർത്തിച്ച രണ്ടു സാമ്രാജ്യങ്ങളിൽപ്പെട്ടു കിടന്ന ക്രൈസ്തവ സഭയും-പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും വിഭക്തമായി. ഈ രണ്ടിൽ സാരം കൊണ്ടു പ്രഥമഗണനീയവും, സർവ്വ ക്രൈസ്തവ ചരിത്രത്തിനും ആധാരഭൂതവും, ആയതും - പൗരസ്ത്യ ക്രൈസ്തവ വിഭാഗമാണ് എന്നുള്ളതും സ്പഷ്ടമത്രെ. ക്രൈസ്തവ മതം ഉൽഭൂതമായതു പൗരസ്ത്യ വിഭാഗത്തിൽപ്പെട്ട പലസ്തീൻ പുണ്യഭൂമിയിലാണല്ലോ. വേദശാസ്ത്രം എഴുതപ്പെട്ടതും പൗരസ്ത്യമായ ഗ്രീക്കു ഭാഷയിൽത്തന്നെ. ആകമാന സുന്നഹദോസുകളുടെ ഭാരസാരത്തെ വഹിച്ചതും ക്രൈസ്തവ വിശ്വാസത്തിനു രൂപം കൊടുത്തതും പൗരസ്ത്യന്മാർ അത്രെ. രണ്ടായി പകുക്കപ്പെട്ടതോടുകൂടെ, രണ്ടു സാമ്രാജ്യവിഭാഗങ്ങൾ-ആശയം, ലക്ഷ്യം, ഭരണം മുതലായ വലിയ വിഷയങ്ങളിൽ-ഭിന്ന രീതികളിൽ വളർന്നുപോന്നു. പൗരസ്ത്യ സഭയ്ക്കു ഗ്രീക്കു സഭ എന്നും പേർ ഉണ്ടായി. ക്രൈസ്തവ സഭ വിഭക്തമായപ്പോൾ മുതൽ റോമാപ്പട്ടണത്തിന്റെ വളർച്ചയും വിപുലതയും പ്രബലതയും അനുസരിച്ച് പാശ്ചാത്യ സഭയാകട്ടെ, കാതോലികം-സാർവ്വലൗകികം എന്ന നാമത്തെയും; പലസ്തീൻ മുതലായ പ്രദേശങ്ങൾ ഉൾപ്പെടുന്നതിനാലും അക്രൈസ്തവ സഭയുടെ മാതാവ് എന്ന നാമത്തെ അർഹിക്കുന്ന പലസ്തീനിൽ സ്ഥാപിതമായതിനാലും, മറ്റു കാരണങ്ങളാലും, പൗരസ്ത്യ സഭയാകട്ടെ, വിശുദ്ധം-ആർതുഡോക്സ്-എന്ന നാമത്തെയും പ്രധാനമായി മുറുകെപ്പറ്റിപ്പോന്നു.'

മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഓർത്തഡോക്സ് (ഓർതോദുക്സോ) എന്ന നാമമാണ് യാക്കോബായ എന്ന നാമത്തെക്കാൾ ഗണനീയം എന്ന് അദ്ദേഹം പറയുന്നു. ഓർത്തഡോക്സ് എന്ന പ്രയോഗത്തിന് വിശ്വാസപരവും ചരിത്രപരവുമായ സാധുതയുണ്ട് എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഒന്നാം തുബ്ദേനിൽ ഈ പ്രയോഗമുണ്ട്. വലിയ മാർ കൂറിലോസിന്റെ ക്രമത്തിലും തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസിന്റെ ക്രമത്തിലും ഈ പ്രയോഗം കാണാം. അബ്ദുള്ള പാത്രിയർക്കീസ്

ജോൺ വക്കീൽ തിരുവിതാംകൂർ ഗവർമെന്റിൽ തനിക്കുണ്ടായിരുന്ന സ്വാധീനവും നിയമ പാണ്ഡിത്യവും സഭയുടെ കെട്ടുറപ്പിനുവേണ്ടി വിനിയോഗിച്ചു. കെ.സി. മാമ്മൻ മാപ്പിള തന്റെ വിപുലമായ രാഷ്ട്രീയ സാമുദായിക സമ്പർക്കവും മലയാള മനോരമ പത്രാധിപർ എന്ന നിലയിലുള്ള ജനസ്വാധീനവും സഭയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തി. എം. എ. ചാക്കോ കൊച്ചി രാജ്യത്തെ സമുന്നതനായ പോലീസ് അധികാരി എന്ന നിലയിൽ നിയമാനുസൃതമായിത്തന്നെ സ്ഥാനം സഭയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തി. റാവു സാഹിബ് ഒ.എം. ചെറിയാൻ ഇവരിൽ നിന്നു വ്യത്യസ്തനായി തന്റെ പാണ്ഡിത്യവും ധിഷണാശേഷിയും വാഗ്മിത്വവും കൊണ്ട് സഭാംഗങ്ങളുടെ ആത്മവീര്യത്തെ ഉണർത്തുകയും അവരെ വിശ്വാസ സ്ഥിരതയിൽ നിർത്തുകയും ചെയ്തു.

കേരളത്തിൽ നിന്ന് (അന്ന് മൂന്നു രാജ്യങ്ങൾ) തിരികെ പ്പോയശേഷം വ്യവഹാരസംബന്ധമായി ഇവിടേക്ക് അയച്ച കല്പനയിൽ മലങ്കര സഭയെ ഓർത്തഡോക്സ് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. യേരുശലേമിലെ ആംഗ്ലിക്കൻ ബിഷപ്പ് 1934-ൽ എഴുതിയ ഒരു കത്തിൽ കേരളീയ സഭയെ സുറിയൻ ഓർത്തഡോക്സ് സഭ എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. ഓർത്തഡോക്സ് എന്ന പ്രയോഗത്തിന്റെ സാധുതയെക്കുറിച്ച് ഈ ചരിത്ര ലക്ഷ്യങ്ങളുടെ സഹായത്തോടെ യുക്തിപൂർവ്വം ചിന്തിച്ച് ഒ. എം. ചെറിയാൻ ഇപ്രകാരം പ്രഖ്യാപിക്കുന്നു. ഓർതോ ദുക്സോ എന്നതു മലങ്കര സുറിയാനി സഭയുടെ നാമവും വേറൊന്നും അതിന്റെ നാമമല്ലാത്തതും, അന്ത്യോഖ്യയിലും ഇതര ഭൂവിഭാഗങ്ങളിലും പെട്ടവർ ഈ സഭയ്ക്കു വേറെ നാമം അറിയുന്നില്ലാത്തതും ആകുന്നു".

പുരാതന കാലം മുതൽ മലങ്കര സഭ ഒരു ഓർത്തഡോക്സ് സഭയാണെന്ന് ചരിത്ര രേഖകളുടെ സഹായത്തോടെ വ്യക്തമാക്കിയതിനു ശേഷം അദ്ദേഹം കാതോലിക്കേറ്റ്, കാതോലിക്കോസ് എന്നീ പദങ്ങളെ വ്യാഖ്യാനിക്കുന്നു. ബാർ എബ്രായയുടെ എക്ലീസിയാസ്റ്റിക്കി ആധാരമാക്കിയാണ് കാതോലിക്കേറ്റിനെ അദ്ദേഹം വ്യാഖ്യാനിക്കുന്നത്. ഓർത്തഡോക്സ് സഭ അതി ഭീതിദമായ പ്രശ്നങ്ങളെ എപ്രകാരമാണ് അതിജീവിച്ചിട്ടുള്ളത് എന്നും എക്ലിസിയാസ്റ്റിക്കിയുടെ പല സുപ്രധാന ഭാഗങ്ങളും ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വ്യക്തമാക്കുന്നു. മലങ്കരസഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള വ്യക്തമായ പരിഹാരം ചരിത്രത്തിൽനിന്നുതന്നെ നിർദ്ധാരണം ചെയ്യാവുന്നതാണ് എന്നത്രെ അദ്ദേഹത്തിന്റെ അഭിപ്രായം. "........ഇപ്പോൾ മത്സരം അധികമായിരിക്കുന്ന മലങ്കരയിൽ, മേൽചരിത്രത്തിൽ നിന്ന് ആരെങ്കിലും എടുത്തുകാണിക്കുന്ന അനുമാനങ്ങൾ-പക്ഷപാത ദൂഷിതമാണ് എന്ന് അനുമാനിക്കുവാനും വാശിക്കു വളം കൂടുവാനും ഇടയുണ്ട് എന്നു പേടിക്കേണ്ടിയിരിക്കുന്നു. എന്നാൽ മേൽ ചരിത്രത്തിൽ കാണുന്ന പല ഘട്ടങ്ങളും മലങ്കരയിൽ ഇപ്പോൾ കാണുന്ന അവസ്ഥകളെ അപേക്ഷിച്ച്, അതിദൂരം നീചമായവ ആണ് എന്നും അവയ്ക്കു പിതാക്കന്മാർ കല്പിച്ച പരിഹാരമാർഗ്ഗങ്ങളെ കവിഞ്ഞ മാർഗ്ഗങ്ങളെ നാം തേടേണ്ടതില്ല എന്ന് അനുമാനം ചെയ്യുവാൻ-ഇന്നു മലങ്കര സഭയിലുള്ള സർവ്വരും സ്മരിക്കുമെങ്കിൽ-നന്നായി. കാതോലിക്കായെ വാഴിക്കേണ്ട രീതി എങ്ങനെ? അതിന് ആരുടെയെല്ലാം അനുമതി ആവശ്യമായിരുന്നു? സർക്കാർ അധികാരപത്രം ഇല്ലാത്തവർ പട്ടത്വത്തിന്റെ നൽവരമില്ലാത്തവരായി എത്രത്തോളം ഗണിക്കപ്പെട്ടിരുന്നു? അധികാര ദ്രോഹം ചെയ്യുക മാത്രമല്ല പാഷാണ്ഡ മതം സ്വീകരിച്ചവരെന്ന അപരാധത്തെ അർഹിച്ചവർതന്നെ തിരിയെ വന്ന സമയം സ്വീകൃതരാകുന്നതിൽ കൈവയ്പിന് എത്രകണ്ട് ആവശ്യമുണ്ടായി? ഒന്നിലധികം കാതോലിക്കാമാരും പാത്രിയർക്കീസന്മാരും പിണങ്ങി പട്ടം കൊടുക്കുകയും മുടക്കുകയും ചെയ്ത മേല്പട്ടക്കാർ, അവസാനത്തിൽ സ്വീകരിക്കപ്പെടുക അല്ലായിരുന്നുവോ? കാതോലിക്കായുടെ സമ്മതം കൂടാതെ സ്ഥാനത്തു കയറിയ പാത്രിയർക്കീസന്മാരുടെ അനന്തര ചരിത്രമെങ്ങനെ? കാതോലിക്കേറ്റിൽ പാത്രിയർക്കീസിന് എത്രകണ്ട് അധികാരമുണ്ട്? എന്നിങ്ങനെ മലങ്കരയിൽ ഏതാനും വർഷങ്ങളായി കേട്ടു പോരുന്ന വിവിധ പ്രശ്നങ്ങൾക്ക് മറുപടി മുകളിൽ കാണുന്ന കാതോലിക്കേറ്റു ചരിത്രത്തിൽ ഉണ്ട്...."

മലങ്കരെയുള്ള പുരാതന സുറിയാനി ക്രിസ്ത്യാനികളുടെ ആത്മീയ നേതാവ് കാതോലിക്കാ ആയിരുന്നെന്നും പാത്രിയർക്കീസ് അവർക്ക് അപരിചിതനായിരുന്നെന്നും പുരാതന പാട്ടുകൾ ഉദ്ധരിച്ച് ഒ.എം. ചെറിയാൻ സമർത്ഥിക്കുന്നു.

"മലങ്കരെ പരമ്പരയാ അറിയപ്പെട്ടിരുന്ന മേലധികാരികളും കാതോലിക്കാമാരായിരുന്നു. നീണ്ട ചരിത്രമുള്ള മലങ്കര ഓർതോ ദുക്സോ സുറിയാനി സമുദായത്തിന്റെ ചരിത്രത്തിൽ - ഒരു മനുഷ്യന്റെയോ തലമുറയുടെയോ ആയുസ്സിന്റെ നീളം, നിസ്സാരമാണ്. ഏതാനും ദശവർഷങ്ങളിൽ കാതോലിക്കായെ കാണാതെയും, പാത്രിയർക്കീസിനെ കണ്ടും പരിചയിച്ച മലങ്കരയിൽ പലരും ഇവിടം കാതോലിക്കാ സിംഹാസനത്തിന്റെ അതിർത്തിയിൽ പെട്ടിരുന്നുവോ എന്നതിനെക്കുറിച്ച് യഥാർത്ഥമായ സംശയമുള്ളവർ ആയിരിക്കാം. എന്നാൽ നമ്മുടെ പൂർവ്വികന്മാരാകട്ടെ, പാത്രിയർക്കീസിനെക്കുറിച്ചു അങ്ങിങ്ങുമാത്രം കേട്ടും, കാര്യമായ സർവ്വ സ്ഥാനങ്ങളിലും കാതോലി

ശേഷം 12-ാം പേജിൽ

## 3-ാം ചരമ വാർഷികം

## 13-10-2002



**G. DANIEL (GEORGEKUTTY)**

**THENGUMTHARAYIL**

**KARIPUZHA, MAVELIKARA-690109**

***BY SORROWING FAMILY***







**സി.സി. ചെറിയാൻ**
ചാരുനിൽക്കുന്നതിൽ
മുളക്കുഴ പി.ഒ.
ചെങ്ങന്നൂർ
ഫോൺ:-0479-468089

# മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ സഭയെക്കുറിച്ചുള്ള സ്വപ്നങ്ങൾ

ആഗോള ക്രൈസ്തവ സഭകളിൽ പാരമ്പര്യം കൊണ്ടും, ആചാരാനുഷ്ഠാനങ്ങൾ കൊണ്ടും ശ്രേഷ്ഠ സ്ഥാനം സ്വന്തമാക്കിയ മലങ്കര ഓർത്തഡോക്സ് സഭയിൽ ഇന്ന് നിലവിലുള്ള ചില സംവിധാനങ്ങളിൽ കാലോചിതമായ മാറ്റം അനിവാര്യമാണ് എന്ന ശക്തമായ ചിന്തയിൽ നിന്നും രൂപം കൊണ്ട ചില ആശയങ്ങൾ താഴെ കുറിക്കുന്നു. പ്രായോഗിക വൈഷമ്യമുണ്ടന്ന് പലരും ധരിക്കുകയോ, തെറ്റിധരിക്കുകയോ ചെയ്യുന്ന പല കാര്യങ്ങളും പ്രവൃത്തി പഥത്തിൽ കൊണ്ടു വരുവാൻ കൂട്ടായ പ്രവർത്തനവും ഉള്ളു തുറന്ന സമീപനവും ഈ അവസരത്തിൽ അനിവാര്യമാണ്.

ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കുകയും അത് പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും വേണം.

1) വിദേശ ഇടവകകൾ ഇപ്പോൾ നിലനില്ക്കുന്ന ഭദ്രാസനങ്ങൾക്ക് ഒരു ഇടവക ആ ഭദ്രാസനത്തിൽത്തന്നെ നില നിർത്തുവാൻ അനുവദിക്കേണ്ടതാണ്.

ഉദാ:- യു.എ.ഇ., ബഹറിൻ, കുവൈറ്റ്, ഖത്തർ, മസ്ക്കറ്റ്, സിംഗപ്പൂർ എന്നീ സ്ഥലങ്ങളിലെ ഇടവകകൾ (ഇത് ഉൾക്കൊള്ളുന്ന ഭദ്രാസനങ്ങൾക്ക് ഒരോ ഇടവക നിലനിർത്തിക്കൊണ്ട് ബാക്കി ഇടവകകൾ) കേരളത്തിന്റെ വടക്കൻ മേഖലകളിലുള്ള ഇടുക്കി, മലബാർ,

### 1 ഭദ്രാസന പുനർനിർണ്ണയം

നമ്മുടെ പല ഭദ്രാസനങ്ങളുടെയും രൂപീകരണത്തിൽ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾക്ക് ഒട്ടും പ്രാധാന്യം നൽകിയിട്ടില്ല. ഇടവക പള്ളികളുടെ വരുമാനം വലിപ്പച്ചെറുപ്പം കണക്കാക്കി പല പള്ളികളെയും പലരുടെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി ചില ഭദ്രാസനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട് ചില ഭദ്രാസന ആസ്ഥാനങ്ങളുടെ സമീപത്തുള്ള പള്ളികൾ പോലും മറ്റു ഭദ്രാസനത്തിൽ ഇപ്പോൾ നില നില്ക്കുന്നു. ഭദ്രാസന പുനർനിർണ്ണയത്തിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

ഭാരതത്തിനു വെളിയിലുള്ള ഇടവകകളെ സ്വന്തമാക്കുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ള ഡൽഹി, മുംബൈ, കൊൽക്കത്ത, മദ്രാസ് എന്നീ ഭദ്രാസനങ്ങളും ഇന്ന് സുരക്ഷിതരാണ്. സഭയിലെ പല സഹോദര ഭദ്രാസനങ്ങളും അവിടെ കഷ്ടപ്പെടുന്ന വൈദികരും ഈ ഇടവകകളുടെ സഹകരണം ആഗ്രഹിച്ചാൽ അതിനെ കുറ്റം പറയുവാൻ പറ്റില്ലല്ലോ? പ്രാദേശിക ചിന്തവെടിഞ്ഞ് സഭയുടെ വളർച്ചയെ ഒന്നായി കാണുന്നതിനും, പുരോഗതി എല്ലാ ഭാഗങ്ങളിലും എത്തുന്നതിനുമായി നമ്മൾ പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്തേ മതിയാവൂ.

സുൽത്താൻബത്തേരി, തൃശൂർ, അങ്കമാലി ഈസ്റ്റ് & വെസ്റ്റ്, കണ്ടനാട് ഈസ്റ്റ് & വെസ്റ്റ് എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെടുത്തണം.

2) ഓരോ ഭദ്രാസനത്തിൽ നിന്നും അതിൽ ഉൾപ്പെട്ട വിദേശ ഇടവകയിലേക്ക് വൈദികരെ സ്ഥലം മാറ്റുന്നതിൽ നിശ്ചിത മാനദണ്ഡം പുലർത്തുകയും ഈ സ്ഥലം മാറ്റം രണ്ടു വർഷത്തേക്കു കർശനമായി പരിമിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3) അമേരിക്ക, യു.കെ.-കാനഡ ഭദ്രാസനങ്ങളിൽ ആ പ്രദേശത്തു മാത്രമുള്ള ഇടവകകൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ ആ ഭദ്രാസനങ്ങളിലെ ഇടവകകളുടെ വാർഷിക വരുമാനത്തിന്റെ നിശ്ചിത ശതമാനം കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ടതും ആ തുക കേരളത്തിനകത്തുള്ള പ്രയാസം അനുഭവിക്കുന്ന ഇടവകകളുടെയും പൊതു പദ്ധതികളുടെയും വളർച്ചയ്ക്കായി മാറ്റി വെയ്ക്കേണ്ടതുമാണ്.

ചില ഭദ്രാസനങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂരിപക്ഷങ്ങൾ നിത്യവൃത്തിക്ക് പ്രയാസപ്പെടുമ്പോൾ അവിടെയുള്ള പള്ളി

ചെങ്ങന്നൂർ ഭദ്രാസന മാനേജിംഗ് കമ്മറ്റിയംഗം, പിരളശ്ശേരി സെ.ജോർജ്ജ് കാതോലിക്കേറ്റ് സിംഹാസനപള്ളി ഇടവകാംഗം. മുളക്കുഴ സെഞ്ചുറി ഹോസ്പിറ്റൽ പബ്ലിക്ക് റിലേഷൻ ഓഫീസർ, സോളമൻ പബ്ലിക് സ്ക്കൂൾ ചെയർമാൻ, സിംഹാസനപള്ളി പുനർനിർമ്മാണ പ്രവർത്തന കൺവീനറായി ഇപ്പോൾ പ്രവർത്തിക്കുന്നു. ഷില്ലോംഗ്, ദുബായ് ഇടവകയുടെ സെക്രട്ടറിയായും ഡെൽഹി മെത്രാസന അസംബ്ലി മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്.

ഈ പംക്തിയിൽ വരുന്ന അഭിപ്രായങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമായിരിക്കും. ഈ പംക്തിയിലേക്ക് ലേഖനങ്ങൾ അയയ്ക്കുമ്പോൾ ആവർത്തിക്കുന്ന അഭിപ്രായങ്ങൾ ഒഴിവാക്കുകയും പുരോഗമനവും കാലോചിതവും പ്രായോഗികവുമായ വീക്ഷണങ്ങൾ അവതരിപ്പിക്കുവാനും ശ്രദ്ധിക്കുക -പത്രാധിപർ.

കൾ പൊതുവായും ഭദ്രാസനം പ്രത്യേകമായും അനുദിനം മുരടിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഭദ്രാസനങ്ങളുടെയും അധിപൻമാരുടെയും പ്രാദേശിക സങ്കുചിതത്വങ്ങൾ മാറ്റി സഭയെ ഒന്നായി കാണുവാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയും. ഹൈ-ടെക് ഭദ്രാസനങ്ങളായി വളരുന്ന ഒരു വിഭാഗവും, പ്രതിദിന ചെലവുകൾക്കു ബുദ്ധിമുട്ടുന്ന മറ്റൊരു വിഭാഗവും നമ്മുടെ സന്തുലന സ്ഥിതിക്ക് ഒരു അപവാദമാണ്.

**കമ്മറ്റി രൂപീകരണം:-**

ഇന്ന് സഭയിൽ അഭിപ്രായങ്ങൾക്കും, കമ്മറ്റികൾക്കും ഒരു പഞ്ഞവുമില്ല. സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്രദമായ ഒരു പ്രൊജക്ട് പോലും പ്രാവർത്തികമാക്കുവാൻ കഴിയുന്നില്ല എന്നത് ലജ്ജാകരമാണ്. ഇന്ന് സഭയ്ക്ക് സ്വന്തമായുള്ള സ്ഥാപനങ്ങൾ പലതും പണം കൊയ്യുവാനുള്ള മാർഗ്ഗമായി അധഃപതിച്ചു പോയോ എന്ന് സംശയിക്കുന്നു. കോളേജ്, സ്ക്കൂൾ പ്രവേശനം, അദ്ധ്യാപക നിയമനം, സ്ഥലം മാറ്റം തുടങ്ങിയ എല്ലാ കാര്യങ്ങളിലും യോഗ്യതയേക്കാൾ സ്ഥാനം പണത്തിനാണെന്ന് പരക്കെ പറഞ്ഞു കേൾക്കുന്നു. ഈ ആരോപണം ശരിയല്ല എങ്കിൽ പോലും ഇങ്ങനെ ഒരു ധാരണ സമൂഹത്തിൽ എന്തുകൊണ്ട് ഉണ്ടായി എന്ന് ആത്മപരിശോധന നടത്തേണ്ടത് ആവശ്യമല്ലേ?

ആത്മാർത്ഥതയോടെ പ്രവർത്തിക്കുവാൻ കഴിവുള്ള സഭാ മക്കളായ ധാരാളം "പ്രൊഫഷണൽസ്" സൗജന്യ സേവനത്തിനു പോലും സന്നദ്ധരായി മുൻനിരയിലേക്ക് കടന്നു വരുവാൻ തയ്യാറായി നില്പുണ്ട്. അവർക്ക് അവസരം കിട്ടാത്തതുകൊണ്ട് അവരുടെ കഴിവും, ലഭിച്ച താലന്തുകളും നമുക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. സഭയുടെ വളർച്ചയ്ക്കും നല്ല ഭാവിക്കും വേണ്ടി പ്രവർത്തിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന അനുഭവങ്ങൾ നേതൃതലങ്ങളിൽ നിന്നും അനുഭവിക്കേണ്ടി വരുന്നത് വളരെ ശോചനീയമാണ്. ഒരു രൂപയെങ്കിലും സംഭാവന തരുന്ന വ്യക്തിക്ക് ആ പണം എങ്ങനെ ചെലവഴിച്ചു എന്ന് അറിയുന്നതിന് അവകാശമുണ്ട്.

ദീർഘ വീക്ഷണത്തോടെ ഉപകാരപ്രദമായ പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കുവാൻ കഴിവുള്ള നല്ല ഒരു "PLANNING COMMITTEE" രൂപീകരിച്ച് അതിന്റെ പ്രവർത്തനം സുഗമമാക്കാനുള്ള സംഗതികൾ ക്രമീകരിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ സുതാര്യവും പ്രയോജന പ്രദവുമായിരിക്കണം. അഭ്യസ്ത വിദ്യരായ തൊഴിൽ

> **മേലെഴുത്തിനും പ്രശസ്തിക്കും വേണ്ടി മാത്രം കമ്മറ്റിയുടെ ചുമതല വഹിക്കുകയും അംഗങ്ങളാകുകയും ചെയ്യുന്നവർ പുരോഗമന പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാണ്. ഇടവക, ഭദ്രാസന-കേന്ദ്ര തല പ്രവർത്തനങ്ങൾ ചലനമറ്റു കിടക്കുന്നതിന്റെ പ്രധാന കാരണക്കാർ ഈ "വഴിമുടക്കികൾ" ആണ്. നിർജ്ജീവ പ്രവർത്തകരെ പുറന്തള്ളി പ്രവർത്തിക്കുവാൻ സന്നദ്ധരായവരെ അംഗീകരിക്കുവാൻ തയ്യാറാകണം.**

രഹിതർ ഏറ്റവും അധികമുള്ള നമ്മുടെ സംസ്ഥാനത്ത് തൊഴിൽ ദാനത്തിനു വേണ്ടി സഭാ മക്കൾക്കായി ഒരു ചെറുവിരൽ അനക്കുവാൻ പോലും സഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഒരുവർഷം ഒരു ഭദ്രാസനത്തിൽ നിന്നും 100 പേർക്ക് എങ്കിലും സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാൻ സഭയ്ക്ക് കഴിയണം.

സഭാ മാനേജിംഗ് കമ്മറ്റിയിൽ നിന്നും വിവിധ സബ് കമ്മറ്റികൾ രൂപീകരിക്കുമ്പോൾ ഓരോ കമ്മറ്റിക്കും പ്രസിഡന്റായി ഒരു മെത്രാപ്പോലീത്തായെയും കൺവീനറായി ഒരു ആത്മായനെയും തെരഞ്ഞെടുക്കണം. കമ്മറ്റി വിളിച്ചു കൂട്ടുന്നതിനുള്ള അധികാരം കൺവീനർക്കു നൽകണം. കൺവീനർ വിളിച്ചു കൂട്ടുന്ന മീറ്റിങ്ങിന്റെ റിപ്പോർട്ടു പ്രസിഡന്റിന്റെ അറിവോടെ അടുത്ത മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കണം. (പ്രസിഡന്റിന്റെ സമയം നോക്കിയിരുന്നാൽ 5 വർഷത്തിൽ ഒരിക്കൽ പോലും സബ് കമ്മറ്റി കൂടുവാൻ സാധിക്കുകയില്ല.)

**മാനേജിംഗ് കമ്മറ്റിയുടെ പ്രവർത്തനം:-**

i) 3 മാസത്തിൽ ഒരിക്കൽ സബ് കമ്മറ്റിയുടെ പ്രവർത്തനവും റിപ്പോർട്ടും മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും പുരോഗമനം വിശകലനം ചെയ്യുകയും വേണം.

ii) നിർജ്ജീവമായ കമ്മറ്റികൾ പിരിച്ചുവിട്ട് പുനഃസംവിധാനം ഏർപ്പെടുത്തണം.

iii) ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കൽ മാനേജിംഗ് കമ്മറ്റി വിളിച്ചുകൂട്ടി സഭയുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്തണം.

iv) ഓരോ മാനേജിംഗ് കമ്മറ്റി യോഗത്തിന്റെ തീരുമാനങ്ങൾ അച്ചടിച്ച് എല്ലാ ഇടവകകൾക്കും അയച്ചു കൊടുക്കുകയും ആവശ്യമെങ്കിൽ സഭാ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും വേണം.

v) മാനേജിംഗ് കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാനുള്ള ചുമതല മാത്രം വർക്കിംഗ് കമ്മറ്റിയെ ഏല്പിക്കണം. അല്ലാതെ വർക്കിങ്ങ് കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാനും അംഗീകരിക്കാനുമുള്ള സമിതി ആയിട്ട് സഭാ മാനേജിംഗ് കമ്മറ്റിയെ കാണരുത്.

മേലെഴുത്തിനും പ്രശസ്തിക്കും വേണ്ടി മാത്രം കമ്മറ്റിയുടെ ചുമതല വഹിക്കുകയും അംഗങ്ങളാകുകയും ചെയ്യുന്നവർ പുരോഗമന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാണ്. ഇടവക, ഭദ്രാസന-കേന്ദ്ര തല പ്രവർത്തനങ്ങൾ ചലനമറ്റു കിടക്കുന്നതിന്റെ പ്രധാന കാരണക്കാർ ഈ "വഴിമുടക്കികൾ"



ആണ്. നിർജ്ജീവ പ്രവർത്തകരെ പുറന്തള്ളി പ്രവർത്തിക്കുവാൻ സന്നദ്ധരായവരെ അംഗീകരിക്കുവാൻ തയ്യാറാകണം.

**പിരിവുകൾ**

വിദേശ പിരിവ് ഇന്ന് ഒരു വാർത്തയല്ലാതായി തീർന്നിരിക്കുന്നു. ഗൾഫിലും, അമേരിക്കയിലും സഭയുടെ പേരു പറഞ്ഞ് പിരിക്കുന്ന പണം യാതൊരു ദീർഘവീക്ഷണവും ഇല്ലാതെയുള്ള പല കാര്യങ്ങൾക്കും ആണ് വിനിയോഗിക്കുന്നത്. ഇതിൽ ട്രസ്റ്റുകളും, സൊസൈറ്റികളും, വ്യക്തികളുടെ സ്മാരകങ്ങളും ഒക്കെ ഉൾപ്പെടുന്നു. കോൺക്രീറ്റു സംസ്ക്കാരം വ്യാപകമായതോടെ പെട്ടെന്നുള്ള തീരുമാനങ്ങളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ഇത്തരം പല പദ്ധതികളും ഭാവിയിൽ നാഥനില്ലാ കളരിയായി തീരുകയാണ് പതിവ്. മണൽക്കാടുകളിൽ വസിക്കുന്ന നമ്മുടെ സഭാ മക്കളെപ്പറ്റി പലരുടെയും ധാരണ യാഥാർത്ഥ്യവുമായി പൊരുത്തമില്ലാത്തതാണ്. ഗൾഫിലെ ദേവാലയങ്ങൾ സന്ദർശിക്കുന്ന വൈദികരും, മേൽപട്ടക്കാരും തങ്ങളുടെ മുന്നിൽ കാണുന്ന സഭാ വിശ്വാസികളെ ഒന്നിനും കുറവില്ലാത്ത ധനികന്മാരെന്ന ചിന്തയിലാണ് കാണുന്നത്. അങ്ങനെയുള്ള ചിന്തയുടെ ബഹിർസ്ഫുരണം പല പുതിയ പ്രൊജക്ടുകളായി വെളിയിൽ വരികയും അവിടെ "പിരിവ്" ആരംഭിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവർ ചിന്തിച്ചതിലും അധികം പണം ശേഖരിക്കുവാനും കഴിയുന്നു.

ഇനിയും യാഥാർത്ഥ്യത്തിലേക്ക് കടക്കുമ്പോൾ മരുഭൂമിയിലെ മണലു പോലെ ചുട്ടുപഴുത്ത ജീവിതത്തിന്റെ തനിനിറം നമുക്ക് മനസ്സിലാകും. നാട്ടിലെ പ്രാരാബ്ധങ്ങളും പേറി, സ്വന്തപ്പെട്ടവരെ നാട്ടിൽ ഇട്ട് എങ്ങനെയെങ്കിലും ജീവിത് വൃത്തി നടത്തുവാൻ കഷ്ടപ്പെടുന്നവരാണ് ഗൾഫ് മലയാളികളിൽ ഏറിയ പങ്കും. എന്നിരുന്നാലും സഭയോടും ദൈവത്തോടും ഉള്ള ഭക്തിയും സ്നേഹവും കൊണ്ട് അവർ ഒന്നായി നമ്മുടെ ആരാധനാലയങ്ങളിൽ വരികയും ശരീരം കൊണ്ടും, പണം കൊണ്ടും ആത്മാർത്ഥമായി എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും ചെയ്യുന്നു. നാട്ടുകാരുമായി സൗഹൃദം പങ്കുവെയ്ക്കുവാനും അനുദിന ജീവിതത്തിലെ പ്രയാസങ്ങൾക്ക് കുറച്ച് ആശ്വാസം നേടുവാനുമാണ് വി. കുർബ്ബാനയ്ക്കായി ഏവരും വന്നു ചേരുന്നത്. ഭാര്യയും ഭർത്താവും കഷ്ടപ്പെട്ട് ജോലി ചെയ്തിട്ടും സ്വന്തമായി ഒരു ഫ്ളാറ്റ് എടുക്കുവാൻ കഴിവില്ലാതെ മറ്റു കുടുംബവുമായി മുറികൾ പങ്കുവച്ച് കഷ്ടപ്പെട്ട് ജീവിക്കുന്ന 80 ശതമാനവും അതിൽ അല്പം കൂടി ഉയർന്ന അഥവാ ശരാശരിക്കാരായ 15 ശതമാനവും ശരാശരിക്കു മുകളിലുള്ള കേവലം 5 ശതമാനവുമാണ് നമ്മുടെ സഭാമക്കൾ എങ്കിലും എല്ലാ കഷ്ടതകളും മറന്ന് എല്ലാവരും ഒരുപോലെ എല്ലാകാര്യങ്ങളിലും സഹകരിക്കുന്നതുകൊണ്ട് പിരിവിനു വരുന്നവർക്ക് യാഥാർത്ഥ്യം മനസ്സിലാക്കുവാൻ കഴിയാതെ പോകുന്നു പിരിവിന്റെ ആധിക്യം മൂലം ഗൾഫിലെ ഇടവകകളുമായി ബന്ധപ്പെടാതെയും അംഗത്വമെടുക്കാതെയും ഇരിക്കുന്ന അനേകം ഓർത്തഡോക്സ് വിശ്വാസികൾ അവിടെ ഉണ്ടെന്നുള്ളതും പ്രത്യേകം അനുസ്മരിക്കുന്നു.

ഇങ്ങനെ കൊടുക്കുന്ന പണം ശരിയായ രീതിയിൽ വിനയോഗിച്ചില്ലങ്കിൽ ദൈവം പോലും പൊറുക്കില്ലാ എന്ന് മനസ്സിലാക്കേണ്ടതാണ്. ഗൾഫിൽ വച്ച് കൈ തുറന്ന് സംഭാവന നൽകിയ ശേഷം നാട്ടിൽ വന്ന് കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിനോ അതു പോലെയുള്ള മറ്റാവശ്യങ്ങൾക്കോ അധികാരികളെ സമീപിക്കുമ്പോൾ മുമ്പെന്നോ കണ്ട ഭാവം പോലും നടിക്കാതെയുള്ള പ്രതികരണം ഏറെ വേദനയുളവാക്കുന്നതാണ്.

1) വിദേശ ഇടവകകളിൽ നിന്നുള്ള പണം പല കൈകളിലും പ്രസ്ഥാനങ്ങളിലും പോകാതെ പ്ലാനിംഗ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം സഭാ മാനേജിംഗ് കമ്മറ്റി അംഗീകരിക്കുന്ന രണ്ടോ മൂന്നോ പദ്ധതികൾ ഓരോവർഷവും നടപ്പാക്കണം.

2) ഇങ്ങനെ മാനേജിംഗ് കമ്മറ്റി അംഗീകരിക്കുന്ന പദ്ധതികൾക്കു മാത്രമേ പണപ്പിരിവിനുള്ള കല്പന പ. ബാവാ തിരുമേനി കൊടുക്കാവൂ.

3) ഈ പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും സമയാസമയങ്ങളിൽ പണം തരുന്നവരെ അറിയിച്ചുകൊണ്ടിരിക്കണം.

4) സഭാമക്കളിൽ നിന്നും പിരിക്കുന്ന പണം ട്രസ്റ്റിന്റെയോ, സൊസൈറ്റിയുടെയോ, വ്യക്തിയുടെയോ പേരിലുള്ള പ്രസ്ഥാനങ്ങൾക്ക് ഉപയോഗിക്കാതെ സഭയുടെ പേരിൽ പദ്ധതികൾ ഉണ്ടാക്കുക.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള നമ്മുടെ സഭ സഹോദരീസഭകളോടൊപ്പം വളരുവാനും പ്രവർത്തിക്കുവാനുമുള്ള ശേഷി ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി ശ്രമിക്കേണ്ടിയിരിക്കുന്നു.

**ഭദ്രാസനാധിപന്മാരുടെ സ്ഥലം മാറ്റം:-**

ഇന്ന് സഭയിൽ ഏറ്റവും അധികം ആളുകൾ ആഗ്രഹിക്കുന്നതും ചർച്ച ചെയ്യുന്നതുമായ ഒരു വിഷയമാണ് ഇത്. മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുപ്പിൽ ജനങ്ങളിൽ നിന്നും ഉയർന്നു വന്ന പ്രധാന ആവശ്യങ്ങളിൽ ഒന്ന് ഇതായിരുന്നു.

സ്ഥലം മാറ്റം മൂലം എല്ലാ പിതാക്കന്മാരുടെയും പ്രവർത്തനവും അനുഗ്രഹവും തങ്ങൾക്കും ആവിശ്യമാണെന്നുള്ള ചിന്താഗതിയാണ് ഈ ആഗ്രഹത്തിന്റെ പിന്നിലുള്ള പ്രേരണാശക്തി.

സഭയെ ഒന്നായി കാണേണ്ട മെത്രാപ്പോലീത്തന്മാരുടെ ഭാഗത്തുനിന്നും ഈ നീക്കം ഉണ്ടായില്ലെങ്കിൽ ജനങ്ങളുടെ ആവശ്യപ്രകാരം ഇതു നടപ്പാക്കുവാൻ നിർബന്ധിതരായി തീരുമെന്നുള്ള നിലയിലേക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നു എന്ന് മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വൈദികർക്ക് മൂന്നു വർഷത്തിൽ ഒരിക്കൽ ചിട്ടയായ സ്ഥലം മാറ്റം നടത്തുന്നതുപോലെ ഭദ്രാസനാധിപന്മാരുടെ സ്ഥലംമാറ്റം അഞ്ചുവർഷത്തിൽ ഒരിക്കൽ നിർബന്ധമായും നടത്തിയിരിക്കണം.

ഭദ്രാസനാധിപന്മാർ സഭയുടെ വളർച്ചയ്ക്കുവേണ്ടി ഈ കാര്യത്തിൽ മുൻകൈ എടുക്കേണ്ടതാണ്. സ്തുതിപാഠകന്മാരുടെയും കയ്യാളുകളുടെയും താൽപ്പര്യപ്രകാരം ഇന്നു നടക്കുന്ന ഭദ്രാസന ഭരണരീതി മാറ്റി സംശുദ്ധമായി നീക്കങ്ങൾ ഉണ്ടാക്കുവാൻ ഇത് ഏറ്റവും ആവശ്യമാണ്.

**സെൻട്രൽ സെക്രട്ടേറിയറ്റ്:-**

20 ലക്ഷത്തിലധികം വരുന്ന അംഗങ്ങൾ ഉള്ള സഭയുടെ എല്ലാ പ്രൗഢിയും നിലനില്ക്കുന്ന ഒന്നാണ് നമ്മുടെ സഭാ കേന്ദ്രമായ ദേവലോകം. എന്നാൽ ബാഹ്യമായ പ്രൗഢിയും ഗാംഭീര്യവും ആന്തരിക "അഡ്മിനിട്രേഷനിലും" കോ-ഓർഡിനേഷനിലും ഒട്ടും കാണുവാനില്ല.

(പിന്നീട് മതോപദേശസാരങ്ങൾ എന്നു പുനർനാമകരണം ചെയ്യപ്പെട്ടു) എന്ന കൃതിയുടെ വൈശിഷ്ട്യം കൊണ്ടാണ് അക്കാലത്തെ ഏറ്റവും മികച്ച പണ്ഡിതനായിരുന്ന അദ്ദേഹത്തിനു മലങ്കര മല്പാൻ സ്ഥാനം നൽകിയത് (മലങ്കര ഇടവക പത്രിക 1892 വൃശ്ചികം പുസ്തകം 1, ലക്കം 2, പേജ് 180) പതിവിനു വിരുദ്ധമായി അന്ത്യോഖ്യാ പാത്രിയർക്കീസ് പ. പത്രോസ് തൃതീയനാണ് വട്ടശ്ശേരിൽ മല്പാന് ഈ സ്ഥാനം നൽകിയത്. രണ്ടുപേർ മലങ്കര മല്പാൻ സ്ഥാനം വഹിച്ച ഏകകാലം 1892 മുതൽ മാത്തൻ മൽപ്പാൻ മരിച്ച 1927 വരെയുള്ള വർഷങ്ങൾ മാത്രമാണ്. മലങ്കര മല്പാൻമാരിൽ ഏറ്റവും പ്രഗൽഭരും പ്രശസ്തരും ഇവർ രണ്ടു പേരുമാണ്.

വട്ടശ്ശേരിൽ മൽപ്പാൻ പിന്നീട് മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തനായി. വിവാഹിതനായ കോനാട്ട് മാത്തൻ മൽപ്പാനെ 1926-ൽ വിപുലമായ സ്ഥാനമാനങ്ങളോടെ കോർഎപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കുയർത്തി. 1912 നു ശേഷം ഇവർ രണ്ടാളും വിരുദ്ധ ചേരികളുടെ നേതാക്കളായെങ്കിൽ മാത്തൻ മല്പാന്റെ ജീവിത കാലത്തോ അതിനുശേഷമോ മറ്റൊരാളെ മലങ്കര മൽപ്പാൻ സ്ഥാനത്തേക്കുയർത്താൻ മറ്റൊരു മലങ്കര മല്പാനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ ശ്രമിച്ചില്ല എന്നതു ശ്രദ്ധേയമാണ്. അന്ന് ഈ സ്ഥാനത്തിനു യോഗ്യരായ പ്രഗൽഭരായ അനേകം മൽപ്പാൻ മാർ ഉണ്ടായിരുന്നു എന്നതും പരിഗണിക്കണം.

1927-ൽ മാത്തൻ മൽപ്പാൻ മരിച്ച ശേഷം നീണ്ട 36 വർഷങ്ങൾക്കു ശേഷമാണ് പുത്രൻ കോനാട്ട് അബ്രഹാം കത്തനാർ രണ്ടാമനെ മലങ്കര മല്പാനായി നിയമിച്ചത്. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി മാത്തൻ മൽപ്പാൻ അന്തരിക്കുമ്പോൾ അബ്രഹാം കത്തനാർക്ക് 19 വയസ് മാത്രമായിരുന്നു പ്രായം. രണ്ടാമതും എന്നാൽ പ്രധാനവുമായ സംഗതി അന്ന് രണ്ടു കക്ഷിയായി പിരിഞ്ഞു നിന്നിരുന്ന സഭയിലെ കലാപകലുഷിതമായ അന്തരീക്ഷമായിരുന്നു. സഭാ സമാധാനത്തിനുശേഷം 1963 ജൂലൈ മൂന്നിന് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കോട്ടയം ദേവലോകം അരമനചാപ്പലിൽ വെച്ച് പൂർവിക ചടങ്ങുകളോടെ അദ്ദേഹത്തെ മലങ്കര മല്പാനായി സ്ഥാനാരോഹണം ചെയ്യിച്ചു.

1987 മാർച്ച് 2-ന് അബ്രഹാം മൽപ്പാൻ അന്തരിച്ചു. തുടർന്ന് 1993 നവംബർ 28-ന് വടവുകോട് വച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ഞാർത്താങ്കൽ കോരുതു കത്തനാരെ മലങ്കര മൽപ്പാനായി നിയമിച്ചു. കോനാട്ടു കുടുംബത്തിനു പുറത്തെ രണ്ടാമത്തെ മലങ്കര മൽപ്പാൻ ഇദ്ദേഹമാണ്. 2001 ഡിസംബർ 23-ന് അദ്ദേഹം

*ശേഷം 42-ാം പേജിൽ*

തിരുവല്ല
സി.എസ്.എസ്. ബുക്ക്ഷോപ്പിൽ

**സാഹിത്യവാരവും പുസ്തകോത്സവവും**

**2002 നവംബർ 1 മുതൽ 9 വരെ**

ഗ്രന്ഥങ്ങൾക്ക് വിവിധ നിരക്കുകളിൽ ഡിസ്കൗണ്ട്

പൊതുവിജ്ഞാനഗ്രന്ഥങ്ങൾ ● ബൈബിൾ കലണ്ടർ ● വാക്യബോർഡുകൾ ● ചിത്രങ്ങൾ ● സ്റ്റിക്കറുകൾ ● ഗ്രീറ്റിംഗ്സ് കാർഡുകൾ ● ക്രൈസ്തവ ഓഡിയോ വീഡിയോ കാസറ്റുകൾ, സിഡികൾ എന്നിവയും ലഭിക്കുന്നു.

ക്രിസ്മസ് കാർഡുകൾക്ക് പ്രത്യേക ഡിസ്കൗണ്ട്

സി.എസ്.എസ്. ബുക്ക്ഷോപ്പ്
കുരിശുകവല - തിരുവല്ല - 1
ഫോൺ: 630389, 634936
E-mail:- cssbooks@sancharnet.in



# ബാലസഭ

## നടവഴികൾ...

### പാവക്കുട്ടി

ണിം ണിം ണിം.... മണി മുഴങ്ങി. ടിഫിൻ കഴിക്കാനുള്ള 11 മണിയുടെ ബെല്ലാണ്. 4-ാം ക്ലാസ്സിലെ കുട്ടികൾ ബുക്കും പുസ്തകവും ബോക്സും അടച്ചു വെച്ച് ഭക്ഷണം കഴിക്കാനുള്ള പുറപ്പാടിലാണ്. ജിതിൻ ചുറ്റും നോക്കി. കുട്ടികൾ ടിഫിനുമായി പുറത്തേക്ക് പായുകയാണ്. ചിലരുടെ ബുക്കും പുസ്തകവും തുറന്നു തന്നെ ഇരിക്കുന്നു. ഇങ്ങനെയുണ്ടോ ഒരു വിശപ്പ്? അവൻ ചുറ്റും നോക്കി. അതാ അക്ബറിന്റെ ബാഗിനു മുകളിൽ ചുന്ന പാവക്കുട്ടി. ഗ്ലാസ്സുകൊണ്ടു നിർമ്മിച്ച ആ ചെറിയ പാവക്കുട്ടിയുടെ ഉള്ളിൽ സ്വർണ്ണമണികൾ പോലെ വർണ്ണങ്ങൾ വെട്ടിത്തിളങ്ങി നില്ക്കുന്നു. 'എന്തു ഭംഗി!. ടിഫിൻ ഉള്ള ദിവസം വിശപ്പു തോന്നുകയില്ല. ടിഫിൻ മറന്നു പോയതിനാലാകാം എന്തൊരു വിശപ്പ്! ങ്ഹാ! പാവക്കുട്ടിയെ നോക്കിക്കിടക്കാം' അവൻ ഡെസ്കിനു മുകളിൽ തലചായ്ചു.

അതാ വാതില്ക്കൽ നിന്ന് ആശാറാം അകത്തേക്കും പുറത്തേക്കും നോക്കുന്നു. ബാഗുകൾക്കിടയിൽ ഞാൻ ഇരിക്കുന്നത് കണ്ടിട്ടില്ല ഇവനിത് എന്തു പറ്റിയാവോ? ആശാറാം പെട്ടെന്ന് ആ പാവക്കുട്ടി അവന്റെ ഒരു പോക്കറ്റിലേക്ക് ഇടിച്ചു താഴ്ത്തി മുറ്റത്തേയ്ക്ക് ചാടിയിറങ്ങി.

'ഇവനിത് എന്തു കാണിക്കുകയാ, മോഷ്ടിച്ചു കൊണ്ട് പോവുകയാണോ ദൈവമേ?, ഓർത്തിട്ട് ചങ്കു നീറുന്നു ങ്ഹാ എന്തെങ്കിലും ആവട്ടെ അവനായി അവന്റെ പാടായി! ണിം ണിം ണിം മണിമുഴങ്ങി "ആരാണ് അക്ബറിന്റെ പാവക്കുട്ടി എടുത്തത്" ശബ്ദം കേട്ട് ജിതിൻ തലയുയർത്തി. അക്ബർ ഏങ്ങലടിച്ചു ടീച്ചറിന്റെ അരികിൽ നില്ക്കുന്നു. ക്ലാസ്സ് പൂർണ്ണ നിശ്ശബ്ദം.

ജിതിന്റെ മനസ്സിൽ തീയാളി 'പറയണോ, വേണ്ടയോ?' ആശാറാം ആളിത്തിരി ബലവാനാണ്. എന്തിനാ വെറുതേ തല്ലു കൊള്ളുന്നത്. ഞാനെടുത്തില്ലല്ലോ! സാരമില്ല അവൻ തല തിരിച്ചു.

"ഞാനിതു കണ്ടു പിടിച്ചു തക്ക ശിക്ഷ നല്കും, നോക്കിക്കോ!" അമ്മിണി ടീച്ചർ ആകെ ചൂടിലാണ്. ആ സ്ക്കൂൾ ദിവസം അവസാനിച്ചു.

പിറ്റേന്ന് രാവിലെ ജിതിനെ വരവേറ്റത് അമ്മിണി ടീച്ചറാണ്. "ങ്ഹും നിന്നെ ഞാൻ നോക്കിയിരിക്കുവായിരുന്നു. നീ മാത്രമേ ടിഫിൻ കഴിക്കാതെ ക്ലാസ്സിലുണ്ടായിരുന്നുള്ളൂ. എവിടെയാടാ അക്ബറിന്റെ ഫോറിൻ പാവക്കുട്ടി?".

ങ്ഹേ! അവന്റെ നെഞ്ചു കലങ്ങി, താനല്ല ടീച്ചർ, ആശാറാമാണ് എടുത്തതെന്ന് പറഞ്ഞപ്പോൾ ടീച്ചർ മുട്ടൻ ചൂടിലായി. "ആഹാ ഇന്നലെ മിണ്ടാതിരുന്ന് ഇന്ന് നുണകണ്ടു വച്ച് പറയുന്നോ..."

അടിയുടെ നീണ്ട പൂരം കഴിഞ്ഞു.

കൂട്ടുകാർ ആരും ജിതിനോട് മിണ്ടിയില്ല. വൈകുന്നേരം സ്ക്കൂൾ വിട്ടു വരുന്ന വഴി പള്ളിക്കവലയിലെ കുരിശടിയിലെത്തിയപ്പോൾ അവൻ നിന്നു. ഉള്ളിൽ അവന്റെ ഇഷ്ട മദ്ധ്യസ്ഥനായ പരുമല തിരുമേനി പ്രതാപത്തോടെ പുഞ്ചിരിച്ചു നില്ക്കുന്നു. അവൻ അടികൊണ്ടു തിണർത്ത കൈകാലുകളിലേക്ക് നോക്കി, സങ്കടത്തോടെ ആ ചിത്രത്തിലേക്ക് നോക്കി നിന്നു. ഏറെ നേരം കഴിഞ്ഞ് അവൻ ഉള്ളിൽ ചോദിച്ചു. "ഞാൻ ഈ തെറ്റ് ചെയ്തിട്ടില്ല എന്ന് തിരുമേനി അപ്പച്ചന് അറിയില്ലേ?.... ആ മുഖം അല്പം കൂടി പുഞ്ചിരിച്ചു. ആ ഗ്ലാസിനുള്ളിൽ ആശാറാമിന്റെ രൂപം തെളിഞ്ഞു വരുന്നു. അവന് അത്ഭുതം തോന്നി പെട്ടെന്ന് തിരിഞ്ഞു നോക്കി.

കരഞ്ഞു കലങ്ങിയ കണ്ണുകളും കുറ്റബോധം നിറഞ്ഞ മുഖവുമായി പിന്നിൽ ആശാറാം നലിക്കുന്നു.

ജിതിൻ സന്തോഷം കൊണ്ട് വീർപ്പുമുട്ടി. "അതേ തിരുമേനിയ്ക്ക് അറിയാം ഞാനിത് ചെയ്തിട്ടില്ലെന്ന്. ജിതിൻ ആശാറാമിനെ വാരിപ്പുണർന്നു.

തോമസ് പി. കൊട്ടാരക്കര

## English Corner....

How they look at love

| | | |
|---|---|---|
| Teen ager | - | love is a paredise |
| Father | - | love is an expense |
| Mother | - | love is a worry |
| Principal | - | love is a unisance |
| Businessman | - | love is a bussiness |
| Layer | - | love is a divorce |
| Docter | - | love is a disease |

*compiled by shibu*

## ബുദ്ധിമാൻ




## വചനപാത...

മകനേ, നിന്റെ അപ്പന്റെ കല്പന പ്രമാണിക്കുക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. (സദൃ. 6:20)

# മക്കോഡിയാ മിഷൻ വളർച്ചയുടെ പാതയിൽ

ഫാ. ഷാജി മുകടിയിൽ (വൈസ് പ്രസിഡന്റ് അഭയനികേതൻ)



മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളാണ് ആഹാരവും വസ്ത്രവും പാർപ്പിടവും. ഇവ നിഷേധിക്കപ്പെട്ട ഒരു സമൂഹം ഇന്നും നമ്മോടൊപ്പം കഴിയുന്നുണ്ട്. തങ്ങളുടേതായ അവകാശത്തെപ്പറ്റി ബോധമില്ലാത്തതിനാലും ഇവ മനസ്സിലാക്കുന്നതിന് വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തതിനാലും ഇക്കൂട്ടർ ചൂഷിത വലയത്തിന്റെ കരങ്ങളിൽ ഞെരിഞ്ഞമരുന്നു. ഈ ജനതതി നന്മയുടെ പാതയിൽ എത്തിച്ചേരുമ്പോൾ മാത്രമെ ഇൻഡ്യയുടെ വളർച്ച പൂർണ്ണതയിലെത്തിയെന്ന് അവകാശപ്പെടാനാവൂ.

പഴയ പള്ളികളുടെ പുനർ നിർമ്മാണവും കുരിശുംതൊട്ടികളുടേയും ഓഡിറ്റോറിയത്തിന്റെയും എണ്ണം വർദ്ധിപ്പിക്കുന്നതിലുമുപരി നാം ചെയ്യുന്ന മിഷൻ പ്രവർത്തനങ്ങളാണ് ബാലഭവനവും അഗതി മന്ദിരങ്ങളും. അനാഥർക്ക് ഒരു അത്താണിയായി തുടങ്ങിയ ഈ പ്രസ്ഥാനങ്ങൾ ആയതിന്റെ മൂല്യങ്ങൾ ഇന്ന് നഷ്ടപ്പെടുത്തിയിട്ടില്ലേ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ആരാധിക്കുവാൻ ഒരു ആലയം, അത് ഏറ്റവും മനോഹരവും ഹൃദ്യവുമായിരിക്കണം. ഇന്ന് കേരളത്തിൽ പടുത്തുയർത്തുന്ന ആരാധനാലയങ്ങളുടെ ചിലവുകൾ വിശകലനം നടത്തിയാൽ കോടികൾ ആണ് ഇതിന് ചിലവിടുന്നതെന്ന് മനസ്സിലാകും. അല്പസ്വല്പ സാധുക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നവരും ഇല്ലാതില്ല. അംബരചുംബികളായ ദേവാലയങ്ങൾ പടുത്തുയർത്തുന്നതിനോടൊപ്പം സമൂഹത്തിൽ വേദനകളനുഭവിക്കുന്നവരുടെ, മർദ്ദിതരുടെ, പീഢിതരുടെ ജീവിതാനുഭവങ്ങളിൽ പങ്കാളികളാകേണ്ട ചുമതലയ്യും സഭക്കുണ്ട്.

നാം കണ്ടിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ മിഷ്യൻ പ്രവർത്തനത്തിന് ഒരു പുതിയ കാഴ്ചപ്പാട് കാണിച്ചു കൊടുക്കുകയാണ് കൽക്കത്ത ഭദ്രാസനാധിപൻ അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമനസ്സ്. ഗ്രാമീണരുടെ സഹകരണത്തിൽ കൂടെ മാത്രമെ ഇൻഡ്യയെ പുരോഗതിലേക്ക് നയിക്കുവാൻ സാധിക്കുകയുള്ളു എന്ന് തിരുമനസ് ഇന്നും ഉറച്ചു വിശ്വസിക്കുന്നു. തിരുമേനിയുടെ ആശയങ്ങൾ മക്കോഡിയ അഭയനികേതനിലൂടെ പൂവണിയുവാൻ വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടി വന്നു. ഒരു ഗ്രാമത്തിൽ തുടങ്ങിയ പ്രവർത്തനം ഇന്ന് 102 ഗ്രാമങ്ങളിലെത്തിക്കുവാൻ സാധിച്ചു.

മക്കോഡിയ, അഭയനികേതൻ ഗ്രാമീണമിഷൻ പ്രവർത്തന മേഖലയെ വിലയിരുത്തുമ്പോൾ പ്രഥമദൃഷ്ട്യാ അവിടെ നിലയുറപ്പിച്ചിരിക്കുന്ന ബംഗ്ലാവും ക്ലീനിക്കും മറ്റുമെ കാണുവാൻ കഴിയൂ. കഠിന പരിശ്രമത്തിൽ കൂടെ മാത്രമെ ഒരു ഗ്രാമത്തെ പ്രവർത്തനത്തിനായി ഒരുക്കുന്നതിന് സാധിക്കൂ. അവികസിതമായിക്കിടക്കുന്ന ഉത്തര ഭാരത ഗ്രാമങ്ങളിലേക്ക് (ആദിവാസി മേഖലകളിലേക്ക്) പുറത്ത് നിന്നുള്ള ഒരാൾ പ്രവേശിക്കണമെങ്കിൽ മൂപ്പൻമാരുടെ അനുവാദം വേണം. ആദ്യം മൂപ്പൻമാരെ കണ്ട് പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞ് മനസ്സിലാക്കും. ചിലപ്പോൾ മൂന്നും നാലും പ്രാവശ്യത്തെ സന്ദർശനം ഇതിന് വേണ്ടി വരും. പഞ്ചായത്ത് സർപ്പഞ്ചിനെ കണ്ട് അവരെ കൂടെ ഉൾപ്പെടുത്തി ഗ്രാമങ്ങളിൽ മീറ്റിംഗുകൾ വിളിച്ചുകൂട്ടും. ഒന്ന് രണ്ട് മീറ്റിംഗ് കഴിഞ്ഞ് അവരുടെ കൂട്ടത്തിൽ നിന്നുള്ള രണ്ട് സ്ത്രീകളെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിന് തിരഞ്ഞെടുക്കും. ഓരോഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന സ്ത്രീകളെ ഉൾപ്പെടുത്തിയാണ് ഒരു ഗ്രാമം പ്രവർത്തനത്തിനായി ഒരുങ്ങുന്നത്.

ഭൂമിശാസ്ത്രപരമായി നോക്കിയാൽ 102 ഗ്രാമങ്ങളിൽ പകുതിയോളം വരുന്ന ഗ്രാമങ്ങളിൽ മഴക്കാലത്ത് എത്തിച്ചേരുന്നതിന് സാധിക്കുകയില്ല. ജൂലൈ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ ഈ ഗ്രാമങ്ങളിൽ പോകുന്നതിനോ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാധിക്കുകയില്ല. വനാന്തർഭാഗത്തേക്ക് റോഡുകൾ ഇല്ലാത്തതും കലിങ്കുകളും പാലങ്ങളും ഇല്ലാത്തതും പ്രധാന തടസ്സമായിട്ട് നിൽക്കുന്നത്. അഭയനികേതന്റെ ഭാവി കർമ്മ പരിപാടികളിൽ ഗ്രാമങ്ങളെ എങ്ങനെ പ്രവർത്തന സജ്ജമാക്കാമെന്ന് ചിന്തിക്കുന്നു.

വിദ്യാഭ്യാസവും വൈദ്യസഹായവും ബോധവത്ക്കരണ ക്ലാസ്സുകളും ഏറ്റവും ആവശ്യമാണ് ഈ മേഖലകളിൽ. തങ്ങളുടേതായ അവകാശത്തെപ്പറ്റി തിരിച്ചറിവ് ഇല്ലാത്തതിനാൽ ഇവർ ചൂഷണത്തിന് വിധേയരാകുന്നു. ഈ മേഖലകളിൽ കൂടുതൽ ബാലവാടികളും ബോധവത്ക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും അഭയനികേതൻ നടത്തിവരുന്നു. മരണ നിരക്ക് ഈ പ്രദേശങ്ങളിൽ ഏറ്റവും കൂടുതലാണ്. പ്രസവത്തോടും പ്രസവാനന്തരവും വേണ്ട ശുശ്രൂഷയും ശുചിത്വവും പോഷകാഹാരവും ലഭിക്കാത്തതിനാലാണ് അധികം കുഞ്ഞുങ്ങളും അമ്മമാരും മരിക്കുന്നത്. ജനിച്ചുവീഴുന്ന കുഞ്ഞ് ചാണകംമെഴുകിയ തറയിലും മണ്ണിലും ആകുമ്പോൾ ആ അമ്മക്കും കുഞ്ഞിനും രോഗാണുബാധ ഉണ്ടാവാനുള്ള സാദ്ധ്യതകളേറെയെന്ന് എടുത്തു പറയേണ്ട ആവശ്യമില്ല. പ്രസവമെടുക്കുന്ന നാടൻ പതിച്ചിമാർക്ക് ശുചിത്വത്തെപ്പറ്റി ഇത്രമാത്രമേ വിവരമുള്ളു എന്നും മനസ്സിലാക്കുക. കഴിഞ്ഞ കാലങ്ങളിലെ അഭയനികേതൻ പ്രവർത്തനങ്ങളുടെ ഫലമായി നാടൻ പതിച്ചിമാർക്ക് (ദായി) പ്രത്യേക പരിശീലനവും ബോധവത്ക്കരണവും, പ്രസവത്തിനുപയോഗിക്കുവാനുള്ള Daikit ഉം നൽകിവരുന്നു. ഇതുമൂലം മരണ നിരക്ക് ക്രമാനുഗതമായി കുറയുന്നതിനും ഇടയായിട്ടുണ്ട്.

നാളയെപ്പറ്റി വിചാരപ്പെടരുത് യേശു തമ്പുരാന്റെ ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ പാലിക്കുന്നവരാണിവിടുള്ളവർ. വനവിഭവങ്ങൾ കിട്ടുന്നവിലക്ക് വിറ്റ് (എന്ത് വില ലഭിക്കുമെന്ന് അവർക്കറിയില്ലതാനും) അവ കൊണ്ട് ഓരോ ദിവസത്തെ കാര്യങ്ങൾ നടത്തും. എന്തെങ്കിലും വിറ്റ് പണം ലഭിക്കാത്ത ദിവസങ്ങൾ വന്നാൽ അപ്പോൾ മുഴുപ്പട്ടിണി തന്നെ ശരണം. തങ്ങളുടെ ആരോഗ്യപരിചരണത്തിനോ മക്കളുടെ രോഗനിവാരണത്തെപ്പറ്റിയോ ഭാര്യമാരുടെ ഗർഭകാലപരിചരണമോ പ്രസവാനന്തപരിചരണമോ അവർക്കറിയില്ല. ഈ ചിന്തകൾ ഇവരെ ഭരിക്കാറുമില്ല. ഒരു പരിധിവരെ മരണം പിടികൂടാനുള്ള ഒരു കാരണവും ഇതാണ്.

ഓരോ ഗ്രാമങ്ങളിലും 20 അംഗങ്ങൾ വരുന്ന മഹിളാ മണ്ഡലങ്ങൾ രൂപവത്ക്കരിച്ച് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി, ഇവരെ പഠിപ്പിച്ചതിന്റെ ഫലമായി സമ്പാദ്യ ശീലം നാളയെപ്പറ്റിയുള്ള കരുതലുകൾ ഉണ്ടാക്കുവാൻ തക്കവിധം സാധിച്ചു വരുന്നു.

വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തിൽ ഓരോ ഗ്രാമങ്ങളിലും ബാലവാടികൾ സ്ഥാപിക്കുന്നു. ഡാവക്കലെ എന്ന ഗ്രാമത്തിൽ ഒൻപതാം ക്ലാസ്സുവരെയുള്ള ഹിന്ദി മാദ്ധ്യമ സ്ക്കൂൾ നടത്തിവരുന്നു. സിവനിമാൾവ ബ്ലോക്കിലെ ഒന്നാം കിടയിൽ നിൽക്കുന്ന സ്ക്കൂളായി എം.ജി.എം. ഡാവക്കാലാ ആയിത്തീർന്നു. ദൂരത്തു ഗ്രാമങ്ങളിൽ നിന്നും കുട്ടികളെ സ്ക്കൂളിൽ കൊണ്ടുവരുവാൻ തക്കവിധം വാഹനസൗകര്യം. വാടകക്കെട്ടിടത്തിലുള്ള ഈ സ്ക്കൂളിന് തനതായ കെട്ടിടം ഇവ ഉടനെ ഉണ്ടാവണം. നമ്മുടെ കുഞ്ഞുങ്ങളുടെ പഠനത്തിനും ഭാവി കരു പിടിപ്പിക്കുന്നതിനും കൊടുക്കുന്ന താത്പര്യത്തിൽ നിന്നും ഈ സ്ക്കൂളിന്റെ സംരക്ഷണത്തിന് നൽകുന്നുവെങ്കിൽ അനേക കുഞ്ഞുങ്ങൾക്ക് അത് വെളിച്ചമേകുമെന്നതിന് സംശയം ഇല്ല.

ആതുര സേവനം മുഖ്യലക്ഷ്യമാക്കിയ അഭയനികേതൻ ക്ലിനിക്ക് 12 വർഷത്തിത്തിലേറെയായി പ്രവർത്തിച്ചു വരുന്നു. ഒരു ചെറിയ ഹോസ്പിറ്റലായി ഈ ക്ലിനിക് ഉയർത്തിയെങ്കിലെ അടുത്തുള്ള ഗ്രാമക്കാർക്ക് പ്രയോജനപ്പെടുകയുള്ളു. 25 ഉം 30 ഉം കിലോമീറ്റർ കാളവണ്ടിയിൽ സഞ്ചരിച്ച് വേണം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെത്തുവാൻ. എത്തി ച്ചേർന്നാലും വേണ്ടതായ ശുശ്രൂഷ അവർക്ക് ലഭിക്കുന്നുമില്ല. 100 വർഷം മുമ്പ് ഫ്രണ്ട്സ്മിഷനറീസ് തുടക്കം കുറിച്ച ഈ മിഷൻ സെന്ററിന് ബലമേകുവാൻ മലങ്കര സഭാമക്കൾക്കു സാധിക്കണം. പ്രവർത്തനങ്ങൾക്ക് വേണ്ടി കെട്ടിടങ്ങൾ തീർന്നുവരുന്നു. പ്രവർത്തിക്കുവാൻ സജ്ജരായ ഡോക്ടേഴ്സ് ഉണ്ടാവണം. മുഴുവൻ സമയവും പ്രവർത്തിക്കുന്ന സേവന തത്പരരായ മെഡിക്കൽ സ്റ്റാഫും ലഭ്യമാകുമ്പോൾ അടുത്തടുത്തുള്ള ഗ്രാമങ്ങളിലെല്ലാം ആതുരസേവനം മൊബൈൽ യൂണിറ്റിൽ കൂടെ ലഭ്യമാക്കുന്നതിന് സാധിക്കും. ഒരു നൂറ്റാണ്ടിന് മുൻപ് ഇന്നത്തെയത്രയും സഞ്ചാരയോഗ്യമല്ലാത്ത കാലഘട്ടത്തിൽ വിദേശികൾക്ക് തോന്നിയ കാരുണ്യം നമ്മുടെ സമസൃഷ്ടിയോട് അല്പമെങ്കിലും നമുക്ക് തോന്നണ്ടെ. വ്യക്തികളായിട്ടും സമൂഹമായിട്ടും കടന്നു വരുന്നുവെങ്കിൽ ഈ ക്ലിനിക്ക് അനേകർക്ക് പ്രയോജനപ്പെടുന്ന ഒരു കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് സാധിക്കും.

പട്ടണങ്ങളിലെ തിരക്കിൽ നിന്നും ഏകാന്തതയിൽ ഗ്രാമങ്ങളുടെ കുളിർമ്മയിൽ ഏതാനും ദിവസം താമസിച്ച് ഗ്രാമീണ മിഷന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് താത്പര്യമുള്ള വ്യക്തികൾക്കും സമൂഹങ്ങൾക്കും വേണ്ട സൗകര്യങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ ശരിയാകും. മൂന്നു വശവും നദിയിൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രകൃതി രമണീയമായ ഈ മക്കോഡിയ മലങ്കരസഭയുടെ ഗ്രാമീണ മിഷൻ പ്രവർത്തനങ്ങൾക്ക് തിലകക്കുറിയായി നിലനിൽക്കും എന്നുള്ളതിന് സംശയം ഇല്ല. ഉത്തരഭാരത മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി നമുക്ക് ഉണർന്ന് പ്രവർത്തിക്കാം.


## മലങ്കരസഭ-പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 10000 |
| Back page (B/W) | : | 5000 |
| Front Inside | : | 3750 |
| Back Inside | : | 3500 |
| Full page | : | 3000 |
| Half page | : | 1750 |
| Quarter page | : | 1250 |
| Minimum | : | 750 |
| Favours Block (Stamp Size) | : | 300 |

# *79th Birthday*

**2ND OCTOBER**



**H.G. DR. STEPHANOS MAR THEODOSIUS**

*Birthday Wishes*

from

STAFF AND WORKERS OF

ABHAYA NIKETHAN

MAKODIA

ലേഖനം

# ടൊറൊൻഡോ സെന്റ് ഗ്രീഗോറിയോസ് പള്ളിക്കേസ്സ് തള്ളി മലങ്കര സഭാ ഭരണഘടനയ്ക്കു അംഗീകാരം

മലങ്കര ഓർത്തഡോക്സ് സഭയുടെ കാനഡ-യു.കെ.-യൂറൂപ്പ് ഭദ്രാസനത്തിൽപ്പെട്ട ടൊറൊൻഡോ സെന്റ് ഗ്രീഗോറിയോസ് ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അലക്സ് ജേക്കബ് (ട്രസ്റ്റി) ജോർജ്ജ് ജോർജ്ജ് (സെക്രട്ടറി) ജോർജ് മാത്യു പണിക്കർ, അൻഡ്രു കോശി, ജോർജ് പടിഞ്ഞാറേതലയ്ക്കൽ എന്നിവർ മലങ്കര സഭാ ഭരണഘടനയ്ക്ക് എതിരായി ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ മക്കാറിയോസിനേയും വികാരി ഫാദർ ഫിലിപ്പോസ് ഫിലിപ്പ് തേവർകാട്ടിലിനേയും പ്രതികളാക്കി ഒൻടാറിയോ സുപ്പീരിയർ കോടതിയിൽ കൊടുത്ത കേസ് ജസ്റ്റിസ് ജെ. സ്വിൻടൺ തള്ളിക്കളഞ്ഞു.

2001 മാർച്ച് 8-ാം തീയതി കൊടുത്ത കേസ്, വാദിപ്രതികളുടെ ക്രോസ് വിസ്താരം, ഹിയറിംഗ് എന്നിവയ്ക്കു ശേഷം ജൂലൈ 18-ാം തീയതി പ്രതികളായ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കും വികാരി ഫാദർ ഫീലിപ്പോസ് ഫിലിപ്പ് തേവർ കാട്ടിലിനും അനുകൂലമായി വിധി പ്രസ്ഥാവിച്ചു.

കഴിഞ്ഞ ഒന്നര വർഷമായി നടന്നു കൊണ്ടിരുന്ന മൊഴിയെടുപ്പിനും തെളിവെടുപ്പിനും ഒടുവിൽ പ്രസ്താവിക്കപ്പെട്ട വിധിന്യായത്തിൽ, ഈ ഇടവക മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു പള്ളിയാണെന്നും മലങ്കര സഭയുടെ ഭരണഘടനയ്ക്കും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഇൻകോപ്പറേറ്റ് ചെയ്തിരിക്കുന്ന ബൈലോയും അനുസരിച്ച് ഭരിക്കപ്പെടേണ്ടതാണെന്നും വിധിച്ചു.

ബിസിനസ്സ് കോർപ്പറേഷൻ ആക്ട് 294 അനുസരിച്ച് ബോർഡ് ഓഫ് ഡയറക്ടേഴ്സിന് (മാനേജിംഗ് കമ്മറ്റി) വികാരിയെ കൂടാതെ ഇടവകപ്പൊതുയോഗം വിളിച്ചുകൂട്ടാം എന്ന വാദികളുടെ വാദം ബഹു. കോടതി തള്ളിക്കളഞ്ഞു. സഭാ ഭരണഘടനയും ഇടവക ബൈലോയും അനുസരിച്ച് വികാരിയും ഇടവക മെത്രാപ്പോലീത്തായുമാണ് ഇടവകപ്പൊതുയോഗം വിളിച്ചുകൂട്ടേണ്ടതെന്നും ആദ്ധ്യക്ഷം വഹിക്കേണ്ടതെന്നും കോടതി വ്യക്തമാക്കി.

ഇടവകപ്പൊതുയോഗത്തിൽ സംബന്ധിക്കുവാൻ ആർക്കാണ് യോഗ്യത എന്നു തീരുമാനിക്കുന്നതിനും അതനുസരിച്ച് വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഭരണഘടനയനുസരിച്ച് ഇടവക വികാരിയിൽ നിക്ഷിപ്തമായിരിക്കുന്നു. വികാരി തയ്യാറാക്കുന്ന ലിസ്റ്റ് ട്രസ്റ്റിക്കു നൽകുമ്പോൾ പ്രസ്തുത വോട്ടേഴ്സ് ലിസ്റ്റിൽ കുടിശിഖക്കാർ ഉണ്ടെങ്കിൽ ആ വിവരം ട്രസ്റ്റി വികാരിയെ രേഖാമൂലം അറിയിക്കേണ്ടതാണെന്നു കോടതി വ്യക്തമാക്കി.

ഇടവകപ്പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടത് ഇടവകയിൽ ഉൾപ്പെടാത്ത ഒരു വ്യക്തിയായിരിക്കണമെന്നുള്ള വാദികളുടെ വാദം ബഹു. കോടതി തള്ളിക്കളഞ്ഞു.

കോർപ്പറേഷൻ ആക്ട് സെക്ഷൻ 283 അനുസരിച്ച് ഇടവക ഭരണം മാനേജിംഗ് കമ്മറ്റിക്കു നടത്താം എന്ന വാദികളുടെ വാദം കോടതി തള്ളി. ഇടവകയുടെ ഭരണം സഭാ ഭരണഘടനയും ബൈലോയും അനുസരിച്ച് വികാരി ഉൾപ്പെടുന്ന മാനേജിംഗ് കമ്മറ്റി നടത്തണമെന്നും വ്യക്തമാക്കി.

ബോർഡ് ഓഫ് ഡയറക്ടേഴ്സിനു മാനേജിംഗ് കമ്മറ്റി വിളിച്ചുകൂട്ടാം എന്ന വാദികളുടെ വാദം കോടതി തള്ളിക്കളഞ്ഞു. വികാരിയുടെ അഭാവത്തിൽ മാനേജിംഗ് കമ്മറ്റി വിളിച്ചു കൂട്ടുന്നതിനോ അങ്ങനെ കൂടി എടുക്കുന്ന തീരുമാനങ്ങൾക്കോ നിയമ സാധുത ഇല്ലെന്നു കോടതി വ്യക്തമാക്കി.

വികാരിയുടെ നിയമനത്തിനുമുമ്പ് ഇടവക മെത്രാപ്പോലീത്ത മാനേജിംഗ് കമ്മറ്റി അംഗങ്ങളുമായി ആലോചിക്കണമെന്നുള്ള വാദികളുടെ വാദം ബഹു. കോടതി തള്ളികളഞ്ഞു. വികാരിയുടെ നിയമനം, സ്ഥലമാറ്റം, തൽസ്ഥാനത്തു നിന്നുള്ള നീക്കം ചെയ്യൽ എന്നിവ ഇടവക മെത്രാപ്പോലീത്തായുടെ പരിപൂർണ്ണ അധികാരത്തിൽപ്പെട്ട കാര്യങ്ങളാണെന്നു കോടതി വ്യക്തമാക്കി. വികാരിയെ സെലക്റ്റ് ചെയ്യുന്നത് ഇടവക മെത്രാപ്പോലീത്തായുടെ അധികാരത്തിൽപ്പെട്ട കാനോനികമായ നടപടി ആയതിനാൽ അതിൽ ഇടപെടുവാൻ ബഹു. കോടതി വിസമ്മതിച്ചു.

മാനേജിംഗ് കമ്മറ്റി ആവശ്യപ്പെടുമ്പോഴൊക്കെ ഇടവകയുടെ ചെക്ക് ഒപ്പിട്ടു നല്കുവാൻ വികാരി ബാദ്ധ്യസ്ഥനാണെന്നുള്ള വാദികളുടെ വാദം ബഹു. കോടതി തള്ളിക്കളഞ്ഞു. ഇടവക ബൈലോയിൽ കൊടുത്തിരിക്കുന്ന രീതി തുടരുവാൻ കോടതി ആവശ്യപ്പെട്ടു.


ഇടവകപ്പൊതുയോഗം പാസ്സാക്കുന്ന ബൈലോയ്ക്ക് ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരം വേണമെന്നു ബഹു. കോടതി വ്യക്തമാക്കി ബിസിനസ് കോർപ്പറേഷൻ ആക്റ്റ് 129 അനുസരിച്ച് ഇടവക ബൈലോ ചെയിഞ്ച് ചെയ്യാം എന്ന വൈദികളുടെ വാദം കോടതി തള്ളി.

കേസ്സ് നടത്തിപ്പിനു ചെലവായ തുക ഇടവക ഫണ്ടിൽ നിന്നും ലഭിക്കണമെന്നുള്ള വാദികളുടെ അപേക്ഷയും ബഹു. കോടതി തള്ളിക്കളഞ്ഞു.

ഹിയറിംഗിനു ശേഷം വാദികൾ ബഹു. കോടതിക്കു നല്കിയ മാർഗ്ഗ നിർദ്ദേശങ്ങളെ കോടതി നിശിതമായി വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്തു. നിലവിലുള്ള മാനേജിംഗ് കമ്മറ്റിയുടെ കാലാവധി അവസാനിച്ച ശേഷം ഭരണത്തിൽ തുടരുന്നതിനു വേണ്ടിയാണ് വാദികൾ ഈ കേസ്സ് കൊടുത്തതെന്നു കോടതി അഭിപ്രായപ്പെട്ടു. രണ്ടു മാസത്തിനുള്ളിൽ ഇടവകപ്പൊതുയോഗം വിളിച്ചു കൂട്ടുന്നതിനു കോടതി വികാരിയെ ചുമതലപ്പെടുത്തി.

# 79th Birthday

## 2ND OCTOBER



**H.G. DR. STEPHANOS MAR THEODOSIUS**

*Birthday Wishes*

from

**ALEX JOHN T. AND FAMILY**

**47, NARAYAN NAGAR**

**BHOPAL**



ഫാ. പി. എം. സഖറിയ, പള്ളിക്കപറമ്പിൽ

# കർത്തൃദിനചിന്തകൾ

## ഒക്ടോബർ 20
## സ്ലീബായ്ക്കുശേഷം ആറാം ഞായർ

ഇവിടുത്തെ പ്രധാന വിഷയം എങ്ങനെ സ്വർഗ്ഗരാജ്യം അവകാശമാക്കാം എന്നുള്ളതിനെ പ്പറ്റിയാണ്. ഇതിലെ കഥാപാത്രമായ ധനികയു വാവും, സൽപ്രവൃത്തികൾ മൂലം സമ്പാദിക്കേ ണ്ടതാണ് സ്വർഗ്ഗരാജ്യമെന്നു വിചാരിക്കുന്നു. 'നല്ല ഗുരോ' എന്നുള്ള അഭിസംബോധനതന്നെ അസാധാരണയാണ്. യേശു നല്ലവനെന്ന് പ്രസിദ്ധി നേടിയത് സ്വന്തം സൽപ്രവൃത്തികൊ ണ്ടാണ് എന്ന് അയാൾ ധരിക്കുന്നു. ഈ യുവാ വിന്റെ മുഖ്യമായ ചോദ്യവും, ആ ചോദ്യത്തിലെ ആവശ്യവും എക്കാലത്തേയും മനുഷ്യന്റെ അടി സ്ഥാന പരമായ ചോദ്യമാണ്, എങ്ങനെ നിത്യ ജീവൻ ലഭിക്കും?

യേശുതമ്പുരാൻ, ദൈവത്തിലേക്കും, ദൈവ വചനത്തിലേക്കും പ്രത്യേകിച്ച് ദൈവകൽപ്പന കളിലേക്കും ആ യുവാവിന്റെ ശ്രദ്ധയെ ക്ഷണി ക്കുകയാണ്. യേശു ന്യായപ്രമാണപാലനങ്ങളെ ക്കുറിച്ച് ആരാഞ്ഞപ്പോൾ അയാളുടെ ഉത്തരം വ്യക്തതയുള്ളതാണ്. "ഇവയൊക്കെയും ഞാൻ ചെറുപ്പം മുതൽ കാത്തുകൊണ്ടിരിക്കുന്നു". സ്വർഗ്ഗരാജ്യത്തിൽ നിയമം പാലിച്ചതു കൊണ്ടു മാത്രമായില്ല, കാരണം; ബാഹ്യമായ ആചരണ ങ്ങളായി അവ പരിണമിക്കും എന്നതുകൊണ്ടു തന്നെ. മറിച്ച് ആന്തരികമായ പരിവർത്തനത്തിൽ നിന്ന് ഉരുത്തിരിയുന്ന പ്രവൃത്തിയിലേക്ക് നമ്മുടെ ജീവിതം നയിക്കപ്പെടണം. യുവാവിനു സംഭവി ച്ചതും ഇതുതന്നെയാണ്. സമ്പത്തിനോടുള്ള മനോഭാവവും, ഉപയോഗവുമാണ് സ്വർഗ്ഗരാജ്യം നേടുന്നതിൽ നിന്ന് അവനെ അകറ്റിയത്. ധനം ദൈവത്തിന്റെ എതിരാളിയാണെന്ന് 24-27 വരെ യുള്ള വാക്യങ്ങളിൽ വ്യക്തമാകുന്നുണ്ട്.

മനുഷ്യന്റെമേൽ സമ്പത്തിന്റെ സ്വാധീനം ശക്തമാകുന്നു. ആർത്തി സംസ്കാരം മനു ഷ്യന്റെ മനസ്സാക്ഷിയെ മരവിപ്പിച്ചിരിക്കുന്നു. ഉപ ഭോഗ സംസ്ക്കാരത്തിന്റെ ഇരയായ ആധുനിക മനുഷ്യനും ആത്യന്തികമായി ചോദിക്കുന്ന ചോദ്യവും ഇതുതന്നെയാണ്.

യേശു പറയുന്നു "നിനക്കുള്ളത് മറ്റുള്ളവ രുമായി പങ്കുവെയ്ക്കുക" ഉള്ളത് ഇല്ലാത്തവന് ദാനം ചെയ്യുക. അപ്പോൾ നിത്യമായ ജീവൻ നിനക്കു ലഭിക്കും. ദാനധർമ്മം അതിമഹത്തായ ഒന്നാണെന്നാണ് പ്രാചീനകാലം മുതൽ നാം വിശ്വസിക്കുന്നത്. "ദക്ഷിണാവന്തോ അമൃതം ഭജന്തേ" എന്ന ഋഗ്വേദവാക്യം ദാനധർമ്മത്തിന്റെ മാഹാത്മ്യത്തെയാണ് ഉദ്ഘോഷിക്കുന്നത്. സ്വജീവൻപോലും ദാനം ചെയ്യാൻ സന്നദ്ധരായ ഉദാരമതികൾ പണ്ട് ഉണ്ടാ യിരുന്നുവെന്ന് ഇതിഹാസങ്ങളും പുരാണങ്ങളും സാക്ഷ്യം വഹിക്കുന്നു. വീണ്ടുവിചാരം കൂടാതെ യുള്ള ദാനം പലർക്കും ജീവനാശത്തിനു തന്നെ സംഗതിയായിട്ടുണ്ട്. കർണ്ണൻ അത്തരത്തിലുള്ള ഇതിഹാസപുരുഷനാണ്. "അതി ദാനാൽ ഹതോ കർണ്ണ:" എന്നാണ് കർണ്ണനെപ്പറ്റി പറയുന്നത്.

ദാനധർമ്മം കൊണ്ട് എല്ലാം നഷ്ടപ്പെട്ട മറ്റൊരു മഹാപുരുഷനാണ് മഹാബലി. മഹാബലിയുടെ മുമ്പിൽ വിഷ്ണു വാമനനായി വന്ന് തനിക്കു വസിക്കുവാൻ മൂന്നടി ഭൂമി വേണമെന്ന് യാചിച്ചു. ഇഷ്ടം പോലെ അളന്നെടുക്കുവാൻ മഹാബലി അനുവദിക്കുകയും ചെയ്തു. ആ യാചനയിലെ വഞ്ചന മനസിലാക്കി പുരോഹിതനായ ശുക്രമ ഹർഷി ആ ദാനം വിലക്കിയതാണ്. എന്നാൽ മഹാ ബലി താൻ ചെയ്ത വാഗ്ദാനത്തിൽ ഉറച്ചു നിന്നു. അതിനാൽ സ്വന്ത ശിരസുതന്നെ മഹാബലി വാമനനു കാണിച്ചു കൊടുക്കേണ്ടി വന്നു. ഇവിടെ വാസ്തവത്തിൽ ജയിച്ചത് വാമനനല്ല, മഹാബലി തന്നെയാണ്. മഹാബലി തൽക്കാലം പരാജയപ്പെട്ടു എങ്കിലും ഇന്നും അദ്ദേഹം കേരളീയർക്ക് മഹോ ന്നതനായ അനശ്വര ചക്രവർത്തിതന്നെയാണ്. ആ മന്നനെ എതിരേൽക്കുവാനായി ചിങ്ങമാസത്തിൽ ഓണം ആഘോഷിക്കുന്നു. തങ്ങളെ നന്നായി ഭരി ച്ചിരുന്ന ആ അസുര ചക്രവർത്തിയെ ഹൃദയ പൂർവ്വം സ്വാഗതം ചെയ്യുന്നു.

ആദർശ ധീരരുടെ ദാനശീലം പോലെയുള്ള ധർമ്മപ്രതിപത്തി ഒരിക്കലും അവരെ തരം താഴ്ത്തുന്നില്ല. പ്രത്യുത അവർ ജനഹൃദയങ്ങ ളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച് എന്നന്നേക്കും ആരാ ധ്യരായി തീരുകയാണ്. ദാനശീലരുടെ പട്ടികയിൽ ശിബി, ജീമൂത വാഹനൻ തുടങ്ങിയ മഹാപുരു ഷന്മാർ ഇനിയുണ്ട്. അവരുടെയൊക്കെ കീർത്തിക്ക് ഇന്നും അപചയം നേരിട്ടിട്ടില്ല.

ഉള്ളത് നഷ്ടപ്പെടുത്താൻ തയ്യാറാകുമ്പോൾ മാത്രമേ ശ്രേഷ്ഠമായത് പ്രാപിക്കുവാൻ സാധി ക്കൂ. യോഹ. 12:24 "ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ലായെങ്കിൽ തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും".

## ഒക്ടോബർ 27
## സ്ലീബായ്ക്കു ശേഷം 7-ാം ഞായർ
## വി. മത്തായി 5:21-26

ഗിരിപ്രഭാഷണത്തിന്റെ ഒരംശമാണ് ഇന്നത്തെ ഏവൻഗേലിയോൻ. കൊല ചെയ്യരുത്. ഇതു 10 കൽപ്പനകളിലൊന്നായിട്ടാണ് ഈ രൂപത്തിൽ ആദ്യമായി കാണുന്നത്. എന്നാൽ കൊല ചെയ്യു ന്നവർക്കുള്ള ശിക്ഷ പത്തു കൽപ്പനകളുടെ ഭാഗ മല്ല താനും. അതു പഴയ നിയമത്തിലെ നീതി ന്യായ ചട്ടങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്ന ത്. (പുറ. 21:12, സംഖ്യ 35:16-33). കൊലപാത കത്തെ ദൈവം ഒരിക്കലും അംഗീകരിക്കുന്നില്ല.



## ഞായർദിന ചിന്തകൾ

ഹാബേലിന്റെ കൊലയോടുകൂടെ രക്തചൊരിച്ചിലിന്റെ ചരിത്രം ഭൂമിയിൽ ആരംഭിക്കുകയായി. അന്യോന്യം കൊലപ്പെടുത്താതെ ജീവിക്കണമെന്നുള്ളതാണ് ദൈവത്തിന്റെ ആഗ്രഹം. പകയുടെ പേരിലുള്ള കൊലപാതകം സമൂഹത്തിൽ സംഭവിക്കുന്ന ഗുരുതരമായ തിന്മയായപ്പോൾ കർശനമായ നിയമം അതിനെതിരേ ദൈവം നൽകി. യേശു ക്രിസ്തുവിന്റെ വ്യാഖ്യാനത്തിൽ ശിക്ഷ നൽകുകയായിരുന്നില്ല ഉദ്ദേശ്യം. കൊലപാതകം എങ്ങനെ ഇല്ലാതാക്കാമെന്നും ന്യായപ്രമാണം എങ്ങനെ നിവർത്തിക്കാൻ കഴിയുമെന്നുമായിരുന്നു പ്രസക്തം. കൊല ഇല്ലാതാക്കാനാണ് ന്യായപ്രമാണവും, ശിക്ഷകളും നൽകപ്പെട്ടിരുന്നത്. അതുകൊണ്ട് കൊലപാതകം അവസാനിച്ചിരുന്നില്ല. കൊല ശിക്ഷാർഹമായ കുറ്റം തന്നെയാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ സ്വരൂപത്തിലാണ്. കൊല ചെയ്യുന്നത് ദൈവത്തോടുതന്നെ ചെയ്യുന്ന പൊറുക്കാനാവാത്ത അപരാധമാണ്. വാക്യം 22 നോക്കുക.

കോപിക്കുന്നത് ശിക്ഷാർഹമായ തെറ്റല്ല. എന്നാൽ കൊലപാതകമെന്ന ഗുരുതരമായ തെറ്റിന്റെ ആരംഭം ഹൃദയത്തിലുണ്ടാകുന്ന കോപവും പകയുമാണ്. കോപവും, ക്രോധവും മനുഷ്യനെ ക്രൂരനാക്കുന്നു. അതു കൊലപാതകത്തിലേക്കു നീങ്ങുന്നു. മനുഷ്യഹൃദയത്തിൽനിന്ന് കോപവും, ക്രോധവും മാറ്റാനായാൽ അവിടെ വളരുന്നത് ദയയും, മനസ്സലിവുമാണ്. മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്ന, മനുഷ്യനെത്തന്നെ നശിപ്പിക്കുന്ന കോപം മാറ്റേണ്ടതാണ്. (യാക്കോ. 1:20, കൊലോ. 3:8 വായിക്കുക). യവന ദാർശനികനായ സെനക്ക കോപത്തെപ്പറ്റി പറയുന്നത്. "ശരിയായോ" യുക്തിസഹമായോ ഒന്നുംതന്നെ ചെയ്യുവാൻ മനുഷ്യനെ പ്രാപ്തിയില്ലാതാക്കുന്ന വികാരമാണ് കോപം. ഇത് ഒരു തരം ഭ്രാന്തത്രെ" എന്നാണ്. മനുഷ്യർക്കുണ്ടാകുന്ന ധാർമ്മികരോഷം അല്ല ഇവിടുത്തെ പരാമർശം. ഹൃദയങ്ങളിൽ തിന്മയെ വളർത്തുകയും, ക്ഷമിക്കാതിരിക്കുകയും, പകരം വീട്ടുവാൻ വെമ്പുകയും ചെയ്യുന്ന ഈ അധമവികാരത്തെ നിയന്ത്രിച്ചേ മതിയാകൂ.

മറ്റുള്ളവനെ നിസ്സാര എന്നു വിളിച്ച് അവനെ അങ്ങനെ കാണുമ്പോൾ അവനറിയാതെതന്നെ സ്വയം സമർത്ഥനെന്ന് അഹങ്കരിക്കുകയാണ്. അപ്രകാരം ചിന്തിക്കുന്നതിൽനിന്ന് യേശു നമ്മെ വിലക്കിയിരിക്കുന്നു. ഒരുവനെ മൂഢാ എന്നു വിളിക്കുന്നത് അവന്റെ വ്യക്തിത്വത്തെ അംഗീകരിക്കുന്നില്ല, എന്നു വ്യക്തമാക്കുകയാണ്. അഗ്നി നരകമാണ് അതിനുള്ള പ്രതിഫലം.

സഭാ ജീവിതത്തിലും, സാമൂഹ്യ ജീവിതത്തിലും കോപവും, പകരം വീട്ടാനുള്ള ആവേശവും, ക്ഷമിക്കാനാവാത്ത ഹൃദയവും എന്തെല്ലാം തിന്മകളാണ് വരുത്തിക്കൂട്ടുക. അവയെ ഹൃദയാന്തർ ഭാഗത്തുനിന്നു മാറ്റാനായാൽ കൊലപാതകങ്ങൾ ഒഴിവാക്കപ്പെടും എന്നു മാത്രമല്ല ശാന്തതയും, സമാധാനവും സംജാതമാകുകയും ചെയ്യും.

23, 24 വാക്യങ്ങളുടെ ഘടനയും ശ്രദ്ധേയമാണ്. നിനക്ക് സഹോദരന് എതിരേ എന്തെങ്കിലും ഉണ്ടോ എന്നതല്ല, സഹോദരന് നിന്റെ നേരേ എന്തെങ്കിലും ഉണ്ടോ എന്നതാണ് ചോദ്യം. അതു മനസിലാക്കി പരസ്പരം അനുരഞ്ജനത്തിന്റെ അനുഭവത്തിലെത്താനാണ് യേശുക്രിസ്തു ഉദ്ബോധിപ്പിച്ചത്. ദൈവത്തിനു നൽകുന്ന ബലിയും, സഹോദരനുമായുള്ള അനുരഞ്ജനവും പരസ്പര പൂരകങ്ങളാണ്. അനുരഞ്ജനം ഒട്ടും വൈകാതെ നിർവഹിക്കേണ്ടതാണ്. അനുതാപം ആരാധനയോളം തന്നെ പ്രാധാന്യമുള്ളതാണ്. മനുഷ്യർ തമ്മിലുള്ള ബന്ധത്തിന് സൗഖ്യമുണ്ടാകുന്നതുവരെ ദൈവമായുള്ള ബന്ധത്തിനും സൗഖ്യമുണ്ടാകയില്ല.

സഭയുടെ ശുശ്രൂഷയുടെ ഭാഗമായി അനുരഞ്ജനം പരിപോഷിപ്പിക്കപ്പെടണം. സഭകൾ തമ്മിൽ അകൽച്ചയുണ്ടാകുന്ന ഘട്ടങ്ങളിൽ അതു ഗുരുതരമായ അവസ്ഥയിൽ എത്തിച്ചേരുന്നതിനു മുമ്പുതന്നെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. ഭിന്നത മാറുമ്പോഴേ ദൈവം പ്രസാദിക്കുകയുള്ളു. ഈ യത്നത്തിലെ പങ്കാളിത്തം പോലും സമാധാനവും, ഐക്യവും പ്രദാനം ചെയ്യും.

### നവംബർ 3
### കൂദോശ് ഈത്തൊ (സഭാ ശുദ്ധീകരണം)
### വി. മത്തായി 16:13–23

വി. സഭയുടെ പുതിയ ഒരു ആരാധനകാലം ആരംഭിക്കുകയാണ്. ഇന്നത്തെ ഏവൻഗേലിയോന്റെ പ്രധാന ചിന്തകളെല്ലാം 19–ാം വാക്യത്തെ കേന്ദ്രീകരിച്ചാണ്. റബ്ബിയായും, പ്രവാചകനായും പലരും യേശുവിനെ അംഗീകരിച്ചിരിക്കുന്നു. എന്നാൽ വരുവാനുള്ള മശിഹാ അദ്ദേഹം തന്നെയോ എന്ന സംശയം ബാക്കി നിന്നിരുന്നു. ഈ സംശയം മനസിലാക്കി, യേശു തന്റെ ശിഷ്യന്മാരോട് നേരിട്ട് ചോദിക്കുകയാണ്. "നിങ്ങൾ എന്നെ മനസിലാക്കുന്നത് എങ്ങനെ"? പത്രോസ് അതിനു മറുപടിയായി "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പ്രഖ്യാപിക്കുന്നു. ദൃശ്യലോകത്തിനും, വ്യക്തിഗത സങ്കൽപ്പങ്ങൾക്കുമപ്പുറം ദൈവത്തിന്റെ ഇടപെടലിൽ പത്രോസിനു ലഭിച്ച ദർശനമാണ് ഈ പ്രഖ്യാപനം.

ഈ വാക്യം നിമിത്തം പത്രോസിനു മാത്രമേ സ്വർഗ്ഗത്തിലും, ഭൂമിയിലും അധികാരമുള്ളു എന്നു ധരിച്ചുവച്ചിരിക്കുന്ന ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട്. ഒറ്റവായനയിൽ മനസിലാക്കുന്നത്, പത്രോസ് ഭൂമിയിൽ ചെയ്യുന്ന ഏതു കാര്യവും, അല്ലെങ്കിൽ തീരുമാനിക്കുന്ന ഏതു സംഗതിയും സ്വർഗ്ഗരാജ്യത്തിൽ സ്വതവേ സ്ഥിരീകരിക്കപ്പെട്ടുകൊള്ളും എന്ന്, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നൽകിക്കൊണ്ട് പറയുന്നതായിട്ടാണ്. എന്നാൽ അതല്ല ഈ വാക്യത്തിന്റെ ആശയം. മറ്റു ചില വേദപുസ്തക പരിഭാഷകൾ കൂടി ഒത്തുനോക്കണം. കെട്ടപ്പെട്ടതായിരിക്കും, അഴിഞ്ഞിരിക്കുന്നതായിരിക്കും എന്നീ ക്രിയാപദങ്ങൾ ചേർത്തു വെച്ചു നോക്കി വിശദമാക്കിയാൽ സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടതായിരിക്കും. അഴിഞ്ഞിരിക്കുന്നതായിരിക്കും എന്നീ ക്രിയാപദങ്ങൾ ചേർത്തു വച്ചു നോക്കി വിശദമാക്കിയാൽ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കുന്നതൊക്കെയും ആയിരിക്കും നീ ഭൂമിയിൽ അഴിക്കുന്നത്. ഇതാണ് യേശുതമ്പുരാൻ യഥാർത്ഥത്തിൽ പറഞ്ഞത്.

ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമാക്കുക എന്ന ദൗത്യം നിർവഹിക്കുക



യായിരുന്നു യേശു. തന്റെ ദൗത്യ നിർവഹണത്തിൽ പങ്കു ചേരുവാൻ, ആ ചുമതല ഏറ്റെടുക്കുവാൻ ഏറ്റം ആവശ്യമായിരിക്കുന്നത് ഈ യേശുവിനെ ക്രിസ്തുവായി അംഗീകരിക്കുക എന്നതാണ്. അതാണ് ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസം. അവന്റെ സാക്ഷികളായി വിളിക്കപ്പെട്ടിരിക്കുന്ന നമുക്കും ഈ അടിസ്ഥാന വിശ്വാസം കൂടിയേ കഴിയൂ.

'താക്കോൽ' അധികാരത്തിന്റെ ചിഹ്നം എന്നേയുള്ളു. ആ താക്കോൽ സഭയുടെ നാഥൻ പത്രോസിനെ ഏൽപ്പിക്കുകയാണ്. ദൈവരാജ്യബന്ധത്തിൽ സഭയിലും, സഭയിൽ കൂടിയും നിർവഹിക്കപ്പെടേണ്ട വിവിധ ചുമതലകളാണ് താക്കോലുകൾ എന്ന് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന് യേശു പറയുമ്പോൾ ദൈവത്തിന്റെ അഭിഷിക്തനായി യേശുവിനെ വിശ്വസിച്ച് അംഗീകരിക്കുന്നതിലൂടെയാണ് ശീമോൻ, പത്രോസാകുന്നത്.

നീ ഭൂമിയിൽ കെട്ടുന്നത്...... നീ ഭൂമിയിൽ അഴിക്കുന്നത്.... എന്നീ വാക്യങ്ങൾ കേവലം പത്രോസിനു മാത്രമല്ല, മുഴുവൻ സഭയുടെ അധികാര സീമയിൽ ഉൾചേരുന്നതാണ്. (മത്താ. 18:18). എല്ലാ ശിഷ്യന്മാർക്കും അതു ബാധകമാണ്. യേശുവിനെ ക്രിസ്തുവായി കണ്ട് അംഗീകരിച്ച് അനുഗമിക്കുന്നവർ ക്രിസ്തു ശൈലി തുടരുവാൻ ബാധ്യസ്ഥരായതിനാൽ വെറും "മാനുഷികമായി" മാത്രം ചിന്തിക്കുന്നവർ ആകയില്ല. ആത്യന്തികമായി നീതിയും, സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള ദൈവ രാജ്യത്തിന്റെ രൂപീകരണവും, വളർച്ചയും, പൂർത്തീകരണവുമാണ് വിശ്വാസികളിലൂടെ, അതായത് സഭയിലൂടെ നടക്കുന്നത്. അതുകൊണ്ട് ക്രിസ്തു ശിഷ്യന്മാരുടെ പ്രവർത്തനങ്ങൾ സ്വർഗ്ഗരാജ്യ ബദ്ധം ആയിരിക്കണം.

### നവംബർ 10
### ഹൂദോസ് ഈത്തോ (സഭയുടെ പ്രതിഷ്ഠ)
### (വി. യോഹ. 10:22–38, നടപ്പുകൾ 7:44–53–ശ്ലീഹാവായന)

യേശു ആർ? എന്ന ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കുവാൻ പലരും ശ്രമിക്കുന്നത് സുവിശേഷങ്ങളിൽ കാണാം. പല നിഗമനങ്ങളിലും ജനം എത്തുന്നുമുണ്ട്. (ലൂക്കോ. 7:18–23). ഇവിടെയൊന്നും യേശു വ്യക്തമായ മറുപടി നൽകുന്നില്ല. എന്നാൽ താൻ ആരാണെന്ന് അനുഭവം കൊണ്ട് ഗ്രഹിക്കണെമെന്ന് യേശു വാഞ്ഛരിച്ചു.

യഹൂദന്മാർ ഇവിടെ യേശുവിനോട് നീ ക്രിസ്തുവെങ്കിൽ സ്പഷ്ടമാക്കിത്തരികയെന്നു പറഞ്ഞു. യേശു അതിന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. എന്നാൽ നിങ്ങളുടെ അവിശ്വാസം നിമിത്തം നിങ്ങൾക്കതു ഗ്രഹിപ്പാൻ കഴിയുന്നില്ല. വെളിപ്പെടുത്തിയ കാര്യം വിശ്വസിക്കാതെ വീണ്ടും വീണ്ടും അവിശ്വാസത്തിന്റെ ചോദ്യങ്ങളാണ് ഉയർത്തിയത്. കഴിഞ്ഞ കാലങ്ങളിൽ യിസ്രായേലിനെ നല്ല ഇടയനെപ്പോലെ നന്നായി നടത്തിയ ദൈവം യേശുക്രിസ്തുവാകുന്ന നല്ല ഇടയനാൽ നടത്തപ്പെടുന്ന ആട്ടിൻകൂട്ടമായി തീരുന്നതിന് യിസ്രയേലിനെ ആഹ്വാനം ചെയ്തു. എന്നാൽ ആട്ടിൻകൂട്ടത്തിന് പുറത്തായതുകൊണ്ട് ഈ വിളി അവർ നിരസിച്ചു.

വടക്കുവശത്തെ ശ്ലീഹാവായന നടപ്പുകളുടെ പുസ്തകം 7:44–53 വരെയാണ്. ഈ ഭാഗത്തുള്ള സ്തേഫാനോസിന്റെ പ്രസംഗം യിസ്രായേൽ ചരിത്രത്തിന്റെ ഒരു ക്രിസ്തീയ വ്യാഖ്യാനമാണ്. തന്റെ പ്രസംഗത്തിലൂടെ അദ്ദേഹം യിസ്രായേൽ ചരിത്രം അവലോകനം ചെയ്യുന്നു. യഹൂദന്മാരെ പ്രകോപിപ്പിച്ച ഉജ്ജ്വലമായ ഈ പ്രസംഗം സമാപിക്കുന്നത് വലിയ ആത്മീയ സത്യങ്ങളോടെയാണ്.

അത്യുന്നതനായ ദൈവം യിസ്രായേലിനു തന്നെത്തന്നെ വെളിപ്പെടുത്തി. എന്നാൽ അവർ യഹോവയെ ത്യജിച്ച് വിഗ്രഹാരാധികളായി മാറി. വിഗ്രഹാരാധനയിൽ നിന്നു ജനത്തെ വിടുവിക്കുവാൻ ദൈവത്തിന്റെ സാക്ഷ്യകൂടാരം നിർമ്മിക്കുവാൻ മോശയിലൂടെ അവർക്കു നിർദ്ദേശം നൽകി. ശലോമോൻ സാക്ഷ്യകൂടാരത്തിന്റെ സ്ഥാനത്തു ദേവാലയം പണിതു. ദൈവഹിതത്തിൽ നിന്നു വീഴ്ചയുണ്ടായി. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും. ശലോമോൻ തന്നെ ഈ ആശയം പ്രസ്താവിച്ചിട്ടുണ്ട് (1 രാജാ. 8:27).

ദേവാലയം ദൈവത്തിന് ഒരു വാസസ്ഥലമാക്കി ദൈവത്തെ അതിൽ ഒതുക്കി നിർത്തുവാൻ നാം ഇന്നു ശ്രമിക്കുന്നില്ലേ? ദേവാലയം ദൈവത്തിന് ഒരു വിശ്രമസ്ഥലമോ? ദേവാലയഭക്തി വിഗ്രഹാരാധനയ്ക്ക് തുല്യമാണ് (ഏശായ്യാ 66:1–2). ദൈവത്തെ നിശ്ചലമായ വിശുദ്ധ സ്ഥലത്ത് മാത്രം ഒതുക്കി നിർത്തുന്ന ഞായറാഴ്ച ക്രിസ്ത്യാനികൾ ഇന്നു ധാരാളം ഇല്ലേ?

സാക്ഷ്യകൂടാരം പോലെ ദൈവത്തിന്റെ നിവാസം ജനമദ്ധ്യത്തിലാണ്. ജനത്തോടൊപ്പം ദൈവം ജീവിക്കുന്നു, യാത്ര ചെയ്യുന്നു, മുൾപ്പടർപ്പിലും, മരുഭൂമിയിലും, സാക്ഷ്യകൂടാരത്തിലും ജീവിതാനുഭവങ്ങളിലും അവൻ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്തീയ ജീവിതം യേശുവിനോടുകൂടെയുള്ള, യേശുവിങ്കലേക്കുള്ള യാത്രയത്രെ. അവന്റെ ക്രൂശിലൂടെ ദൈവം തന്റെ അരുളപ്പാട് ഇന്നും നൽകുന്നു. അവന്റെ ക്രൂശിലൂടെ പരിവർത്തനത്തിനു വിധേയമായി ദൈവിക ദർശനം ലഭിച്ചാലേ ദൈവഹിതം മനസിലാക്കാൻ സാധിക്കൂ.

യിസ്രായേൽ ജനം ശാഠ്യക്കാർ ആയിരുന്നു. (പുറ. 3:37) യഹോവയ്ക്ക് സ്വയം പ്രതിഷ്ഠയുടെ അടയാളമായ പരിച്ഛേദനയുടെ ആത്മീയാർത്ഥം അവർ മറന്നു. ദൈവഹിതം മനസിലാക്കാൻ വിമുഖതയുള്ള ഹൃദയവും ദൈവവചനം ശ്രവിക്കുവാൻ താത്പര്യമില്ലാത്ത കാതും അത്രെ അവർക്കുള്ളത്. ദൈവിക സത്യങ്ങളെ അവഗണിച്ച് മനസിലാക്കാതെ ഇരിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനു വിരോധമായ പാപമാണ്. (ഏശാ. 63:10).

ദൈവിക പ്രകാശത്തിനു നേരേ കണ്ണടയ്ക്കുന്നവന് ദൈവിക കാഴ്ച നഷ്ടമാകും. മാറി വരുന്ന ലോക സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ നമുക്കു കഴിയണം. ദൈവജനത്തിന്റെ മദ്ധ്യേ വസിക്കുന്ന ദൈവത്തോടൊപ്പം ഒരു തീർത്ഥാടക സമൂഹമായി പ്രവർത്തിക്കാം. ദൈവഹിതത്തിനനുസരണമായി നമ്മുടെ ജീവിതം ക്രമപ്പെടുത്താം. ചരിത്രത്തിൽ പ്രവർത്തന നിരതനായ ദൈവത്തിന്റെ ഉത്തമ സാക്ഷികളായി മാറുകയും ചെയ്യാം. ●

# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി–682 308

## ചോദ്യം

### 2 കൊരി. 11,12,13

1. ആരെ, ആർക്ക് എങ്ങനെ ഏല്പിക്കുവാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു.
2. പൗലോസ് കൊരിന്ത്യരെക്കുറിച്ച് എന്താണ് ഭയപ്പെടുന്നത്?
3. പൗലോസിന്റെ പ്രവർത്തനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ തീർത്തു കൊടുത്തത് ഏത് സഭക്കാരാണ്?
4. പൗലോസ് കൊരിന്ത്യരുടെ സാമ്പത്തിക സഹായം സ്വീകരിക്കാത്തത് അവരോട് സ്നേഹമില്ലാത്തതുകൊണ്ടല്ല. പിന്നെ എന്തുകൊണ്ട്?
5. ദമസ്ക്കോസിലെ രാജാവ് ആരാണ്?
6. പൗലോസിന് ജഡത്തിൽ ശൂലം കൊടുത്തത് എന്തിന്?
7. ക്രിസ്തുവിന്റെ ശക്തി പൗലോസിന്റെ മേൽ ആവസിക്കേണ്ടതിന് സന്തോഷത്തോടെ എന്തെല്ലാം ബലഹീനതകൾ സഹിക്കുന്നു?
8. ഏതു കാര്യവും എങ്ങനെ ഉറപ്പാക്കാൻ കഴിയും?
9. ക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് എങ്ങനെ അറിയുവാനാണ് പഠിപ്പിക്കുന്നത്?
10. കർത്താവ് അധികാരം തന്നിരിക്കുന്നത് എന്തിനാണ്?

## ഉത്തരം

### 2 കൊരിന്ത്യർ 9–10

1. വിശുദ്ധന്മാർക്ക് വേണ്ടി നടത്തുന്ന ദ്രവ്യ ശേഖരത്തെ കുറിച്ച് (9:1).
2. ആഖായയെക്കുറിച്ച് മക്കെദോന്യരോട് (9:2).
3. പിശുക്കായിട്ടല്ല അനുഗ്രഹമായിട്ട് കൊടുക്കണം. (9:5).
4. ലോഭമായി വിതയ്ക്കുന്നവൻ ലോഭമായികൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും. (9:6).
5. സങ്കടത്തോടെ അരുത്; നിർബന്ധത്താലുമരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (9:7).
6. ദൈവത്തിന് അനവധി സ്തോത്രം വരുവാൻ കാരണവും ആകുന്നു. (9:12).
7. യേശുക്രിസ്തുവിന്റെ സൗമ്യതയും, ശാന്തതയും (10:1).
8. നിങ്ങളെ ഇടിച്ചുകളവാനല്ല പണിവാനായി കർത്താവ് അധികാരം നല്കിയിരിക്കുന്നു (10:8).
9. 10:16
10. തന്നെത്താൻ പുകഴ്ത്തുന്നവൻ അല്ല, കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാകുന്നവൻ (10:17).

### ജൂൺ ജൂലൈ മാസത്തിൽ ശരിയുത്തരം അയച്ചുതന്നവർ

1) യാസ്മിൻ ജോർജ്ജ്, ആലുവ; 2) മോളി മാത്യു, നാരങ്ങാനം; 3) ആനീസ് ഉമ്മൻ, നിരണം; 4) ആലീസ് അബ്രഹാം, കോയമ്പത്തൂർ; 5) കെ. സി. എലിസബേത്ത്, എറണാകുളം, 6) അന്നമ്മ മത്തായി, ആലുവ; 7) ഷാജി മാമ്മൻ മാത്യു, കുട്ടമ്പേരൂർ; 8) ഏലിയാമ്മ സക്കറിയ, കൽക്കട്ട; 9) ഏലിയാമ്മ പൗലോസ്, വയനാട്.

**MGOCSM's Christian Audio and Video CD's**

**1. Documentary Film on Parumala Thirumeni**

"Behold a Saint" on VCD (Video CD) Rs. 150/-each

(In English and Malayalam-both versions available)

**2. Essential teachings of the Orthodox Faith:**

"Faith of our Fathers" (Volume I & II) on Audio CD Rs. 100/-each

(Both volumes in English only)

Available from: MGOCSM Book Shop, CMS College Junction, Kottayam, or Peedikayil Book House, Parumala, For Courier delivery at no extra cost:- Fr. Philip Kuruvilla, P.O. Box 205, Nagpur - 440001, or frpkuruvilla@hotmail.com





# ലക്ഷ്യത്തിൽ മാത്രം ശ്രദ്ധവയ്ക്കുക

**– ഗുരുജി**

ഇംഗ്ലീഷ് ചാനൽ രണ്ടുപ്രാവശ്യം നീന്തിക്കടന്നു ലോകപ്രശസ്തയായ അമേരിക്കകാരിയാണ് ഫ്ളോറൻ ചാഡ്വിക്ക്. ഫ്രാൻസിൽ നിന്നും ഇംഗ്ലണ്ടു വരെ നീണ്ടു കിടക്കുന്ന 32 കി.മീ. ദൈർഘ്യമുള്ള ചാനൽ 1950–ൽ നീന്തിക്കടക്കാൻ അവർ എടുത്ത സമയം വെറും 13 മണിക്കൂറും 20 മിനിറ്റുമാണ്. 24 വർഷമായി നിലനിന്നിരുന്ന വനിതകളുടെ റെക്കാർഡ് അതോടെ തിരുത്തിക്കുറിക്കപ്പെട്ടു. 1951–ൽ തിരിച്ചങ്ങോട്ടും നീന്തി രണ്ടാമതും ചരിത്രം സൃഷ്ടിച്ചു. ഈ നേട്ടം കൈവരിച്ചതോടെ അവരിൽ മറ്റൊരു ലക്ഷ്യം നാമ്പെടുത്തു. കാലിഫോർണിയയുടെ തീരത്തുനിന്നും 34 കി. മീ. നീണ്ടു കിടക്കുന്ന ഏറ്റവും ദുഷ്കരമായ കാറ്റലീന ചാനൽ നീന്തിക്കടക്കുന്ന ആദ്യത്തെ വനിതയാവണം. 1952 ജൂലൈ 14–ന് ആദ്യശ്രമം നടത്തി. ഉറച്ച മഞ്ഞും അസ്ഥികളെ വിറപ്പിക്കുന്ന ശൈത്യവും വമ്പൻ സ്രാവുകളും ഉള്ള കാറ്റലീന ചാനലിലൂടെ തീരത്തെലക്ഷ്യമാക്കി അവൾ നീന്തി. ലോകം മുഴുവൻ ശ്രദ്ധയോടെ ഈ സാഹസം വീക്ഷിച്ചു. പക്ഷേ സാന്ദ്രമായ മൂടൽ മഞ്ഞ് കാരണം തീരം കാണാനാവാതെ ഇടയ്ക്കു വച്ച് ശ്രമം ഉപേക്ഷിക്കേണ്ടിവന്നു. തീരത്തോട് അരകിലോ മീറ്റർ അടുക്കാറായപ്പോൾ മാത്രമാണ് നീന്തൽ നിറുത്തി മടങ്ങേണ്ടിവന്നത് എന്ന് മനസ്സിലായപ്പോൾ ഫ്ളോറൻസ് ചാഡ്വിക്കിന് കടുത്ത നിരാശ ഉണ്ടായി. 6–ാമത്തെ വയസ്സു മുതൽ ദീർഘദൂര നീന്തൽ വിദഗ്ധ എന്നു പേരുകേട്ട അവർക്ക് ലക്ഷ്യത്തിലെത്താൻ പ്രാപ്തിയില്ലാഞ്ഞിട്ടല്ല ശ്രമം ഉപേക്ഷിക്കേണ്ടിവന്നത്. ലക്ഷ്യം അടുത്തു കാണാൻ സാധിച്ചില്ല എന്നതായിരുന്നു പ്രശ്നം. "ഞാൻ ഒഴികഴിവ് പറയുകയല്ല. കരകാണാൻ സാധിച്ചിരുന്നെങ്കിൽ ഞാൻ തീർച്ചയായും ലക്ഷ്യത്തിലെത്തുമായിരുന്നു." അന്നവർ മാദ്ധ്യമങ്ങളോടു പറഞ്ഞു. പക്ഷേ ലക്ഷ്യബോധവും നിശ്ചയദാർഢ്യവും അവർ കൈവെടിഞ്ഞില്ല. രണ്ടു മാസത്തിനു ശേഷം കാറ്റലീന ചാനൽ നീന്തിക്കടന്ന് അവർ ചരിത്രം സൃഷ്ടിച്ചു. മോശമായ കാലാവസ്ഥയായിരുന്നിട്ടും കരമാത്രം മുന്നിൽ കണ്ട് അവർ നീന്തി. ലക്ഷ്യത്തിലെത്തി എന്നുമാത്രമല്ല രണ്ടു മണിക്കൂർ കുറവ് സമയം കൊണ്ട് നീന്തി കയറി (13 മണിക്കൂർ 47 മിനിറ്റ്) അന്നേവരെ നിലവിലിരുന്ന പുരുഷന്മാരുടെ റെക്കാർഡ് പോലും തിരുത്തിയാണ് ഫ്ളോറൻസ് ചാഡ്വിക്ക് വിജയം കൈവരിച്ചത്.

ജീവിത വിജയത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകം ലക്ഷ്യബോധമാണെന്ന് ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ പലരും പരാജയപ്പെടുന്നത് ലക്ഷ്യബോധം ഇല്ലാഞ്ഞിട്ടല്ല. മറിച്ച്, ലക്ഷ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള മനക്കരുത്തില്ലാഞ്ഞിട്ടാണ്. ജീവിതത്തിന്റെ തിരക്കിനുള്ളിൽ ലക്ഷ്യത്തോടൊപ്പം മറ്റു പലതും അവർ കാണുന്നു. ഒരിടത്തും എത്താതെ ജീവിതം പാഴാകുന്നു. ശിഷ്യന്മാരെ ആർച്ചറി (അമ്പെയ്ത്തുവിദ്യ) പഠിപ്പിച്ച ബുദ്ധിശാലിയായ ഒരു ഇൻഡ്യൻ ഋഷി ഉന്നം വയ്ക്കാൻ തടികൊണ്ടൊരു പക്ഷിയെ ഉണ്ടാക്കി ഒരു മരത്തിൽ സ്ഥാപിച്ച കഥ പ്രസിദ്ധമാണ്. പക്ഷിയുടെ കണ്ണിനെ ലക്ഷ്യമാക്കി അമ്പെയ്യാൻ ശിഷ്യന്മാരോട് അദ്ദേഹം ആവശ്യപ്പെട്ടു. ആദ്യത്തെ ശിഷ്യൻ പരാജയപ്പെട്ടു. ഋഷി ചോദിച്ചു: നീ എന്താണ് കണ്ടത്? ഒരു മരവും ശാഖകളും, ഇലകളും, ഒരു പക്ഷിയും, അതിന്റെ കണ്ണും, ചുറ്റും ആകാശവും കണ്ടു എന്ന് ശിഷ്യൻ പറഞ്ഞു. "വിദഗ്ധനാണെങ്കിലും പരാജയപ്പെട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല." എന്നു ഋഷി മറുപടി പറഞ്ഞു. ഉന്നത്തിൽ തന്നെ അമ്പെയ്തു വിജയിച്ച ശിഷ്യനോട് അതേചോദ്യം ആവർത്തിച്ചു. "ഞാൻ പക്ഷിയുടെ കണ്ണുകൾ മാത്രമേ കണ്ടൊള്ളു, മറ്റൊന്നും എന്റെ ശ്രദ്ധയിൽ വന്നില്ല– ശിഷ്യൻ പറഞ്ഞു. ഒന്നാമത്തെ ശിഷ്യനെപ്പോലെ എല്ലാം കാണുന്നവരാണ് പലരും. എത്തേണ്ട ലക്ഷ്യം മാത്രം കാണുന്നവരേ ജീവിതത്തിന്റെ തീരത്ത് എത്തിച്ചേരൂ എന്നു ഋഷി ഉപദേശിച്ചു. ഒരു ഭൂതക്കണ്ണാടിയിലൂടെ, നിലത്തു വച്ചിരിക്കുന്ന ഒരു കടലാസ്സിലേക്ക് സൂര്യപ്രകാശം കേന്ദ്രീകരിച്ചാൽ എന്താണ് സംഭവിക്കുക? കടലാസ് ചൂടായി കത്തും. കടലാസ്സോ കണ്ണാടിയോ അങ്ങോട്ടും ഇങ്ങോട്ടും ചലിപ്പിച്ചു കൊണ്ടിരുന്നാലോ? ഒന്നും സംഭവിക്കുകയില്ല.

> നിങ്ങളുടെ ഭാവി നിങ്ങളുടെ ലക്ഷ്യത്തെ ആശ്രയിച്ചിരിക്കുന്നു. ജീവിതത്തിന് ഇത് അർത്ഥവും വ്യാപ്തിയും നൽകുന്നു. ഗോൾസിന്റെ പ്രാധാന്യം മനസിലാക്കാഞ്ഞിട്ടോ അഥവാ എങ്ങനെ അത് മെനഞ്ഞെടുക്കണമെന്നറിയാഞ്ഞിട്ടോ ആണ് പലർക്കും ലക്ഷ്യം തിട്ടപ്പെടുത്താൻ സാധിക്കാത്തത്. ഒരു സമയപരിധിക്കുള്ളിൽ നേടി എടുക്കത്തക്കവണ്ണം അവ എഴുതിവയ്ക്കണം. ഓരോ ദിവസത്തെയും പ്രവർത്തനം ആത്യന്തിക ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിന് എത്രമാത്രം സഹായിച്ചുവെന്ന് വിലയിരുത്തുകയും വേണം.



Mrs. Ammini Kunjachen
New Delhi-16



Salin Thomas

ജീവിതം ഹ്രസ്വമാണ്. അല്പനേരത്തേക്ക് കാണുന്നതും പിന്നെ ആവിയായി പോകുന്നതുമായ ഒരു നശ്വര പ്രതിഭാസമാണ് ജീവിതം എന്ന് വി. യാക്കോബ് (4:14) നമ്മേ ഓർമ്മിപ്പിക്കുന്നു. എങ്കിലും ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ കർത്താവിനിഷ്ടമെങ്കിൽ ജീവിച്ചിരുന്ന് ഇന്നതു ചെയ്യും എന്നല്ലോ പറയേണ്ടത് എന്ന് അദ്ദേഹം ചോദിക്കുന്നു. വ്യക്തമായ ഒരു ലക്ഷ്യബോധം ജീവിതത്തിനുണ്ടാവണം എന്നർത്ഥം. നിങ്ങളുടെ ഭാവി നിങ്ങളുടെ ലക്ഷ്യത്തെ (goals) ആശ്രയിച്ചിരിക്കുന്നു. ജീവിതത്തിന് ഇത് അർത്ഥവും വ്യാപ്തിയും നൽകുന്നു. ഗോൾസിന്റെ പ്രാധാന്യം മനസിലാക്കാഞ്ഞിട്ടോ അഥവാ എങ്ങനെ അത് മെനഞ്ഞെടുക്കണമെന്നറിയാഞ്ഞിട്ടോ ആണ് പലർക്കും ലക്ഷ്യം തിട്ടപ്പെടുത്താൻ സാധിക്കാത്തത്. ഒരു സമയ പരിധിക്കുള്ളിൽ നേടി എടുക്കത്തക്കവണ്ണം അവ എഴുതിവയ്ക്കണം. ഓരോ ദിവസത്തെയും പ്രവർത്തനം ആത്യന്തിക ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിന് എത്രമാത്രം സഹായിച്ചുവെന്ന് വിലയിരുത്തുകയും വേണം. വിതയ്ക്കാൻ ഉദ്ദേശിക്കുന്ന വിത്തുകൾ കരുതിവയ്ക്കുന്നതുപോലെയാണ് പ്രാവർത്തികമാക്കാവുന്ന ഗോൾസ് എഴുതിവയ്ക്കുന്നത്. നിങ്ങൾ ആഗ്രഹിക്കുന്നതും നേടാൻ കഴിയുന്നതുമായ പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ലക്ഷ്യം ശരിയായി നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാണർത്ഥം എന്ന് കോടീശ്വരനായ ഡോ. പോൾ ജെ. മേയർ പറയുന്നു. നേതൃത്വ പരിശീലനത്തിന് ലോക പ്രശസ്ത സ്ഥാപനമായ ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. ജോൺ ഹഗ്ഗായിയുടെ അഭിപ്രായത്തിൽ ("SMART") ഗോൾസുള്ളവർക്കേ വിജയം കൈവരിക്കാൻ സാധിക്കുകയുള്ളു. അതായത് നിങ്ങളുടെ ലക്ഷ്യം സുവ്യക്തവും (S. specific), തിട്ടപ്പെടുത്താവുന്നതും (M. Measurable), നേടിയെടുക്കാവുന്നതും (A-attainable); യാഥാർത്ഥ്യ ബോധമുള്ളവും (R-real) കരഗതമായാൽ സ്പർശ്യവേദ്യമായതും (T. tangiable) ആയിരിക്കണം. ഇതിനുള്ള പരിശീലനം ചെറുപ്പം മുതലേ കുട്ടികൾക്കു നൽകുകയാണ് വേണ്ടത്. വ്യക്തമായ ലക്ഷ്യത്തോടെ ആൾക്കൂട്ടത്തിനിടയിലൂടെ നടന്നു പോയാൽ ജനം നിങ്ങൾകു വഴി മാറുന്നതായി കാണാൻ കഴിയും.

ലോകപ്രശസ്തരായ നേതാക്കന്മാർക്കെല്ലാം "സ്മാർട്ട്" ഗോൾസ് ആണ് ഉണ്ടായിരുന്നത്. സ്വതന്ത്ര ഭാരതമായിരുന്നു ഗാന്ധിജിയുടെ ആത്യന്തിക ലക്ഷ്യം. അടിമത്വം തുടച്ചുമാറ്റാനാണ് ഏബ്രഹാം ലിങ്കൻ പ്രവർത്തിച്ചത്. നീതിയും സുരക്ഷിതത്വവും അമേരിക്കൻ നിഗ്രോകൾക്കു നൽകുകയായിരുന്നു മാർട്ടിൻ ലൂഥർ കിംഗിന്റെ സ്വപ്നം. ക്രിസ്തുവിനെ ഏറ്റവും അടുത്തറിയുകയും അവനെപ്പോലെ ആയിതീരാൻ ശ്രമിക്കുകയും ആയിരുന്നു വി. പൗലൂസിന്റെലക്ഷ്യം. ഇതിൽ നിന്ന് കണ്ണു പറിക്കരുത് എന്ന ദ്ദേഹം ഉപദേശിക്കുന്നു. പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാവാം. പഴയകാലം നിരാശ ഉളവാക്കുന്നവയാവാം. എങ്കിലും പിന്നിലുള്ളവയെല്ലാം മറന്നും മാറ്റി വച്ചും ഒരു അത്‌ലിറ്റിന്റെ ഏകാഗ്രമനസ്സോടെ ലക്ഷ്യപ്രാപ്തിയെ മാത്രം മുന്നിൽ കണ്ട് മുന്നോട്ടു കുതിക്കാൻ വി. പൗലൂസ് നമ്മെ ആഹ്വാനം ചെയ്യുന്നു. (ഫിലി. 3:12–14) ജീവിതത്തിന്റെ ആത്യന്തികലക്ഷ്യത്തിന് എപ്പോഴെങ്കിലും നിങ്ങൾ രൂപം നൽകിയിട്ടുണ്ടോ? എങ്കിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കോടുവാൻ തയ്യാറെടുക്കുക.


DEATH ANNIVERSARY

C. MATHEW 14-9-1975

MARIYAMMA MATHEW 6-8-1991



URUMBILE HOUSE
KADABA, PUTTURU
D.K. MANGALORE

Inserted by:- Sorrowing Family
O.M. Kurian (Son)
Mariyamma Kurian (D/o in law)
Eliyamma Cherian (D/o)
& Grand Children



12–ാം ചരമവാർഷികം
(8-10-2002)



റവ. ഫാ. എൻ. ജെ. ശാമുവേൽ

ഈട്ടിമുട്ടിൽ, വകയാർ, കോന്നി

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

*Inserted by:-* സന്തപ്ത കുടുംബാംഗങ്ങൾ




# വിശ്വാസപ്രചാരം

**ചോദ്യം**

കുമ്പിടുന്നതും, ശ്രാദ്ധങ്ങൾ നടത്തുന്നതും അനാചാരങ്ങളല്ലേ? എന്തിനിവകൾ നടത്തുന്നു?

അനാചാരങ്ങളാണെങ്കിൽ ഇവ നടത്തുന്നത് ശരിയല്ല. ചുരുങ്ങിയ രീതിയിൽ ഇവകൾ വേദപുസ്തക, പാരമ്പര്യാധിഷ്ഠിതമാണോ എന്നു പരിശോധിക്കാം.

**കുമ്പിടീൽ**

സുറിയാനി സഭയുടെ അതിപുരാതനമായ രീതിയാണ് കുമ്പിട്ട് നമസ്ക്കരിക്കുക എന്നുള്ളത്. രാജസന്നിധിയിൽ സാഷ്ടാംഗ പ്രണാമം നടത്തുന്നതു പോലെതന്നെ പഴയനിമയത്തിൽ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ വീണു വന്ദിച്ചതായി കാണുന്നുണ്ടല്ലോ. പഴയനിയമ കാലത്ത് കുമ്പിട്ട് വന്ദിക്കുന്ന (നമസ്ക്കരിക്കുന്ന) രീതിയുണ്ടായിരുന്നു. ദാനി. 6:10, 1 രാജാ. 8:54

**വീണു വന്ദിക്കുന്നതിന്റെ മറ്റു ചില തെളിവുകൾ**

വിദ്വാന്മാർ ശിശുവായ യേശുവിന്റെ സന്നിധിയിൽ - വി. മത്തായി 2:10,11. പിന്നീട് മറ്റനേകരും - മർക്കോ. 1:40, 10:17

ഗത്സമേനയിൽ കർത്താവു തന്നെ - മത്താ. 26:39, മർക്കോ. 14:35, ലൂക്കോ. 22:41

സ്വർഗ്ഗീയ ദൂതന്മാർ സിംഹാസനത്തിനു മുമ്പിൽ - വെളി. 7:11

നമ്മുടെ കർത്താവു തന്നെ പറയുന്നു. നിന്റെ ദൈവമായ കർത്താവിനെ (കുമ്പിട്ട്) നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ - വി. മത്താ. 4:10).

രണ്ടാം നൂറ്റാണ്ടിൽ തെർത്തുല്യൻ എഴുതി.

We regard it inlawful to fast or worship on our knees on the Lord's day.

കർത്തൃദിനത്തിൽ ഉപവസിക്കുകയോ, കുമ്പിടുകയോ ചെയ്യുന്നത് ശരിയല്ല എന്നാണ് ഞങ്ങളുടെ രീതി. തുടർന്നു പറയുന്നു; ക്യംതാ മുതൽ പെന്തിക്കോസ്തി വരെയും ഈ അനുവാദം ഞങ്ങൾക്കുണ്ട്. ഈ പതിവ് സുറിയാനി സഭ ഇന്നും പിന്തുടരുന്നു.

പ്രാർത്ഥനയിലും, ആരാധനയിലും, ശരീരത്തേയും, മനസിനേയും, ആത്മാവിനേയും ഏകാഗ്രമായി പങ്കെടുപ്പിക്കുന്ന ഒരു ശ്രേഷ്ഠ നടപടികൂടിയാണ് കുമ്പിടീൽ. അല്ലാതെ അനാചാരമല്ല.

**ശ്രാദ്ധങ്ങൾ നടത്തുന്നത്.**

ഈ പേര് ആധുനിക സഭക്കാർ ഉപയോഗിക്കുന്നില്ലെങ്കിലും മരിച്ചയാളിന്റെ ഓർമ്മദിനത്തിൽ പാസ്റ്റർ വന്ന് മക്കളോടും, കൂട്ടായ്മക്കാരോടും കൂടെ ഒരുമിച്ച് പ്രാർത്ഥിക്കുകയും, ഭക്ഷണം കഴിക്കുകയും ചെയ്യുന്നില്ലേ? ഇതിനു സുറിയാനി സഭ പേരിട്ടിരിക്കുന്നതാണ് ശ്രാദ്ധം, ഓർമ്മദിനം, അടിയന്തിരം എന്നൊക്കെ.

ജീവിച്ചിരിക്കുമ്പോൾ ഒരാൾക്കു വേണ്ടി പ്രാർത്ഥിക്കുന്നവർ, അയാൾ അന്ത്യശ്വാസം വലിച്ചുകഴിഞ്ഞാൽ അയാൾക്കു വേണ്ടിയുള്ള പ്രാർത്ഥന ബ്രേക്കിട്ടു നിർത്തുന്നത് പരിതാപകരമാണ്. അയാളുടെ ശ്വാസത്തിനോ, അതോ സ്രഷ്ടാവിങ്കലേക്കു പോയ ആത്മാവിനോ ഏതിനാണ് പ്രാധാന്യം?

മരിച്ചവർ നമുക്ക് അദൃശ്യരാണെങ്കിലും നാം അവർക്ക് അദൃശ്യരല്ല. കാരണം അവർ ദൈവസന്നിധിയിൽ വിശ്രമിക്കുകയാണ്. ദൈവദൃഷ്ടിയിൽ നാമും അവരും ജീവനുള്ളവരാണ്. ആ ദൈവത്തോടാണ് ജീവനുള്ള നമ്മുടെ വാങ്ങിപ്പോയവർക്കുവേണ്ടി ശ്രാദ്ധ ദിനത്തിൽ പ്രാർത്ഥനയും വി. കുർബാനയും അർപ്പിക്കുന്നത്.

ശ്രാദ്ധത്തെ കുറിച്ച് ചില പുരാതന രേഖകൾ കൂടി കാണുക.

**1. തെർത്തുല്യൻ (155–240)**

അവരുടെ (മരിച്ചവരുടെ) നിത്യജീവനിലേക്കുള്ള ജന്മദിന വാർഷികങ്ങളിൽ (ആണ്ടുതോറും) മരണ ദിവസം മരിച്ചവർക്കുവേണ്ടി ഞങ്ങൾ ബലിയർപ്പിക്കുന്നു...... ഒരു സ്ത്രീ അവരുടെ ഭർത്താവിന്റെ മരണശേഷം അയാളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും, കാത്തിരിപ്പു കാലത്ത് അയാൾ ആശ്വാസം പ്രാപിക്കുവാനും, ഉയർപ്പിൽ അയാൾ പങ്കുള്ളവനാകുവാനും, യാചിക്കുകയും ചെയ്യുന്നു. ആണ്ടുതോറും അയാളുടെ ചരമവാർഷിക ദിനത്തിൽ അവൾ ബലി അർപ്പിപ്പാനും കടപ്പെട്ടിരിക്കുന്നു.

**യരുശലേമിലെ വി. കൂറിലോസ് (എ.ഡി. 315–380):–**

വി. കുർബ്ബാനയിൽ പിന്നീട്, നിദ്രപ്രാപിച്ച എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. ആദ്യമേ പൂർവ്വപിതാക്കൾ, പ്രവാചകന്മാർ, അപ്പോസ്തോലർ, രക്തസാക്ഷികൾ, എന്നുവേണ്ട നിദ്രപാപിച്ചു പോയ എല്ലാവരേയും ഓർത്തു പ്രാർത്ഥിക്കുന്നു. എന്തെന്നാൽ വി. കുർബ്ബാന അർപ്പിക്കുമ്പോൾ അവർക്കുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥന വളരെയേറെ ഗുണം അവരുടെ ആത്മാക്കൾക്കു ചെയ്യുമെന്ന് ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

**സെ. ജോൺ ക്രിസോസ്റ്റം**

ഭക്തി നിറഞ്ഞ രഹസ്യങ്ങളിൽ (വി. കുർബ്ബാനയിൽ) വാങ്ങിപ്പോയവരെ ഓർത്തു പ്രാർത്ഥിക്കണമെന്ന് അപ്പോസ്തോലന്മാർ നിശ്ചയിച്ചത് വെരുതേയല്ല. അതിനാൽ വളരെ പ്രയോജനവും, ഗുണവുമുണ്ടെന്ന് അവർക്കറിയാമായിരുന്നു.

പുരാതന സഭകൾ അപ്പോസ്തോലിക രീതി പിന്തുടരുമ്പോൾ ആധുനിക സഭക്കാർ ഭാഷാ രീതിയിൽ അൽപ്പം വ്യത്യാസം മാത്രമേ വരുത്തുന്നുള്ളൂ. കർത്താവേ! നിന്റെ ദാസന്/ദാസിക്ക് ആശ്വാസം നൽകുകയും, നിന്റെ വലത്തുഭാഗത്ത് നിന്ന് നിനക്ക് സ്തുതിപാടുകയുഠ ചെയ്യണമേ. എന്നു ഓർത്തഡോക്സുകാരും, കർത്താവേ! നിന്റെ ദാസന്/ദാസിക്ക് നീ ആശ്വാസം നൽകി, നിന്റെ വലത്തുഭാഗത്തു നിർത്തി നിനക്ക് സ്തുതിപാടുവാൻ നീ ഇടയാക്കും എന്നു നിന്നിൽ ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു എന്ന് ആധുനികരും ഉപയോഗിക്കുന്നു. ചെയ്യണമേ എന്നും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു എന്നും പറയുന്നതിന്റെ ആശയം ഒന്നു തന്നെ. മലങ്കരസഭ ആദ്യത്തെ രീതി പിന്തുടരുന്നുവെന്നു മാത്രം.

# പാവനസ്മരണയ്ക്ക്



## PRAVEEN P. ABRAHAM

**VATTAKKUNNEL PULLATT**

**KOTTAYAM-686004**


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)


# സൺഡേസ്ക്കൂൾ വാർത്തകൾ

**കൃ**തജ്ഞതയും സ്തോത്രവും: കഴിഞ്ഞ ആഗസ്റ്റ് രണ്ടിന് മദ്രാസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ വച്ച് എന്റെ ഹൃദയ ശസ്ത്രക്രിയ നടന്നു. ദൈവത്തിന്റെ കരുതലും കരുണയും അളവറ്റ വിധം അനുഭവിക്കാനിടയായി. അനവധി പള്ളികളിലും സൺഡേസ്ക്കൂളുകളിലും എനിക്കു വേണ്ടി പ്രാർത്ഥന നടത്തിയതായി അറിഞ്ഞു. അവരോടെല്ലാം എനിക്കുള്ള നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു. ശസ്ത്രക്രിയ വളരെ വിജയകരമായിരുന്നു. ഇപ്പോൾ ഞാൻ ഭവനത്തിൽ വിശ്രമിക്കുന്നു. നവംബർ മാസം മുതൽ സെമിനാരിയിലും സൺഡേസ്ക്കൂൾ ഓഫീസിലും പോകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പി.എം.ജി. സെന്ററിൽ ശിലാസ്ഥാപനം**

പരുമല മാർ ഗ്രീഗോറിയോസ് സെന്റർ എന്ന പേരിൽ സൺഡേസ്ക്കൂൾ അസോസിയേഷന്റെ വകയായി ഒരു ധ്യാന/പഠന കേന്ദ്രം നിർമ്മിക്കുവാനുള്ള നിശ്ചയം പ്രസ്താവിച്ചിട്ടുള്ളതാണ്. കോട്ടയത്തു നിന്നും ചങ്ങനാശേരിയിൽ നിന്നും അരമണിക്കൂർ യാത്രാ ദൂരം മാത്രമുള്ള വാകത്താനം ഞാലിയാകുഴി ബസേലിയോസ് ദയറായ്ക്കു സമീപമുള്ള കുന്നിൻ പുറം പ്രകൃതി രമണീയമായ സ്ഥലമാണ്. അവിടുത്തെ പ്രശാന്തതയും സംശുദ്ധമായ അന്തരീക്ഷവും ധ്യാനകേന്ദ്രത്തിന് ഏറ്റവും അനുയോജ്യം തന്നെ. കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ ബസേലിയോസ് ദയറാ ഇതിന്റെ പ്രാന്തത്തിലാണ്. തന്മൂലം ഭക്തി സാന്ദ്രമായ അന്തരീക്ഷം ലഭിക്കുന്നു.

എഴുപതുപേർക്ക് വന്നു താമസിച്ച് സമ്മേളനങ്ങളും കോൺഫറൻസുകളും നടത്തുവാൻ തക്ക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുന്ന കേന്ദ്രത്തിന് ഏതാണ്ട് ഒന്നേകാൽ കോടി രൂപാ ചെലവാകും. അത്തരം കോൺഫറൻസ് കേന്ദ്രങ്ങൾ നല്ല ഗ്രാമീണാന്തരീക്ഷത്തിൽ നമ്മുടെ സഭയിൽ വിരളമാണ്. രണ്ടു വർഷം കൊണ്ട് സെന്റർ പൂർത്തിയാക്കണമെന്നാണു പ്രതീക്ഷിക്കുന്നത്.

ഇതിന്റെ ശിലാസ്ഥാപനകർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഒക്ടോബർ 14-ാം തീയതി തിങ്കളാഴ്ച മൂന്നു മണിക്കു നിർവഹിക്കുന്നതാണ്. അസോസിയേഷൻ മുൻ പ്രസിഡണ്ട് അഭിവന്ദ്യ എപ്പിഫാനിയോസ് തിരുമേനി, ഇപ്പോഴത്തെ പ്രസിഡണ്ട് അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി, കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി, ഭദ്രാസന ഡയറക്ടർമാർ, എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ, സണ്ടേസ്ക്കൂൾ അദ്ധ്യാപകർ, തുടങ്ങിയവർ ശിലാസ്ഥാപനസമ്മേളനത്തിൽ സംബന്ധിക്കുന്നതാണ്.

**എം.ജി.ഒ.സി.എസ്.എം. ഇടവക തലത്തിൽ:**

മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തനം ആരംഭകാലം മുതൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടായിരുന്നു. കോളേജ് തലത്തിലും ഹൈസ്ക്കൂൾ തലത്തിലുമായി ക്ലാസ്സുകളും സമ്മേളനങ്ങളും ധ്യാനയോഗങ്ങളും മറ്റും നടത്തിപ്പോന്നു. എന്നാൽ ഇപ്പോൾ ഇടവകതലത്തിലേക്കും എം.ജി.ഒ.സി.എസ്.എം. പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള ശ്രമം നടക്കുന്നതായി അറിയുന്നു. അതു സൺഡേസ്ക്കൂൾ പ്രവർത്തനത്തെ ദോഷമായി ബാധിക്കുന്നു എന്ന് പല കേന്ദ്രങ്ങളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്. സൺഡേസ്ക്കൂൾ കഴിഞ്ഞ് മിക്ക ഇടവകകളിലും ബാലികാ ബാലസമാജം നടക്കുന്നു. അതിൽ പങ്കെടുക്കുന്നത് സൺഡേസ്ക്കൂളിലെ മുതിർന്ന കുട്ടികളും, അതിനു നേതൃത്വം നൽകുന്നത് സൺഡേസ്ക്കൂൾ അധ്യാപകരുമാണ് എം.ജി.ഒ.സി.എസ്.എം. പ്രവർത്തനം വന്നാലും പങ്കെടുക്കേണ്ടത് ഇവരൊക്കെത്തന്നെ. ട്യൂഷൻ ക്ലാസ്സുകൾക്കു കുട്ടികൾ പോകുന്നതുകൊണ്ട് സൺഡേസ്ക്കൂളിൽ നിന്നു വിട്ടുനിൽക്കാൻ അനേകരും വെമ്പൽ കൊള്ളുന്നു. എം.ജി.ഒ.സി.എസ്.എം.-ന്റെ മീറ്റിങ്ങുകളിൽ നിർദ്ദിഷ്ട പഠനങ്ങളോ പരീക്ഷകളോ ഒന്നുമില്ലാത്തതുകൊണ്ട് പല കുട്ടികളും സൺഡേസ്ക്കൂൾ പരിപാടിയെക്കാൾ വിദ്യാർത്ഥി പ്രസ്ഥാന പ്രോഗ്രാം ഇഷ്ടപ്പെടും. അതുകൊണ്ട് ഇടവക തലത്തിൽ എം.ജി.ഒ.സി.എസ്.എം. പ്രവർത്തനം വ്യാപിപ്പിക്കാതിരിക്കുന്നതാണ് നല്ലതെന്ന് അഭിപ്രായമുണ്ട്. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽത്തന്നെയും ഇപ്രകാരമുള്ള അഭിപ്രായമുയർന്നതായി മനസ്സിലാക്കുന്നു. എന്തുതന്നെ ആയാലും സൺഡേസ്ക്കൂൾ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ കാര്യങ്ങൾ ക്രമീകരിക്കേണ്ടത് സഭയുടെതന്നെ പൊതുവായ ആവശ്യമെന്നു ചൂണ്ടിക്കാണിക്കട്ടെ.

**പരീക്ഷകളും മത്സരങ്ങളും:** ഭദ്രാസന തലത്തിലുള്ള മത്സര പരീക്ഷകൾ എപ്പോൾ നടത്തണമെന്നതിനെപ്പറ്റിയും മറ്റും വിശദമായ സർക്കുലറുകൾ ഓരോ സൺഡേസ്ക്കൂളിനും അയച്ചു കൊടുത്തിട്ടുണ്ട്. വീഴ്ച കൂടാതെ എല്ലാ പരിപാടികളും യഥാസമയം നിർദ്ദിഷ്ട വിധത്തിൽത്തന്നെ നടക്കുമെന്നു പ്രതീക്ഷിക്കുന്നു.

**അദ്ധ്യാപക പരിശീലന ക്യാമ്പ്:** ഒരാഴ്ച നീണ്ടു നില്ക്കുന്ന പരിശീലന ക്യാമ്പ് മൂന്നു ദിവസങ്ങളായി ചുരുങ്ങി. ഇപ്പോൾ ചിലയിടത്ത് രണ്ടു ദിവസങ്ങൾ മാത്രമേ നടക്കുന്നുള്ളൂ. അതിൽത്തന്നെ ഉദ്ഘാടന സമ്മേളനം, സമാപന സമ്മേളനം എന്നിവ സമയം അപഹരിക്കും. പിന്നീട് മൂന്നോ നാലോ ക്ലാസ്സുകൾ കഷ്ടിച്ചു മാത്രമേ സാധിക്കുന്നുള്ളൂ. അതിൽപ്പോലും പങ്കെടുക്കാത്ത അദ്ധ്യാപകരുണ്ട്. നിശ്ചയമായും പരിശീലന ക്യാമ്പിൽ സംബന്ധിച്ച് പ്രയോജനം വരുത്താത്തത് കൃത്യവിലോപമായി മാത്രമേ കാണാൻ കഴിയൂ.

**കലണ്ടറും ഡയറിയും :** എല്ലാ സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കും കലണ്ടർ നൽകണമെന്ന വാർഷിക പൊതുയോഗതീരുമാനം, സാമ്പത്തികമായി വളരെ ഭാരം വരുത്തുന്നതാണ്. സൺഡേസ്ക്കൂൾ ദിനപ്പിരിവായി ലഭിക്കുന്നതിന്റെ ഗണ്യമായ ഒരു ഭാഗം ഈ വർഷം ഇതിനായി ചെലവാക്കേണ്ടിവരും. സാമ്പത്തിക ഭാരം ലഘൂകരിക്കുവാൻ തക്കവണ്ണം എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാതെ ഭാവിയിൽ തുടർന്നുകൊണ്ടുപോകാൻ പ്രയാസമായി വരും. അതെപ്പറ്റി പ്രവർത്തകർ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

സ്നേഹാശംസകളോടെ

ജോഷ്വാ അച്ചൻ ഡയറക്ടർ ജനറൽ

## പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും ചരമശതാബ്ദി ആഘോഷവും

പേരൂർക്കട:- തെക്കൻ പരുമല സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ ഈ വർഷത്തെ പെരുനാൾ ആഘോഷവും, പ. പരുമല തിരുമേനിയുടെ ചരമശതാബ്ദി ആഘോഷങ്ങളുടെ സമാപനവും 2002 ഒക്ടോബർ 25-ാം തീയതി മുതൽ നവംബർ 3-ാം തീയതി വരെ വിപുലമായ പരിപാടികളോടെ ആഘോഷിക്കപ്പെടുന്നു.

ഇതിനോടനുബന്ധിച്ചു, സൗജന്യ ക്യാൻസർ നിർണ്ണയ ക്യാംപ്, നിർധനർക്ക് സ്വയം തൊഴിലിന് ധനസഹായം, വികലാംഗക്ഷേമ സഹായം, തയ്യൽ മെഷീനുകൾ മുതലായവയുടെ വിതരണവും മറ്റ് ക്ഷേമ പ്രവർത്തനങ്ങളും ആവിഷ്കരിച്ചിരിക്കുന്നതായി വികാരി റവ. ഫാ. മാത്യു എബ്രഹാം അറിയിച്ചു.

## തീർത്ഥയാത്ര ഒക്ടോബർ 29-ന് ആരംഭിക്കും

ചക്കുപള്ളം:- പരുമല തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദി ആചരണത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഇടുക്കി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 29,30,31 നവംബർ 1 തീയതികളിൽ തീർത്ഥയാത്ര നടത്തും. വൈദികർ തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകും. ഒക്ടോബർ 29-ന് ഹൈറേഞ്ചിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ പുറ്റടി കർമ്മേൽ മല മാർ ഗ്രീഗോറിയോസ് ചാപ്പലിൽ നിന്നും രാവിലെ 8.30-ന് വി. കുർബ്ബാന യെ തുടർന്ന് ആരംഭിക്കുന്ന പദയാത്ര അന്ന് വൈകിട്ട് മുണ്ടക്കയം സെന്റ് തോമസ് പള്ളിയിലും, 31-ന് വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിലും എത്തി വിശ്രമിക്കും. കോട്ടയം ഭദ്രാസനത്തിലെ കിഴക്കൻ മേഖലാ തീർത്ഥാടകരും ഒത്തുചേർന്ന് നവംബർ 1-ന് വൈകിട്ട് 5 മണിക്ക് പരുമല പള്ളിയിൽ എത്തിച്ചേരും. തുടർന്ന് തീർത്ഥാടകരെ സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും ചേർന്ന് സ്വീകരിച്ച് പരിശുദ്ധന്റെ കബറിങ്കലേക്ക് നയിക്കും.

## ദൈവാലയ കൂദാശ

വേങ്ങൂർ സെന്റ് തോമസ് കാതോലിക്കേറ്റ് സെന്ററിൽ പുതുതായി പണിതീർത്ത മദ്ബഹായുടെ കൂദാശയും ആദ്യബലി അർപ്പണവും അങ്കമാലി ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 1-9-2002 ഞായറാഴ്ച നിർവ്വഹിച്ചു. ശ്രീ സി. ഗീവർഗീസ്, പി. വി. കുര്യാക്കോസ് കോറെപ്പിസ്ക്കോപ്പാമാർ സഹ കാർമ്മികരായിരുന്നു. പ. പരുമല തിരുമേനിയുടെ നാമത്തിൽ ചൂരത്തോടു സെന്റ് തോമസ് നഗറിൽ സ്ഥാപിച്ച കുരിശിന്റെ പ്രതിഷ്ഠാ കർമ്മവും തിരുമേനി നിർവ്വഹിച്ചു.

## ഭദ്രാസന സെക്രട്ടറിമാർ



കൊല്ലം ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. കെ.റ്റി വർഗീസ് മൗണ്ട് ഹോറോബ് ആശ്രമം, ശാസ്താംകോട്ട.



ഇടുക്കി ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. കെ.എസ്സ്. സഖറിയ. മെത്രാസന കൗൺസിൽ അംഗങ്ങളായി ഫാ. ജോർജ്ജ് വറുഗീസ്, ഫാ. കുര്യാക്കോസ് ചാണ്ടി, സി. തോമസ്, കെ.എം. വർക്കി, വി. കെ. കുര്യാക്കോസ്, ജയൻ കുരുവിള എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

## തെരഞ്ഞെടുക്കപ്പെട്ടു



കെ. സി. സി. ചർച്ചസിന്റെ സൗത്ത്സോൺ (തിരുവനന്തപുരം) പ്രസിഡന്റായി ഫാദർ ജോസഫ് സാമുവെൽ കറുകയിൽ തെരഞ്ഞെടുക്കപ്പെട്ടു. കെ.സി.സി. പ്രസിഡന്റ് ബിഷപ്പ് സാം മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധി സമ്മേളനം സാൽവേഷൻ ആർമിടെറിട്ടോറിയൽ കമാൻഡന്റ് കമ്മീഷണർ എം. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പുതുതായി രൂപീകൃതമായ സോണിന്റെ പ്രഥമ പ്രസിഡന്റാണ് ഫാദർ കറുകയിൽ. കൊട്ടാരക്കര മുതൽ തമിഴ്നാട് അതിർത്തി വരെയാണ് സോണിന്റെ പ്രവർത്തന പരിധി. ഏകദേശം ആയിരത്തിനാനൂറിൽപ്പരം ആരാധനാലയങ്ങളും സ്ഥാപനങ്ങളും ഈ പരിധിയിൽ ഉണ്ട്. തിരുവനന്തപുരം പട്ടണത്തിലെ സഭൈക്യ പ്രസ്ഥാനമായ യു.സി.എം. ഡയറക്ടർ, മലങ്കരസഭ പത്രാധിപസമിതിയംഗം, ബൈബിൾ സൊസൈറ്റി യൂണിറ്റ് പ്രസിഡന്റ്, എസ്.സി.എം. സെന്റർ തിരുവനന്തപുരം പ്രസിഡന്റ്, കാരുണ്യ-വിശ്രാന്തി എക്സിക്യൂട്ടീവ് കമ്മറ്റിയംഗം തുടങ്ങിയ നിലകളിൽ ബഹു. അച്ചൻ പ്രവർത്തിക്കുന്നു.

## ഏകദിന സമ്മേളനം

ഇടുക്കി ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജത്തിലെ നെറ്റിത്തൊഴു ഗ്രൂപ്പിന്റെ ഒരു ഏകദിന സമ്മേളനം മുണ്ടിയെരുമ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കെ.എസ്സ്. സഖറിയായുടെ അദ്ധ്യക്ഷതയിൽ കൂടി. ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീമതി ശോശാമ്മ മാത്യു സന്നിഹിതനായിരുന്നു. ഗ്രൂപ്പു സെക്രട്ടറി, യൂണിറ്റ് സെക്രട്ടറിമാർ അവരുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. റവ. ഫാ. റ്റി. സി. മത്തായി മത്സര പരീക്ഷയ്ക്കുള്ള ക്ലാസ്സെടുത്തു. വികാരി റവ.ഫാ. കെ.റ്റി. ജേക്കബ് സ്വഗതവും ഗ്രൂപ്പു സെക്രട്ടറി ശ്രീമതി മറിയാമ്മ ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.





## കാലംചെയ്തു



ചിങ്ങവനം:- ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലീമ്മീസ് (84). കാലം ചെയ്തു രോഗത്തെ തുടർന്ന് എറണാകുളത്ത് ചികിത്സയിലായിരുന്നു. കബറടക്കം ഒക്ടോബർ ഒന്നാം തീയതി ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ നടത്തി. റാന്നി വയലാ തറവാട്ടിൽ വയലാ ഇടിക്കുളയുടെയും ഐത്തല കളരിക്കൽ പെണ്ണമ്മയുടെയും ആറാമത്തെ മകനായി ജനനം. വൈക്കം എൽ.പി. സ്ക്കൂൾ, റാന്നി മാർ സേവേറിയോസ്, ആലുവ സെന്റ് മേരീസ്, കോട്ടയം സി.എം.എസ്, പാളയം കോട്ട സെന്റ് സേവ്യേഴ്സ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1947-ൽ വൈദീകനായി, 1951-ൽ മേല്പട്ട സ്ഥാനമേറ്റു.

പ. കാതോലിക്കാ ബാവായും, നിയുക്ത കാതോലിക്കാ ബാവായും, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും (ചെങ്ങന്നൂർ) ഭൗതീകശരീരം സന്ദർശിച്ച് ധൂപ പ്രാർത്ഥന നടത്തി. സഭയുടെ പിളർപ്പിനു മുമ്പ് ഓർത്തഡോക്സ് സഭയുടെ എപ്പിസ്ക്കോപ്പൽ സിനഡിലെ മെംബറായിരുന്നു ഏബ്രഹാം മാർ ക്ലീമ്മീസ്.

## സെമിനാരി പ്രവേശനം

കോട്ടയം:- ഓർത്തഡോക്സ് വൈദിക സെമിനാരി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്ക് മുൻഗണന. അപേക്ഷാ ഫോമിനും പ്രോസ്പെക്ടസിനും 100 രൂപാ സഹിതം പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം 686001 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 30-ന് മുമ്പായി സെമിനാരി ഓഫീസിൽ ലഭിച്ചിരിക്കണം.

## പാരിഷ് മിഷൻ 2002-03

കോട്ടയം:- ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ക്രിസ്തുമസ് അവധിക്കാലത്ത് വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് പാരീഷ് മിഷൻ നടത്തപ്പെടും. പ്രഭാഷണങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ഗാനപരിശീലനം, കുടുംബ സംഗമം, യുവസംഗമം, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, കൗൺസലിംഗ്, ഭവന സന്ദർശനം എന്നിവ ഉൾക്കൊള്ളുന്ന പാരീഷ് മിഷൻ പരിപാടികൾ നടത്തുവാനാഗ്രഹിക്കുന്ന ഇടവകകൾ ജോൺ വർഗ്ഗീസ് കൂടാരത്തിൽ, പാരീഷ് മിഷൻ സെക്രട്ടറി, പി.ബി. നമ്പർ. 98, കോട്ടയം എന്ന വിലാസത്തിൽ ഒക്ടോബർ 30-ന് മുൻപായി ബന്ധപ്പെടുക.

## ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 2002 - 2003 വർഷത്തെ കേന്ദ്ര തല പ്രവർത്തന പരിപാടികൾ

മുഖ്യ ചിന്താവിഷയം
"യഹോവ ബദ്ധമാരെ അഴിച്ചുവിടുന്നു". (സങ്കീ. 146:7)

ഒക്ടോബർ 2 (ബുധൻ)
: യുവജന പ്രസ്ഥാനം മദ്യവിരുദ്ധ സമിതി ഉദ്ഘാടനം (ഓരോ യൂണിറ്റിലും മദ്യ വിരുദ്ധ സമിതി).
ഒക്ടോബർ 20 (ഞായർ)
: യൂത്ത് ഫെസ്റ്റ് ഡിസ്ട്രിക്ട്തല മത്സരം
ഒക്ടോബർ 30, നവംബർ 3
: മദ്ധ്യവിരുദ്ധ എക്സിബിഷൻ - പരുമല
നവംബർ 1-2 (വെള്ളി, ശനി)
: പരുമല പദയാത്ര
2 (ശനി) : ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കലണ്ടർ പ്രകാശനം-പരുമല.
9 (രണ്ടാം ശനി) : യൂത്ത്ഫെസ്റ്റ് ഭദ്രാസനതല മത്സരം
10 (ഞായർ) : കൊരട്ടി കുഷ്ഠരോഗാശുപത്രി സന്ദർശനം
24 (ഞായർ) : ഏകദിന സെമിനാർ വിഷയം - സംഘർഷരഹിത ഭാരതം
ഡിസംബർ 7 (ശനി)
: നൂറനാട് കുഷ്ഠരോഗാശുപത്രി സന്ദർശനം
11 (ശനി) : തിരുവനന്തപുരം ബാലഭവൻ, 'വിശ്രാന്തി' സന്ദർശനം.
15 (ഞായർ) : യുവപ്രതിഭ അപേക്ഷാ ഫോം ലഭിക്കേണ്ട തീയതി.
2003 ജനുവരി 26 (ഞായർ)
: സ്നേഹസാഹോദര്യ ജ്വാല
ഫെബ്രു. 8 ശനി : യൂത്ത്ഫെസ്റ്റ് സോണൽ മത്സരം
16 (ഞായർ) : യുവപ്രതിഭ
23 (ഞായർ) : മേഖലാ പഠന സമ്മേളനം (ചിന്താവിഷയ പഠനം
: 'വിമോചകനായ ക്രിസ്തു'
മാർച്ച് 8 (രണ്ടാംശനി)
: വാർഷിക ധ്യാനം
16 (ഞായർ) : സ്വയം സഹായ സംഘ രൂപീകരണം
26 (ശനി) : പ്രി-മാരിറ്റൽ കൗൺസലിംഗ് (ഭദ്രാസന തലത്തിൽ)
27 (ഞായർ) : പ്രതിനിധി സമ്മേളനം (നേതൃത്വ പരിശീലനം)
മെയ് ദേശീയ വാർഷിക സമ്മേളനം)

## കോളനി വൽക്കരണം–സഭാതലത്തിൽ... 17–ാം പേജിൽ നിന്നു തുടർച്ച..

എന്നതായിരുന്നു ആദ്യത്തെ ലക്ഷ്യം. 1599–ൽ ഉദയം പേരൂർ എന്ന സ്ഥലത്ത് ഒരു സമ്മേളനം കൂടി ലത്തീനീരണം ഇവിടെ അടിച്ചേൽപ്പിച്ചു. അന്നുവരെ ഇവിടെ ഉപയോഗിച്ചിരുന്ന സകല ആരാധന ക്രമങ്ങളും ഒന്നുപോലും അവശേഷിപ്പിക്കാതെ നശിപ്പിച്ചു കളഞ്ഞു. ഇതാണ് ഒന്നാം കോളനിവൽക്കരണം.

സ്വാതന്ത്ര്യ ദാഹികളായിരുന്ന നാട്ടു ക്രിസ്ത്യാനികൾ ഈ ഛിദ്രശക്തികളെ എതിർക്കുകയും 400 പേരൊഴികെ മറ്റെല്ലാ മലങ്കര നസ്രാണികളും ഒന്നായി നിന്നുകൊണ്ട് വിദേശീയരെ തള്ളിപ്പറഞ്ഞ മഹാസംഭവം 1653–ൽ മട്ടാഞ്ചേരിയിലുണ്ടായി. സഭയുടെ സ്വാതന്ത്ര്യസമരമായിരുന്നെങ്കിലും, വിദേശികൾക്കെതിരേ ആയതിനാൽ ഇത് പരോക്ഷമായി നാടിന്റെ സ്വാതന്ത്ര്യസമരം കൂടെയായിരുന്നു. ഈ സ്വാതന്ത്ര്യ ദാഹത്തെയാണ് ഒരു സ്വാതന്ത്ര്യവിരോധി ഒരു മാസികയിൽ കൂനൻകുരിശുരോഗമായി ചിത്രീകരിച്ചത്. പിന്നീട് ഇതിൽ ഭൂരിപക്ഷം നാട്ടു ക്രിസ്ത്യാനികളേയും (പ്രത്യേകിച്ച് കൊച്ചി, മലബാർ, നാട്ടുരാജ്യങ്ങളിലെ ആളുകളെ) കണ്ണുരുട്ടിയും പ്രലോഭിപ്പിച്ചും തിരിച്ചു പിടിച്ചു. ഇത് തിരുവിതാംകൂറിൽ സാധിച്ചില്ല. കാരണം, അവിടെ പോർട്ടുഗീസുകാർക്ക് അധികം സ്വാധീനം ഇല്ലായിരുന്നു. ഇതിനുശേഷം രാഷ്ട്രീയ അധികാരം നഷ്ടപ്പെട്ട പോർട്ടുഗീസുകാരെ ഇവിടെനിന്നോടിച്ചതിനാൽ മലങ്കരസഭയെ അധികം ഉപദ്രവിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും പലതരത്തിൽ സഭയെ ഉപദ്രവിച്ചുകൊണ്ടേയിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ബഥനിയിലെ ഗീവർഗീസ് ഈവാനിയോസിനെ ഈ കോളനി സഭയുമായി നടത്തിയ ചർച്ചയ്ക്ക് അയച്ചത് സഭയിൽ ഈ കോളനിസഭ വരുത്തിയ രണ്ടാമത്തെ മുറിവിന് കാരണമായി. കാതോലിക്കാ ആകുവാനുള്ള ആഗ്രഹം സാധിക്കാതെ പോയതിലുള്ള പിടിവാശിമൂലം ഇദ്ദേഹം മറ്റൊരു കോളനിയിലെ അടിയാനായി ജീവിക്കുവാൻ തീരുമാനിച്ചു. ഇതിനൊരു പേരും നൽകി, പുനരൈക്യം, പുനരൈക്യമോ, പുനഃവിഭജനമോ? ഗ്രഹിക്കുവാൻ കഴിവുള്ളവർ ഗ്രഹിക്കട്ടെ. പാൽപ്പൊടിയും ജോലിയും റോമിൽ നിന്നുള്ള കാശും നൽകി അനേകം ജനങ്ങളെ വശീകരിച്ചു. കർത്താവ് ഭരമേല്പിച്ച സുവിശേഷീകരണത്തിന്റെ ഭാഗമായിരിക്കും ഇത്, ക്രിസ്ത്യാനികളെത്തന്നെ ക്രിസ്ത്യാനികളാക്കുക. അങ്ങനെ പോകുവാൻ കാരണം സഭയിലെ വഴക്കാണെന്നും പറഞ്ഞു പരത്തി. ആദിമ സഭയിൽ ശിഷ്യൻമാരുടെ കാലം മുതൽ അഭിപ്രായ ഭിന്നതകളില്ലേ? അതൊക്കെ പരിഹരിക്കപ്പെട്ടിട്ടില്ലേ? അതിലുപരിയായി ഇവിടുത്തെ ജനങ്ങളെ തമ്മിലടിപ്പിച്ചതാരാണ്?

ഇന്നും സഭയിൽ പ്രയാസങ്ങൾ ഉണ്ട്. സുപ്രീംകോടതി വിധിപ്രകാരം മലങ്കരയിൽ ഒരു കാതോലിക്കായും ഒരു മലങ്കര മെത്രാപ്പോലീത്തായുമേയുള്ളൂ. ഒരു സഭയായി നില്ക്കണമെന്ന് ഇവിടുത്തെ അക്രൈസ്തവർ പോലും ആഗ്രഹിക്കുമ്പോൾ അതിനെതിരു നിൽക്കുന്നതാര്? കോടതി വിധി നടപ്പാക്കിത്തരണമെന്ന് മലങ്കര സഭ പറഞ്ഞപ്പോൾ മാദ്ധ്യസ്ഥം വഹിക്കാമെന്ന് ഇവിടെ പലരും പറഞ്ഞു. കോടതി വിധിയ്ക്കെതിരെ മൂന്ന് മാലയിട്ട്, ദിവന്നാസിയോസ് നിയുക്ത കാതോലിക്കായായി സ്വയം പ്രഖ്യാപിച്ചപ്പോൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് അഭിനന്ദിച്ചതാരാണ്? കോതമംഗലം മെത്രാൻ അനാവശ്യമായി സഭാകാര്യത്തിലിടപെട്ടതെന്തിന്? കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ശ്രീ മളിമഠിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചന യോഗത്തിൽ നിന്ന് വിഘടിത പക്ഷം ഏകപക്ഷീയമായി ഇറങ്ങിപ്പോയപ്പോൾ മൗനമായി നിന്ന് അനുകൂലിച്ചതാര്? ഏറ്റവുമൊടുവിൽ, കാതോലിക്കായായി വാഴിക്കരുതെന്ന് പറയാതിരുന്നതെന്തുകൊണ്ട്? ഒരേ വിശ്വാസത്തിൽ കഴിയുന്ന രണ്ടു വിഭാഗങ്ങളോട് രണ്ടുതരം സമീപനമാണ് വിദേശീയർ പുലർത്തുന്നത്. യാക്കോബായ വിഭാഗവുമായി വിവാഹ ബന്ധം അനുവദനീയമാണ്, നട്ടെല്ലുള്ള ഓർത്തഡോക്സ് സഭയോട് ആയിക്കൂടാ. കാരണം മറ്റൊന്നുമല്ല സമീപഭാവിയിൽ റീത്തായി കൊള്ളുമല്ലോ എന്ന പ്രതീക്ഷയിലാണ്. ഇതിനൊക്കെ സാമ്പത്തികവും മാനസികവുമായ സഹായ സഹകരണങ്ങൾ ചെയ്ത് സഭയെ വീണ്ടും വിഭജിക്കുവാൻ നോക്കുകയാണ് കോളനി സഭ. ഇവരുടെ കയ്യിലെ കളിപ്പാവകളാണ് വിഘടിത വിഭാഗത്തിലെ നിരക്ഷരരായ നേതൃത്വം. ഇനിയും ഈ സഭയുടെ സ്വാതന്ത്ര്യവും സ്വത്തും വിദേശീയർക്ക് അടിയറ വെയ്ക്കുവാൻ സ്വാതന്ത്ര്യബോധമുള്ള മലങ്കരസഭയുടെ സന്താനങ്ങളാരും കൂട്ടു നിൽക്കരുതെന്ന് ഓർപ്പിക്കുന്നു. ഇനിയും ഒരു പുനരൈക്യമെന്ന് പറയിക്കുവാൻ ഇപ്പോൾ വിഘടിച്ചു നില്ക്കുന്ന മലങ്കര സഭാ സഹോദരങ്ങളേ നിങ്ങൾ അനുവദിക്കരുത്. ഒറ്റക്കെട്ടായി നിന്ന് സഭയുടെ യശസ്സ് ഉയർത്തുന്നതിന് നിങ്ങളും ഒന്നിച്ച് അണിചേരുവിൻ. ●

## മലങ്കര മല്പാൻ 20–ാം പേജിൽ നിന്നു തുടർച്ച..

അന്തരിച്ചതോടെ മലങ്കര മല്പാൻ സ്ഥാനം വീണ്ടും അനാഥമായി.

മലങ്കര മല്പാനെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്തായിരുന്നു? 1903 ധനു 21–ലെ സർട്ടിഫിക്കറ്റിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ ഇതിനൊരു മറുപടി നൽകുന്നുണ്ടെന്നു കാണാം "......ഈ മലങ്കര ഇടവകയിൽ ഉൾപ്പെട്ട സുറിയാനിക്കാരിൽ ആരുടെ പക്കലും ഇത്രത്തോളം സുറിയാനി പുസ്തകങ്ങൾ ഇല്ല. ഇപ്പോൾ ഇവിടെയല്ലാതെ മറ്റെങ്ങും ഇപ്രകാരം സുറിയാനി പഠിക്കുന്ന ശിഷ്യന്മാരുടെ കൂട്ടവും ഇല്ല..... നമ്മുടെ വാത്സല്യവും ഉദ്ദേശ്യവും തെറ്റാതെ പൂർവ്വന്മാരെക്കാൾ കൂടുതൽ അറിവും, സുറിയാനി ഭാഷാജ്ഞാനവും നമ്മുടെ പുത്രനുള്ളതുകൊണ്ടും, സുറിയാനി പുസ്തകങ്ങൾ ആകട്ടെ ഭാഷാജ്ഞാനമാകട്ടെ ഇതിൽ കൂടുതലായി ഈ മലങ്കരയിലുള്ള സുറിയാനിക്കാരിൽ ആർക്കും തന്നെ ഇല്ലെന്നു പറവാൻ നാം അധൈര്യപ്പെടുന്നില്ല. അതുകൊണ്ടും നമ്മുടെ മകൻ സമുദായത്തിനും നമുക്കും പലവിധത്തിൽ ഉപകാരപ്രദമായ സ്ഥിതിയിൽ വന്നിരിക്കുന്നതുകൊണ്ടും..... ഈ നമ്മുടെ വാത്സല്യ മകനെ നാം ഹൃദയപൂർവം അനുമോദിക്കുന്നു...."


ഇനിയൊരു മലങ്കര മല്പാനെ സ്ഥാനാരോഹണം ചെയ്യുകയാണെങ്കിൽ ഈ കാലോചിതമായ പരിഷ്കാരങ്ങളോടെ മാനദണ്ഡങ്ങളും പ്രഗൽഭരായ മുൻഗാമികളുടെ പാണ്ഡിത്യ പാരമ്പര്യവും പാലിച്ചു വേണം ആ നിയമനം നടത്താൻ. ഇന്നിത് കേവലം ആലങ്കാരിക സ്ഥാനം മാത്രമാണ്. എങ്കിൽപ്പോലും ഈ നിയമനം പ്രഗൽഭരായ മുൻഗാമികളെ അവഹേളിക്കുന്നതാകരുത്. ●



# EIGHTEEN YEARS TODAY

**18-10-2002**

*In ever loving memory of*



## BRIJMON

**Theruvil - Hill View, Devalokam, Kottayam**

*Greatly Loved*
*and*
*Deeply Grieved*


**Sorrowing Mummy and Daddy**

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2002*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# *79th BIRTHDAY*

# 2nd October 2002



**H. G. DR. STEPHANOS MAR THEODOSIUS**

**DIRECTOR, ABHAYA NIKETAN**

# അഭയ നികേതൻ

## ഒരു ഗ്രാമീണ മിഷൻ പ്രവർത്തന കേന്ദ്രം

## ഭിലായ് മിഷന്റെ സഹോദരീസ്ഥാപനം

ഞങ്ങളുടെ ലക്ഷ്യം :- ഗ്രാമീണരുടെ ഉയർച്ച – ഇന്ത്യയുടെ ഉയർച്ച

ഗ്രാമീണരുടെ ഉന്നതി – ഇന്ത്യയുടെ ഉന്നതി

മക്കോഡിയായിൽ നിന്നും 85 കി.മീറ്റർ ചുറ്റളവിലുള്ള 102 ഗ്രാമങ്ങളിൽ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് കഴിഞ്ഞു.

ആവശ്യമുണ്ട് :-

* *സേവന സന്നദ്ധരായ പ്രവർത്തകരെ*
* *ഗൈനക്കോളജിസ്റ്റ്*
* Physician

കൂടുതൽ വിവരങ്ങൾക്ക്:- Fr. Shaji Mukadiyil

Vice President, Abhaya Niketan,

St. Thomas Orthodox Cathedral, 60, Ashoka Garden, Govindpura p.o.,

Bhopal, MP - 462023. Phone - (0755) 582544, 584629, 600294

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.

PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JACOB KURIAN. 7/-